6788
397
HIGH SCHOOL
Date
ERNAKULAM

ലോകമഹാൻമാർ

# ഫ്ളോറൻസ് നൈററിംഗേൽ

(ആതുരശുശ്രൂഷയിലൂടെ ജീവിതസാഫല്യം നേടിയ മഹതി)

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിററ്റ്യൂട്ട്
തിരുവനന്തപുരം

1979

6788

MUNAVIRUL ISLAM HIGH SCHOOL
Date
ERNAKULAM

ലോകമഹാൻമാർ

# ഫ്ളോറൻസ് നൈററിംഗേൽ

(ആതുരശുശ്രൂഷയിലൂടെ ജീവിതസാഫല്യം നേടിയ മഹതി)

(സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിററ്യൂട്ടിൻെറ
ആഭിമുഖ്യത്തിൽ
ശീമതി. എൻ. നളിനി തയ്യാറാക്കിയത്)

©

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിററ്യൂട്ട്
തിരുവനന്തപുരം

1979

# ഫ്ളോറൻസ് നൈററിംഗേൽ

## 1. ദിവ്യനക്ഷത്രങ്ങൾ

ഇരുണ്ട വാനിൽ നക്ഷത്രങ്ങൾ !
നക്ഷത്ര രശ്മികളിൽ മഹത്തായ ഒരു സന്ദേശം !
തമസോമാ ജ്യോതിർഗമയ!

ഇരുളിൽനിന്ന് (ലോകത്തെ) വെളിച്ചത്തിലേയ്ക്ക്
നയിച്ചാലും....!

ഈ വെട്ടം വഴിയറിയാതെ ഉഴലുന്നവർക്ക് വഴികാണി
യ്ക്കട്ടെ !

ദുഃഖിതർക്ക് ആശ്വാസമരുളട്ടെ !
ദൂരദൂരം സഞ്ചരിച്ച് നിതാന്തമായ ശാന്തിയിലേയ്ക്ക്–
മനുഷ്യനെ നയിക്കട്ടെ !

മഹത്തുക്കൾ ഇരുളിൽ പ്രകാശം ചൊരിയുന്ന ദിവ്യജ്യോതിസ്സുകളെപ്പോലെയാണ്. സഹജീവികളുടെ ജീവിതം എത്രമേൽ ദുരിതങ്ങളും യാതനകളും നിറഞ്ഞതാണെന്ന് ഇവർ സഹാനുഭൂതിയോടെ കണ്ടറിഞ്ഞു. ആ പീഡിതാത്മാക്കളെ അവരുടെ ദുരിതാവസ്ഥയിൽ നിന്നും വിമോചിപ്പിയ്ക്കാനുള്ള കഠിന തപസ്സായിട്ടാണ് ഇത്തരം മഹാത്മാക്കൾ സ്വന്തം ജീവനെ കണ്ടത്.

തങ്ങളെ ദ്രോഹിച്ചവരെപ്പോലും അവർ സ്നേഹിച്ചു. ഒരു പരാതിയുമില്ല. ആരോടും പരിഭവമില്ല. മനുഷ്യത്വത്തിൻെറ ഈ മഹാ തേജസ്സുകളെപ്പററിയുള്ള പഠനം നമുക്ക് അറിവും ആനന്ദവും നല്കുന്നു.

1820 ഇററലിയിലെ ഫ്ളോറൻസിൽ ഒരു ദിവ്യനക്ഷത്രം ഉദയം ചെയ്തു. തേജസ്വിനിയായ പെൺകുഞ്ഞ്. സുഖത്തിൻെറയും സമ്പത്തിൻെറയും നടുവിൽ അവൾ വളർന്നു. മാതാ

പിതാക്കളുടെ ലാളനയും വാൽസല്യവും വേണ്ടുവോളമനുഭവിച്ചു പക്ഷേ ഓർമ്മവച്ച നാാംമുതൽ ആ സുഖങ്ങളിൽ നിന്നെല്ലാം അവരം മെല്ലെമെല്ലെ അകന്നു. രോഗവും ദാരിദ്ര്യവും മൂലം കഷ്ടപ്പെടുന്നവരുടെ ഇടയിലേയ്ക്ക് അവരം ഇറങ്ങിച്ചെന്നു. ആതുരശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ചു. അവരുടെ മഹത്ത്വം ലോകം മുഴുവൻ പരന്നു. ആ പാവന ചരിത്രം നിങ്ങാംക്ക് മാർഗ്ഗദർശകമായിരിയ്ക്കട്ടെ!

## 2. ഫ്ളോറൻസ് നഗരം അനശ്വരമാകുന്നു

ജൂലൈ മാസത്തിലെ കുളിരുള്ളൊരു സായാഹ്നം. ചാററൽ മഴയിൽ കുതിർന്നു നിൽക്കുന്ന പ്രകൃതി. ഇലകളിൽ നിന്നും നീർത്തുള്ളികരം ഇററിററുവീഴുന്ന ശബ്ദം. മേഘപാളികരംക്കിടയിലൂടെ ഇടയ്ക്കിടെ എത്തിനോക്കുന്ന പോക്കുവെയിൽ മലംചരുവുകളിൽക്കൂടി കീഴോട്ടൊഴുകിയ കൊച്ചരുവികരം വെള്ളിരേഖകരംപോലെ മിന്നിത്തിളങ്ങി. താഴെ ശാന്തമായ തടാകങ്ങളിൽ അരയന്നങ്ങരം നീന്തിക്കളിച്ചു. തടാകങ്ങളുടെ തീരത്ത് കൂട്ടം കൂട്ടമായി വിടർന്നു നിൽക്കുന്ന പാടലനിറമായ ഡാഫൊഡിൽസ് പുഷ്പങ്ങരം. ജാസ്മിൻ പൂക്കളുടെ നറുമണം നിറഞ്ഞ ഈറൻകാററ് ഫ്ളോറൻസിലെ ഒരു ഇടത്തരം ബംഗ്ലാവിൻെറ ജനൽപ്പാളികരംക്കുള്ളിലൂടെ അകത്തുവന്നു.

മനോഹരമായി അലങ്കരിച്ച ഒരു സ്വീകരണ മുറിയായിരുന്നു അത്. ജനൽപ്പാളികളിൽ ആകർഷകമായി പൂക്കരം തുന്നിപ്പിടിപ്പിച്ച ഇളംനീലക്കർട്ടനുകരം കാററിലാടി. മുറിയുടെ ഒരു കോണിൽ ഇളം മഞ്ഞനിറത്തിലുള്ള 'ക്രിസാന്തിമാ'പ്പൂക്കരം കൊണ്ട് അലങ്കരിച്ച ഫ്ളവർപോട്ട്. പഞ്ഞിയും തൂവലുമുപയോഗിച്ച് വിശിഷ്ടരീതിയിൽ ഉണ്ടാക്കിയപക്ഷികരം തട്ടുകളിൽ നിരത്തി വച്ചിരുന്നു. ഭിത്തികളിൽ വൃത്താകൃതിയിൽ ചെത്തിയുണ്ടാക്കിയ 'വോാംപ്ളെയ്ററു'കളിൽ പച്ചയും മഞ്ഞയും ഇടകലർന്ന പൂക്കളും ഇലകളും. അകത്തേയ്ക്കുള്ള കവാടത്തിന് തൊട്ടുമുകളിൽ, അതിഥികളെ സ്വാഗതം ചെയ്യുന്ന ഏതാനും അക്ഷരങ്ങരം കറുത്ത മുത്തുമണികരം കോർത്ത് രൂപപ്പെടുത്തിയിരി

യ്ക്കുന്നു. ചുമരിനോടു ചേർത്ത് പ്രത്യേകമായി ഉണ്ടാക്കിയ സ്റ്റാൻഡിൽ ക്രിസ്തുദേവന്റെ ഒരു പടവും. സമീപത്ത് കത്തുന്ന ഒരു മെഴുകുതിരിയും ഉണ്ടായിരുന്നു. മനോഹരമായ ആ സൽക്കാരമുറിയിൽ വില്ല്യം എഡ്‌വേഡ് നൈററിംഗ്‌ഗേലും ഫാനിനൈററിംഗ്‌ഗേലും ഇരിയ്ക്കുന്നു ഏതോ രസകരമായ സംഭാഷണത്തിൽ മുഴുകിയിരിയ്ക്കുകയാണ് അവർ. സമീപത്തു തന്നെ കട്ടികൂടിയ ഒരു കൊച്ചുകിടക്കയിൽ നനുത്തവസ്ത്രം കൊണ്ടു പൊതിഞ്ഞ ഒരു പിഞ്ചുകുട്ടി. ചുവന്നുതുടുത്ത കൊച്ചു ചുണ്ടുകൾ. തിളങ്ങുന്ന കുഞ്ഞിക്കണ്ണുകൾ. അൽപം നീണ്ട മൂക്ക്. തവിട്ടുനിറത്തിലുള്ള കുനുകുനുത്ത തലമുടി. അച്ഛനുംഅമ്മയും സന്തോഷത്തോടെ കൊച്ചുമകളുടെ മുഖത്തുനോക്കി.

'നോക്കൂ, എഡ്‌വേർഡ് നമ്മുടെ കൊച്ചു മകൾ എത്ര സുന്ദരിയാണ് !' അമ്മ പതുപതുത്ത ആ കൈപ്പടത്തിൽ ഒരുമ്മ കൊടുത്തു,

വില്യം എഡ്‌വേർഡ് ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു 'അതേ, നിന്നെപ്പോലെ. !'

ഫാനിയുടെ മുഖം ലജ്ജകൊണ്ട് തുടുത്തു. പ്രേമപൂർവ്വം അവർ എഡ്‌വേർഡിനെ നോക്കി. തന്നെത്തന്നെ ഉററു നോക്കുന്ന ഭർത്താവിനോടു പെട്ടെന്നവർ പറഞ്ഞു.

'എഡ്‌വേർഡ്, നമ്മുടെ കുഞ്ഞിന് ഞാനൊരു പേര് കണ്ടുവച്ചിട്ടുണ്ട്' അവർ കുഞ്ഞിന്റെ കവിളിൽ മൃദുവായി തലോടി.

'ഞുഹും ! എന്താണത്?' എഡ്‌വേർഡ് ജിജ്ഞാസയോടെ ചോദിച്ചു.

'നേപ്പിൾസിൽ പിറന്ന മൂത്തവൾക്ക് പാർത്തെനോപ്പ് എന്ന് നാം പേരിട്ടു. ഇവളുടെ ജനനം ഫ്ളോറൻസിലല്ലെ. ഇവളെ ഞാൻ 'ഫ്ളോറൻസ്' എന്നു വിളിയ്ക്കും. അവർ വാത്സല്യത്തോടെ കുഞ്ഞിന്റെ ചെവിയിൽ മന്ത്രിച്ചു— 'ഫ്ളോറൻസ്. ഫ്ളോറൻസ്.'

## 3. ഒരു കുടുംബം ജനിയ്ക്കുന്നു.

1818 ലാണ്‌ വില്യം എഡ്‌വേഡ്‌ നൈററിംഗേൽ ഫാനി സ്‌മിത്തിനെ വിവാഹം കഴിച്ചത്‌. സ്‌മിത്തുകളുടെ കുടുംബം ഇംഗ്‌ളണ്ടിലെ എണ്ണപ്പെട്ട കുടുംബങ്ങളിൽ ഒന്നായി ഗണിയ്‌ക്കപ്പെട്ടിരുന്നു. സ്‌മിത്ത്‌ കുടുംബത്തിൽ വളരെ പ്രാധാന്യമർഹിയ്‌ക്കുന്ന ഒരു വ്യക്‌തിയാണ്‌ ഫാനിസ്‌മിത്ത്‌. സദാ പ്രസന്നമായ പ്രകൃതം. അത്യധികമായ പ്രസരിപ്പ്‌. മധുരമായ സംഭാഷണം. സുഖവും സന്തോഷവും മാത്രം അവർ ഇഷ്‌ടപ്പെട്ടു. വിവാഹം കഴിഞ്ഞയുടനെ ഒരു വിദേശ പര്യടനത്തിന്നായി അവർ യൂറോപ്പിലേയ്‌ക്കു പോയി. അവിടെവച്ചാണ്‌ പാർത്തെനോപ്പും ഫ്‌ളോറയും ജനിച്ചത്‌.

ഉദ്‌ദേശം മൂന്നു കൊല്ലത്തോളം നൈററിംഗേൽ ദമ്പതികൾ വിദേശത്ത്‌ താമസിച്ചു. ഇതിനകം ഇംഗ്‌ളണ്ടിലേയ്‌ക്കു തിരിച്ചു പോകുവാൻ ഫാനി നിർബന്‌ധിച്ചു തുടത്തി. ഇംഗ്‌ളണ്ടിൽ അവർക്ക്‌ സ്വന്തമായ ഒരു ഭവനം ഇല്ലായിരുന്നു. തന്‌മൂലം, ഫാനിയുടെ ഇംഗിതത്തെ പരിഗണിച്ച്‌ ഒരു ഭവന നിർമ്മാണത്തിനായി എഡ്‌വേർഡ്‌ ഇംഗ്ലണ്ടിലേയ്‌ക്ക്‌ പറന്നു. ഭവന നിർമ്മാണം പൂർത്തിയാകുന്നതുവരെ ഫാനിയും കുഞ്ഞുങ്ങളും ഫ്‌ളാറൻസിൽത്തന്നെ താമസിച്ചു.

ഞങ്ങൾക്ക്‌ താമസിയ്‌ക്കാൻ പററിയ ആരോഗ്യപ്രദമായ ഒരു സ്‌ഥലം കണ്ടുപിടിയ്‌ക്കുന്നതിലായി എഡ്‌വേർഡ്‌ നൈററിം ഗേലിന്റെ ശ്രമം. അവസാനം, 'ഡെർബിഷയർ' എന്ന സ്‌ഥലത്ത്‌ മനോഹരമായ ഒരു ഭവനം നിർമിയ്‌ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്‌തു. നല്ലൊരു ശില്‌പകലാ വിദഗ്‌ദ്‌ധനായിരുന്നു എഡ്‌വേർഡ്‌ നൈററിംഗേൽ. ആ വീടിന്റെ ഒരു മാതൃക തനിയ്‌ക്ക്‌ ഇഷ്‌ടപ്പെട്ട രീതിയിൽ അദ്‌ദേഹം ആസൂത്രണം ചെയ്‌തു. 'ലീഹഴ്‌സ്‌ററ്‌' എന്നായിരുന്നു ആ ഭവനത്തിന്‌ പേര്‌. അതിന്റെ പണികളെല്ലാം ഒരു വിധം പൂർത്തിയായതോടെ നൈററിംഗേൽ ദമ്പതികൾ ഇംഗ്‌ളണ്ടിലേയ്‌ക്കു തിരിച്ചു. അവർ ലീഹഴ്‌സ്‌ററിൽ തങ്ങളുടെ കുടുംബജീവിതം ആരംഭിച്ചു. ഒരു കുടുംബം അങ്ങിനെ പിറക്കുകയായി.

'ലീഹഴ്സ്ററിൽ' താമസം തുടങ്ങി അധികം കഴിയുന്നതിനുമുമ്പ് അവിടത്തെ താമസത്തിൽ ഫാനി അസന്തുഷ്ടി പ്രകടിപ്പിയ്ക്കാൻ തുടങ്ങി. നൂറു കൂട്ടം പരാതികൾ അവർ ഉന്നയിച്ചു ഫാനിയെ സംബന്ധിച്ചിടത്തോളം തികച്ചും 'വിജന'മായിരുന്നു ആ സ്ഥലം. അതിശൈത്യം മൂലം കുട്ടികൾക്ക് ശ്വാസകോശ രോഗം പിടിപെട്ടു. ഇതിനെല്ലാം ഉപരി അതൊരു കൊച്ചു വീടാണെന്ന് ഫാനി കുറപ്പെടുത്തി. ലീഹഴ്സ്ററു–തങ്ങൾക്ക് തീരെ അപര്യാപ്തമാണെന്ന് അവർ ഭർത്താവിനെ ബോധ്യമാക്കി. 1825–ൽ ഫാനിയുടെ ഇഷ്ടാനുസരണം അതി മനോഹരമായ ഒരു ഭവനം എഡ്വേർഡ് കണ്ടെത്തി. ലണ്ടൻ നഗരത്തിന് തൊട്ടടുത്തു കിടക്കുന്ന 'ഹാംപ്ഷയർ' എന്ന സ്ഥലത്തായിരുന്നു ആ മന്ദിരം നിർമ്മിച്ചിരുന്നത്. വീടിനു ചുററും വിശാലമായ അങ്കണങ്ങളും പൂന്തോട്ടങ്ങളും ഉണ്ടായിരുന്നു. അവയ്ക്കുമപ്പുറത്ത് ഫലവൃക്ഷങ്ങൾ ഇടതിങ്ങി വളരുന്ന വലിയൊരു തോപ്പ്. സായാഹ്നങ്ങളിൽ അവയ്ക്കിടയിലൂടെ സവാരിയ്ക്കിറങ്ങുന്നത് വളരെ ആഹ്ലാദ പ്രദമായ ഒരു കാര്യമായിരുന്നു. ഫാനിയുടെ അഭിലാഷങ്ങൾക്കൊത്ത ഭവനം. ജോർജിയൻ ഘട്ടത്തിലെ മണിമന്ദിരങ്ങളിൽ വച്ച് ഏററവും ഉൽകൃഷ്ടമായ മാതൃകയിലായിരുന്നു 'എംപ്ളീ പാർക്ക്' എന്ന ഈ കെട്ടിടം നിർമ്മിച്ചിരുന്നത്. എഡ്വേർഡ് നൈററിംഗ്ഗേൽ അതു വിലയ്ക്കു വാങ്ങിയ്ക്കുകയാണ് ഉണ്ടായത്.

ഫാനി തികച്ചും സന്തുഷ്ടയായി കാണപ്പെട്ടു. തങ്ങളുടെ ജീവിതം വർണ്ണശബളമാക്കിത്തീർക്കുവാൻ അവർ പരമാവധി ശ്രമിച്ചു. അവർക്ക് അതിഥികളുണ്ടായി. സന്ദർശകരുണ്ടായി. നല്ല അയൽക്കാരുണ്ടായി. അവർ അത്യധികം പ്രസരിപ്പോടെ ഓടിനടന്നു. തൻെറ ഓരോ ചലനവും അതിഥികളെയും സന്ദർശകരെയും സന്തോഷിപ്പിയ്ക്കുന്ന വിധത്തിലാകണമെന്ന കാര്യത്തിൽ അവർ പ്രത്യേകം മനസ്സിരുത്തി. അവരുടെ ആ പ്രവൃത്തികൾക്ക് മററൊരു ഉദ്ദേശവും ഉണ്ടായിരുന്നു. തൻെറ കുട്ടികൾ തന്നെപ്പോലെത്തന്നെ പ്രാഗല്ഭ്യവും ചുറുചുറുക്കുമുള്ളവരാകണം. എങ്കിലേ നല്ല പ്രായങ്ങളിൽ സമുദായ മദ്ധ്യത്തിൽ അവർ ശോഭിയ്ക്കുകയുള്ളൂ.

ഒരു വിക്ടോറിയൻ പ്രഭ്വിയ്ക്കു വേണ്ട എല്ലാ പ്രത്യേകതകളും ഫാനിയ്ക്കുണ്ടായിരുന്നു. അവർ ഒരു പ്രത്യേക സ്വഭാവക്കാരിയായിരുന്നു. അന്നത്തെ പാശ്ചാത്യ സമുദായത്തിൻെറ ആചാരമര്യാദകളിൽ കടുകിട വ്യത്യാസം വരുത്തുവാൻ അവർ തയ്യാറായിരുന്നില്ല. വീടും പരിസരവും ഭംഗിയായി അലങ്കരിയ്ക്കുക ,അതിഥികളെ മികച്ചരീതിയിൽ സൽക്കരിക്കുക, ആകർഷകമായ രീതിയിൽ സംസാരിയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ അവർ അസാധാരണമായ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചു. ഫാനിയുടെ സുസൂക്ഷ്മമായ മേൽനോട്ടത്തിൽ കുട്ടികൾ വളർന്നു. ഫ്ളോ'യ്ക്ക് അഞ്ചുവയസ്സായി. നൈററിംഗേൽ കുടുംബത്തിൻെറ ജീവിതരീതികൾക്ക് ഒരടുക്കും ചിട്ടയും കൈവന്നു.

ഉഷ്ണക്കാലത്ത് ആ കുടുംബം 'ലീഹഴ്സ്ററിൽ' താമസിയ്ക്കും. മഞ്ഞുകാലം തുടങ്ങുന്നതോടെ അവർ 'എംബ്ളി പാർക്കി'ലേയ്ക്ക് തിരിച്ചുവരും. ഇതിനിടെ വസന്തത്തിലോ ഗ്രീഷ്മത്തിലോ ഒന്നു രണ്ടു പ്രാവശ്യം അവർ ലണ്ടൻ സന്ദർശിയ്ക്കുകയും ചെയ്തിരുന്നു. തികച്ചും ആനന്ദ പൂർണ്ണമായ ജീവിതം.

## 4. ഏകാന്തതയിലെ നായിക

ഒരു ഒഴിവുദിവസം. എംബ്ളിപാർക്കിൽ ബന്ധുജനങ്ങളുടെ ഒരു പ്രവാഹമാണ്. ഉൽസാഹവും ആനന്ദവും അവിടമെങ്ങും അലതല്ലി. 'പാർത്തെ'യ്ക്ക് ഇതെല്ലാം രസകരമായി ത്തോന്നി. കൊച്ചു'ഫ്ളോ' ആകട്ടെ ഇതിൽ നിന്നെല്ലാം ഒഴിഞ്ഞുനിന്നു. തന്നെക്കുറിച്ചു് ചില വികലധാരണകൾ ആ പിഞ്ചുമനസ്സിൽ കടന്നുകൂടി. താൻ ഏതോ ഒരു വികൃത ജീവിയാണെന്നും ആ രഹസ്യം മററാരെങ്കിലും കണ്ടുപിടിച്ചേക്കുമെന്നുമായിരുന്നു ആ കുരുന്നുമനസ്സിൻെറ വേദന. ആരെങ്കിലും തൻെറ മുഖത്തു നോക്കുന്നതുപോലും അവൾക്ക് അസഹ്യമായി ത്തോന്നി. അജ്ഞാതമായ ഏതോ ദുഃഖം ആ പിഞ്ചുകുട്ടിയെ അലട്ടി. അവൾ ഒഴിഞ്ഞ്, ഒരിടത്ത് നിശ്ശബ്ദയായിനിന്നു. അവിടെ എന്തെക്കെയാണ് നടക്കുന്നത്? ചിറകുള്ള ഉടുപ്പിട്ട് ഓടിനടക്കുന്ന പാർത്തെ. അതിഥികളെ കയ്യുകുലുക്കിയും ആലിം

ഗനം ചെയ്തും സ്വീകരിയ്ക്കുന്ന അമ്മ. തീൻമേശയ്ക്കുചുററും തിരക്കിട്ട് വിഭവങ്ങരം ഒരുക്കുന്ന ഭൃത്യന്മാർ. പുറത്ത് വളകി ലുക്കം പോലുള്ള പൊട്ടിച്ചിരികരം. ഹോ! എന്തൊരു ബഹളം! അച്ഛൻ അമ്മയുടെ ഓരോ ചലനവും സൂക്ഷിച്ചു നോക്കി നിൽക്കുന്നു.

അച്ഛന് അമ്മയെ എന്തൊരു ഇഷ്ടമാണ്! അതുകൊണ്ടല്ലേ അമ്മയെ നോക്കി പുഞ്ചിരി പൊഴിയ്ക്കുന്നത്? ഫ്ളോയുടെ പിഞ്ചുമനസ്സ് വിങ്ങിപ്പൊട്ടി. കൈവിരൽ കടിച്ച് തലയും താഴ്ത്തി ഒച്ചയും അനക്കവും ഉണ്ടാക്കാതെ അവരം തിരിഞ്ഞുനടന്നു. ആ കുഞ്ഞിക്കാലുകരം കോണിപ്പടികരം ഒന്നൊന്നായിക്കയറി മുകളിലെത്തി. കസേരയുടെ ഒരു ഭാഗത്ത് കയ്യുകരം അമർത്തി തലയുംചരിച്ച് അവരം ഇരുന്നു. ആ കൊച്ചു കണ്ണുകളിലെ തിളക്കമെവിടെ ? പൊട്ടിച്ചിരികളും ബഹളങ്ങളും എത്രയോ അകലെയാണ്. അവളുടെ പിഞ്ചുമനസ്സിന് ചിറകുകരം മുളച്ചു. തുമ്പികളും പൂമ്പാററകളും പാറിനടക്കുന്ന ഒരു ലോകത്തിലേയ്ക്ക് അത് പറന്നുയർന്നു. ക്രമേണ ആ കൺപോളകരം കനംതൂങ്ങി. പാവം കുട്ടി! ഏതുമൊന്നുമറിയാതെ ഒരു മയക്കത്തിലേയ്ക്ക് അവരം മെല്ലെ ചാഞ്ഞു.

രാത്രിയാകുന്നതോടെ അതിഥികരം ഓരോരുത്തരായി പിരിഞ്ഞു. ടാററാ പറഞ്ഞു, പാർത്തെയുടെ കയ്യുകരം കുഴഞ്ഞിട്ടുണ്ടാവും. പെട്ടെന്നാണ് അനുജത്തിയെക്കുറിച്ചോർമ്മവരുക അവരം ആശങ്കയോടെ തിരഞ്ഞു 'ഫ്ളോ എവിടെ ? ഓ. കള്ളിപ്പെണ്ണ്. അവരം സൂത്രത്തിൽപോയി പാവയെ ശുശ്രൂഷിയ്ക്കുകയാവും. കാലത്ത് തനിയ്ക്കൊരു രസം തോന്നി ഒരൊററ കുത്ത്. പാവയുടെ ഒരു കയ്യൊടിഞ്ഞു. അയ്യ! കയ്യൊടിഞ്ഞ പാവക്കുട്ടി. ഒന്നിനും കൊള്ളാത്ത പാവക്കുട്ടി പിന്നെ, ഒരേറാണ് നിലത്തേയ്ക്ക്. ടങ്കിൽ ടങ്കിൽ ലിററിൽ സ്ററാർ .. കുപ്പായത്തിനററം പിടിച്ചു താനൊന്നു നൃത്തംവച്ചു. ഫ്ളോയുടെ മുഖം അപ്പോരം കാണേണ്ടതായിരുന്നു. പാവക്കുട്ടിയുടെ ഒടിഞ്ഞ കയ്യുമെടുത്ത് വിഷണ്ണയായി നിൽക്കുന്നു. അവളുടെ പുറത്ത് അല്പം അമർത്തി ഒരു നുള്ളു കൊടുത്ത് താനവിടം വിട്ടതാണ്. പിന്നെ പാലും ബിസ്ക്കററും കഴിയ്ക്കാൻ മമ്മി വിളിച്ചപ്പോഴും ആ കുറുമ്പിപ്പെണ്ണ് അവിടെത്തന്നെ ഇരുന്നു. മണ്ടി. 'പാർത്തെ ഓടി

പ്പോയി കിടപ്പുമുറിയിലും കളിസ്ഥലത്തും നോക്കി. എല്ലായിടവും പരിശോധിച്ചു. എവിടെ കൊച്ചുഫ്ളോ ? 'മമ്മാ'. അവാം അമ്മയെ നീട്ടിവിളിച്ചു.

കസേരയിൽ ചാഞ്ഞു കിടന്ന് ഉറങ്ങുന്ന മകളെ അല്പം ബുദ്ധിമുട്ടിയാണ് അമ്മ കണ്ടു പിടിച്ചത്. ഒററയ്ക്കു കിടക്കുന്ന ഓമനമകളെക്കണ്ടപ്പോാം അവരുടെ ഉള്ളു പിടഞ്ഞു. ഫ്ളോ. എൻെറ കുട്ടീ. പെട്ടെന്ന് അവർ കുട്ടിയെ എടുത്ത് മാറോടണച്ചു. മൂർദ്ധാവിൽ തെരെതെരെ ചുംബിച്ചു. ശൈശവത്തിൻെറ നിഷ്കളങ്കമായ മുഖഭാവത്തോടെ തളർന്നു കിടന്നുറങ്ങുന്ന പിഞ്ചോമനയെ അവർ ഏറെനേരം നോക്കിയിരുന്നു. ആ കൺപീലികളിലെ നനവു അവരുടെ ഹൃദയത്തെ ആർദ്രമാക്കി. പാർത്തെയെക്കൂടി തന്നിലേയ്ക്ക് അടുപ്പിച്ച് ഇടറിയ സ്വരത്തോടെ അവർ മന്ത്രിച്ചു. 'പിഞ്ചോമനകളേ, നിങ്ങാംക്കു വേണ്ടി മാത്രം ഈ അമ്മയും അച്ഛനും ജീവിയ്ക്കുന്നു.'

ഫ്ളോയുടെ മനോവേദന ദിവസം ചെല്ലുംതോറും കൂടുകയേ ചെയ്തുള്ളൂ. ഈ ബംഗ്ലാവിലെ ആഡംബരപൂർണ്ണമായ ജീവിതത്തിൽ ലയിക്കാൻ തനിയ്ക്ക് അർഹതയില്ലെന്നുപോലും അവാംക്കു തോന്നിത്തുടങ്ങി. അവാം പലപ്പോഴും ഏതോ ആലോചനകളിൽ മുഴുകും. ചിലപ്പോാം തന്നോടു താന്നെ കഥ പറയും, ഈ കഥയിലെ നായിക താൻ തന്നെ. കിനാവുകാം ആ ലോല ഹൃദയത്തിന് എന്തെന്നില്ലാത്ത ആശ്വാസം പകർന്നു.

കേവലം ബാല്യദശയിൽ എത്തിയ കുട്ടി. അവാംക്ക് ഈ ഏകാന്തത എത്രത്തോളം താങ്ങാനാകും ? തൻെറ ഗവർണ്ണസ്സായ 'മിസ് ക്രിസ്ററി', അച്ഛൻെറ ഇളയ സഹോദരി 'ആൺടുമാ' എന്നിവരോടു മാത്രം പറഞ്ഞു ഫലിപ്പിയ്ക്കാൻ കഴിയാത്ത ഒരു വികാരമാണ് ആ കുഞ്ഞിനുണ്ടായിരുന്നത്. അല്പ കാലത്തിനുശേഷം പ്രിയപ്പെട്ട ഇവരുടെ വേർപാട് താങ്ങാനാകാത്ത വേദനകളുടെ ലോകത്തിലേയ്ക്ക് വീണ്ടും അവളെ തള്ളിയിട്ടു. മനസ്സും ശരീരവും ഒരുപോലെ തളർന്ന കൊച്ചുഫ്ളോ വീണ്ടും ഏകാന്തതയിലെ നായികയായി. കിനാവുകാം.! അതുമാത്രമായി അവളുടെ ലോകം.

## 5. സ്വർഗ്ഗത്തിൽനിന്ന് ഒരു സന്ദേശം

അച്ചൻെറ ഇരുവശത്തുമായി അവർ നടന്നു, പാർത്തെ അച്ചൻെറ കയ്യിൽത്തൂങ്ങിയിരുന്നു. കൊച്ചുഫ്ളോ പിതാവിനോടൊപ്പം നടന്നതേയുള്ളൂ ! അവരുടെ വളർച്ചയോടൊപ്പം അവർ തമ്മിലുള്ള അന്തരവും വളർന്നു. പാർത്തേയ്ക്ക് എപ്പോഴും വിധേയത്വമായിരുന്നു. ഫ്ളോ ആകട്ടെ സ്വന്തമായ വ്യക്തിത്വം കാണിയ്ക്കാൻ തുടങ്ങി. അവൾക്ക് തൻേറതായ ചിന്തകളുണ്ട്, വീക്ഷണങ്ങളുണ്ട്, അഭിപ്രായങ്ങളുണ്ട്. അച്ചൻ കഥ പറയുമ്പോൾ പാർത്തെ മൂളിക്കേൾക്കും. കഥ കഴിയുമ്പോൾ അവൾ 'ഊഹേയ്' എന്നു വിളിച്ചു കൂവും. കൈകൊട്ടിച്ചിരിയ്ക്കും. അവൾ എല്ലാക്കാര്യത്തിലും സന്തുഷ്ടയാണ്. സന്തോഷിക്കാൻ മാത്രമറിയാവുന്ന ഒരു കൊച്ചു മനസ്സാണ് അവളുടെത്. ഈ സന്ദർഭത്തിൽ ഫ്ളോ ആലോചിയ്ക്കുകയാവും. അവർ എന്തിനാണ് യേശുക്രിസ്തുവിനെ ക്രൂശിച്ചത്. എന്തിനാണ് ചാട്ടവാറുകൊണ്ടടിച്ചത്. അദ്ദേഹത്തിന് നൊന്തിരിയ്ക്കില്ലേ. ദൈവം ഇത് കണ്ട് മിണ്ടാതിരിന്നത് എന്താണ്?' മനസ്സിന് വല്ലാത്ത ഭാരം. ആ ചാട്ടവാറുകൾ സ്വന്തം ശരീരത്തിൽക്കിടന്നു പുളയുന്നതുപോലെ അവൾക്കു തോന്നി. അല്ലെങ്കിലും ദു:ഖിയ്ക്കുമ്പോൾ ആരുമില്ലല്ലോ സഹായത്തിന്. അവൾ നിശ്ശബ്ദമായി അച്ചനെ പിൻതുടർന്നു.

തൻെറ മകളുടെ മനോഗതികളെ ആ വൽസലപിതാവ് ശരിയ്ക്കും കണ്ടറിഞ്ഞു. ബാലമനസ്സുകളിലേയ്ക്ക് കടന്നു ചെല്ലുക അദ്ദേഹത്തിന് ഒരു വിനോദമായിരുന്നു. അദ്ദേഹം സമർത്ഥമായി അവയെ പരുവപ്പെടുത്തിയെടുത്തു. ചിലപ്പോൾ കഥകൾ; ചിലപ്പോൾ വിജ്ഞാനപ്രദങ്ങളായ സംഭാഷണങ്ങൾ ചിലപ്പോൾ ബുദ്ധിപൂർവ്വകമായ ചോദ്യങ്ങൾ. ചിലപ്പോൾ പ്രകൃതിയാവും സംഭാഷണവിഷയം. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഫ്ളോയുടെ മനസ്സിന് എന്തെന്നില്ലാത്ത ആഹ്ളാദം പകർന്നു. താനും ഒരു നക്ഷത്രമായെങ്കിൽ. അൽപ്പം വെളിച്ചം പകർന്നു കൊടുക്കാൻ തനിയ്ക്കും കഴിഞ്ഞെനേ. അവൾ വിഷാദത്തോടെ ഓർക്കും. 'എനിയ്ക്കതിന് കഴിഞ്ഞില്ലല്ലോ.' നിരാശകൊണ്ട് അവളുടെ മുഖം മങ്ങും.

പിതാവിന്റെ സാമീപ്യം ഫ്ളോ കൂടുതൽ ഇഷ്ടപ്പെടുവാൻ
തുടങ്ങി. അദ്ദേഹത്തിന്റെ ഉപദേശങ്ങളും കഥകളും അവളുടെ
മനസ്സിനെ ഉത്തരോത്തരം വളർത്തി. ഒരു പുതിയ ആത്മവി
ശ്വാസം അവളിൽ നാമ്പെടുത്തു. പുസ്തകങ്ങളുമായി കൂടുതൽ
അടുത്തു. അവ തന്റെ ഏകാന്തതയിലെ ഉററ സുഹൃത്തുക്കളാ
യിത്തീർന്നു, ധാരാളം ചിന്തിച്ചു. അനവധികാര്യങ്ങൾ മനസ്സി
ലാക്കി. ലജ്ജ കുറേശ്ശകുറേശ്ശയായി അവളെ വിട്ടകന്നു. ആ
ഗൃഹത്തിൽ സായാഹ്ന സദസ്സുകൾ കൂടുകയായി. ഫ്ളോ
അതിൽ സജീവമായി പങ്കെടുത്തു. പലപ്പോഴും ചോദ്യോത്തരങ്ങൾ
കൈമാറി. ഫ്ളോ അസാധാരണമായ ബുദ്ധിസാമർത്ഥ്യം
പ്രകടിപ്പിച്ചു. കിനാവ് ഇപ്പോൾ എത്രയോ അകലെയാണ്.!

കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കൾ വളരെ
യധികം താത്പര്യം പ്രദർശിപ്പിച്ചു. വെറും സാധാരണ മട്ടി
ലുള്ള വിദ്യാഭ്യാസം തങ്ങളുടെ മക്കൾക്ക് പോരെന്ന് അവർ തീരു
മാനിച്ചു. കുട്ടികളുടെ ബുദ്ധിപരമായ കാര്യങ്ങളിൽ അച്ഛനും
ആചാരമര്യാദകൾ അഭ്യസിയ്ക്കുന്ന കാര്യത്തിൽ അമ്മയും നിർ
ബന്ധബുദ്ധികളായിരുന്നു. അതിനു കഴിവുള്ള ഒരു അദ്ധ്യാ
പികയെക്കിട്ടുക പ്രയാസമായിരുന്നു. അവസാനം അച്ഛൻ
തന്നെ മക്കളുടെ വിദ്യാഭ്യാസം ഏറെറടുത്തു. ഗ്രീക്ക്, ലാററിൻ,
ജർമ്മൻ, ഫ്രഞ്ച്, ഇററാലിയൻ എന്നീ ഭാഷകളും ചരിത്രവും
തത്വശാസ്ത്രവും അവർ പിതാവിൽ നിന്നും പഠിച്ചു. സംഗീ
തവും ചിത്രകലയും പഠിപ്പിയ്ക്കാൻ ഒരു 'മിസ്ട്രസ്സി'നെ
ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. ഫ്ളോ കഠിനമായി അദ്ധ്വാ
നിച്ചു. പാർത്തെ സൂത്രത്തിൽ ഇതിൽ നിന്നും ഒഴിഞ്ഞു മാറി.

ഫ്ളോറൻസിന് പതിനാറുവയസ്സു തികഞ്ഞു. സമുദായ
വുമായി തങ്ങളുടെ മക്കളെ അടുപ്പിക്കണം. വസ്ത്രധാരണ
ത്തിലും സംഭാഷണത്തിലും, പെരുമാററത്തിലും വളരെ
യധികം ശ്രദ്ധിയ്ക്കണം. മററുള്ളവരുമായി ഇടപഴകാനും
ഏററവും കൂടുതൽ പ്രീതി സമ്പാദിയ്ക്കുവാനും പ്രത്യേക കഴി
വുവേണം. ലണ്ടൻ നഗരത്തിൽ സ്വീകരണങ്ങൾക്കും ' സൽക്കാര
ങ്ങൾക്കും പററിയ ഒരു ഭവനം വേണമെന്ന് ഫാനി ആശിച്ചു.
പക്ഷേ എംബ്ളിപാർക്കിൽത്തന്നെ അതിനുള്ള സൗകര്യങ്ങൾ

ഉണ്ടാക്കുവാൻ പിന്നീട് അവർ തീർച്ചയാക്കി. കൂടുതൽ വിപുലമായ സ്വീകരണ മുറികളും സൗകര്യപൂർണ്ണമായ പാചകശാലകളും പണിയണം. എംബ്ളിപാർക്കും പരിസരവും അത്യധികം ആകർഷകമാക്കണം. ഈ പണികൾ നടക്കുന്ന സന്ദർഭത്തിൽ ഒരു യൂറോപ്യൻ പര്യടനത്തിനു പോകാൻ നൈററിങ്ഗേൽ കുടുംബം തീരുമാനിച്ചു. യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തീരക്കിട്ട് നടന്നു കൊണ്ടിരിയ്ക്കുകയാണ്. ഈ സന്ദർഭത്തിൽ ഫ്ളോ തൻെറ വായനമുറിയിൽ ഏകാകിനിയായി ഇരിയ്ക്കുകയായിരുന്നു. പെട്ടെന്ന് ദിവ്യമായ ഒരാഹ്വാനം തനിയ്ക്ക് ലഭിച്ചതായി അവൾക്കുതോന്നി. 'മകളേ, നിൻെറ ജീവിതം മനുഷ്യസേവനത്തിനു വേണ്ടിയുള്ളതാണ്. അതിനായി തയ്യാറായിക്കൊൾക.!'

'എന്ത്! ഞാൻ സ്വപ്നം കാണുകയാണോ! അതോ എനിയ്ക്ക് വെറുതെ തോന്നിയതോ? അല്ല. തീർച്ചയായും അല്ല. ആ ശബ്ദം ഞാൻ വ്യക്തമായി കേട്ടിരിയ്ക്കുന്നു. ഈശ്വരൻ എന്നോടു സംസാരിച്ചു. അവിടുന്ന് മനുഷ്യസേവനത്തിനായി എന്നെ നിയോഗിച്ചിരിക്കുന്നു.!'

ഫ്ളോയ്ക്ക് അൽഭുതം കൊണ്ട് വീർപ്പുമുട്ടി. ദൈവം എന്നെ ഇഷ്ടപ്പെടുന്നു. അദ്ദേഹം എന്നെ ആഹ്വാനം ചെയ്തിരിയ്ക്കുന്നു. ഈ ലോകത്തിൽ എനിയ്ക്ക് എന്തൊക്കെയോ ചെയ്തു തീർക്കുവാനുണ്ട്. ഇപ്പോൾ മുന്നിൽ ഒരു പുതിയ വഴി തുറന്നു കിടക്കുന്നു. ഫ്ളോയുടെ മനസ്സ് ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി. അതേസമയം മറെറാരു ചിന്ത ഫ്ളോയെ അലട്ടാൻതുടങ്ങി. എന്താണ് ഞാൻ ചെയ്യേണ്ടത്– അതേപ്പററി അദ്ദേഹം ഒന്നും പറഞ്ഞില്ലല്ലോ.

ഫ്ളോ ഗാഢമായി ചിന്തിച്ചു. എന്തു സേവനമാണ് ലോകത്തിനു നൽകേണ്ടത്.' ആ ചിന്ത വീണ്ടും അവളെ അസ്വസ്ഥയാക്കി. അവൾ പ്രാർത്ഥനാമുറിയിൽപ്പോയി. ഏറെ നേരം പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകി. ഇനിയൊരിയ്ക്കൽ കൂടി ആ ദിവ്യനാദം കേൾക്കാൻ അവളുടെ മനസ്സു തുടിച്ചു. ഉണ്ടായിരുന്ന ഉൽസാഹമെല്ലാം എങ്ങോ പോയ് മറഞ്ഞു. മനസ്സ് വീണ്ടും അസ്വസ്ഥമാവുകയാണ്. താൻ മാത്രമുള്ള ഒരു ലോകത്തിലേയ്ക്കു അവൾ മടങ്ങി. സുഹൃത്തുക്കളോ സന്ദർശകരൊ

തൻെറ ജീവിതത്തിലില്ലാതായി. മൗനം— ആത്മനിയന്ത്രണത്തിന് അതു കൂടിയേ തീരൂ. നിശ്ശബ്ദതയിലേ ഈശ്വരൻെറ ആ ദിവ്യനാദം കേൾക്കാനാവൂ. അവൾ സ്വയം ആശ്വസിച്ചു.

## 6. മരീചികയുടെ പിന്നാലെ

ഫ്ളോ കണ്ണിമയ്ക്കാതെ അവരെത്തന്നെ നോക്കിനിന്നു. പാർത്തെ ഭംഗിയായി വസ്ത്രധാരണം ചെയ്തിരിയ്ക്കുന്നു. വല്ലാത്ത പ്രസരിപ്പാണ് അവൾക്ക്. ഒരു പൂമ്പാററയെപ്പോലെ എല്ലായിടത്തും അവൾ ഓടി നടക്കുന്നു. അമ്മയാകട്ടെ വലിയ തിരക്കിലാണ്. എത്ര സുന്ദരിയാണ് അമ്മ! അവർക്ക് എപ്പോഴും ആനന്ദമാണ്. അവരുടെ മുഖം ഒരിയ്ക്കലും മങ്ങികണ്ടിട്ടില്ല. പാർത്തെയെപ്പോലെ അവരും ഭംഗിയായി വസ്ത്രധാരണം ചെയ്തിരിയ്ക്കുന്നു. അമ്മ അരികിലൂടെ കടന്നു പോകുമ്പോൾ എന്തൊരു പരിമളമാണ്. അച്ഛൻ ഇപ്പോഴും അവരെ ഗാഢമായി സ്നേഹിയ്ക്കുന്നു. താൻ മാത്രം അവരിൽ നിന്നെല്ലാം വളരെ അകലെ.

തൻെറ പുറത്തു ലോലമായ ഒരു സ്പർശനം, ഫ്ളോ ഞെട്ടിയുണർന്നു. തനിയ്ക്കും എല്ലാമെല്ലാമായ അച്ഛൻ! അദ്ദേഹം അവളുടെ തോളിൽ കൈവച്ച് മെല്ലെ പറഞ്ഞു 'നീയെന്താണ് ചിന്തിയ്ക്കുന്നത്. നിൻെറ മുഖം വല്ലാതെ വാടിയിരിയ്ക്കുന്നല്ലൊ. കുഞ്ഞേ, സന്തോഷവതിയായിരിയ്ക്കുക. നിന്നെ ഞങ്ങളെല്ലാം വളരെയധികംഇഷ്ടപ്പെടുന്നു.' അദ്ദേഹം വാൽസല്യത്തോടെ അവളുടെ പുറത്തു തട്ടി.

ഒരു നെടുവീർപ്പു മാത്രമായിരുന്നു അതിനുള്ള മറുപടി. അവൾ നേരെ തൻെറ പ്രാർത്ഥനാമുറിയിലേയ്ക്കു പോയി. അവളുടെ ഹൃദയം ഇങ്ങനെ മന്ത്രിച്ചു. 'ദൈവമേ! അവിടത്തെ സ്വരം ഞാൻ വ്യക്തമായി കേട്ടു. മഹത്തായ ഏതോ ഒരു കർമ്മത്തിനായി അങ്ങ് എന്നെ നിയോഗിച്ചിരിയ്ക്കുന്നു. പക്ഷേ, അതെങ്ങിനെ നിറവേററണമെന്ന് എനിയ്ക്ക് അറിഞ്ഞുകൂട. അവൾക്ക് വല്ലാത്ത വിഷമം തോന്നി. എന്തൊ തൻെറ ഉള്ളിൽ കിടന്ന് വിങ്ങുന്നുണ്ട്. എന്താണത്?

**പര്യടനം ആരംഭിയ്ക്കു**

പാർത്തെയും അമ്മയും വല്ലാത്ത ബദ്ധപ്പാടിലാണ്. എല്ലാം സജ്ജമായിക്കഴിഞ്ഞു. വാഹനം തയ്യാറായിനിൽക്കുന്നു. ഫ്ളോ മാത്രം എവിടെ?

എംബ്ലിപാർക്കിലെ വിശാലമായ അങ്കണത്തിലൂടെ അവൾ മന്ദം മന്ദം നടന്നുവന്നു. അവളുടെ മുഖം മങ്ങിയിരുന്നു. മനസ്സ് ആ ആലോചനകളിൽ നിന്നും തികച്ചും ദൂരെയായിരുന്നു. തൻെറ ഭവനത്തെ ഒരിയ്ക്കൽകൂടി തിരിഞ്ഞുനോക്കി ഫ്ളോ വാഹനത്തിൽക്കയറി. നൈററിങ്ഗേൽ കുടുംബം തങ്ങളുടെ യൂറോപ്യൻ പര്യടനമാരംഭിച്ചു.

1837 സെപ്ററമ്പർ 8–ന് ആറു കുതിരകളെപ്പൂട്ടിയ ആ വാഹനം ഫ്രാൻസിലെ പ്രധാന വീഥിയിലൂടെ നീങ്ങി. അശ്വപാലകന്മാർ ഉറക്കെ ഗാനമാലപിച്ചിരുന്നു. അവരുടെ ആർപ്പും ബഹളവും ആ യാത്രയെ തീർത്തും ഉൻമേഷപൂർണ്ണമാക്കി. പാർത്തെയും ഫ്ളോയും മുകളിലത്തെ തട്ടിലാണ് ഇരുന്നത്. ഫ്ളോ ക്രമേണ പുറമേയുള്ള കാഴ്ചകളിൽ മുഴുകി. നല്ല പ്രസന്നമായ പ്രകൃതി. മനോഹരമായ പ്രഭാതം. ദൂരെ കുന്നുകൾക്കിടയിലൂടെ സൂര്യബിംബം ഉദിച്ചുപൊങ്ങുന്നതേയുള്ളൂ. അത്യാനന്ദകരമായ കാഴ്ച! വിവിധവികാരങ്ങൾ ആ മനസ്സിൽ അലതല്ലി.

എത്ര സുന്ദരമാണ് ഈ പ്രകൃതി. കടലും കരയും നീലാകാശവും എണ്ണമററ പ്രകാശഗോളങ്ങളും. ആരാണ് ഇതെല്ലാം സൃഷ്ടിച്ചത്? എന്താണ് ഇതിൻെറയെല്ലാം രഹസ്യം? എല്ലാം ഒരു അൽഭുതമായി അവൾക്കു തോന്നി. 'ദൈവം തൻെറ അരുമസന്താനങ്ങൾക്കുവേണ്ടി സുന്ദരമായ ഈ പ്രപഞ്ചം സൃഷ്ടിച്ചു. അവർക്കു വേണ്ടതെല്ലാം ഇവിടെ അദ്ദേഹം ഒരുക്കി. ദൈവം സ്നേഹനിധിയാണ്. കാരുണ്യവാനാണ്. അവൾ വീണ്ടും വീണ്ടും ആ വാക്കുകൾ ഉരുവിട്ടു.

മലകളും മൈതാനങ്ങളും വയലുകളും ജലാശയങ്ങളും പിന്നിട്ട് ആ വാഹനം മുന്നോട്ടു പാഞ്ഞു. നൈററിങ്ഗേൽ കുടുംബം ആനന്ദത്തിൽ മുഴുകി. ഫ്ളോയ്ക്ക് ഈ യാത്ര ഒരു പുതിയ അനുഭവമായിരുന്നു. പലതരം മനുഷ്യർ വിവിധതരം

സംസ്ക്കാരങ്ങരം, വ്യത്യസ്തമായ വേഷവിധാനങ്ങരം. അവരം ക്ക് കൗതുകം തോന്നി. ഓരോ പ്രദേശത്തു ചെല്ലുമ്പോഴും അവിടത്തെ മനുഷ്യരുടെ ജീവിതരീതികരം, ആചാരമര്യാദകരം, വേഷവിധാനങ്ങരം എന്നിവ അവരം വ്യക്തമായി മനസ്സിലാക്കി. പല വിശിഷ്ട വ്യക്തികളുമായി പരിചയപ്പെട്ടു. അവരിൽ നിന്നും മഹത്തായ കാര്യങ്ങരം അവരം ഗ്രഹിച്ചു. ഓരോന്നും ഒരു പുതിയ ലോകത്തിലേയ്ക്ക് അവളെ എത്തിച്ചു. ഒരു മൂടൽ മഞ്ഞിലെന്നപോലെ ദു:ഖം അവളുടെ മനസ്സിൽ മറഞ്ഞുകിടന്നു. എന്നും പ്രാതലിനുശേഷം അഛനുമൊന്നിച്ച് പുറത്തിറങ്ങും. അവർ മ്യൂസിയങ്ങളും കലാമന്ദിരങ്ങളും സന്ദർശിച്ചു. ശാസ്ത്രപ്രദർശനങ്ങരം കണ്ടു. ഗ്രന്ഥശാലകളിൽ കുറെ സമയം ചിലവഴിച്ചു. വ്യവസായ ശാലകളിലെ പ്രവർത്തനരംഗങ്ങരം വീക്ഷിച്ചു. നൃത്തശാലകളിലും സംഗീത സദസ്സുകളിലും ഒരു നിത്യസന്ദർശകയായി. ധാരാളം സുഹൃത്തുക്കളെ സമ്പാദിച്ചു. ഫ്ളോ തികച്ചും പ്രസന്നവതിയായിരുന്നു. ജീവിതത്തിൻെറ വർണ്ണപ്പൊലിമയിൽ അവരം ആകൃഷ്ടയായി. രാത്രികാലങ്ങളിൽ നിലാവിൽക്കുളിച്ചുനിൽക്കുന്ന വിശുദ്ധദേവാലയത്തിൻെറ ഉയർന്ന എടുപ്പ് നോക്കി അവരം സ്വയം മറന്നുനിൽക്കും. അത്' അത്യുന്നതങ്ങളിലേയ്ക്ക് കൈനീട്ടിനിൽക്കുന്നു. ആ അന്തരീക്ഷത്തിൻെറ കുളിർമ തൻെറ മനസ്സിൻെറ കുളിർമയായി മാറും. നക്ഷത്രങ്ങളും പൂർണ്ണചന്ദ്രനും താനും ഒഴികെ മററെല്ലാം സുഷുപ്തിയിലാണ്. ഹായ്! എന്തൊരാനന്ദമാണ്! എന്തൊരുശാന്തിയാണ്! ജീവിതത്തിലെ മഹത്തായ നിമിഷങ്ങരം! ഏതോ ദിവ്യലോകത്താണ് താനിപ്പോരം നിൽക്കുന്നത്. നിത്യവും മണിക്കൂറുകളോളം അവരം ആ കാഴ്ചയിൽ മുഴുകും.

ഈ പര്യടനവേളയിൽ നൈററിങ്ഗേൽ കുടുംബം നൈസ്, ജെനോവ, ഫ്ളോറൻസ്, ജനീവ, പാരീസ് തുടങ്ങി ഒട്ടനവധി സ്ഥലങ്ങരം സന്ദർശിച്ചു. നൈസ് എന്ന സ്ഥലം ഫ്ളോയെ വളരെയധികം ആകർഷിച്ചു. അവിടെയുള്ള ജനങ്ങളുമായി അവരം വളരെ വേഗം അടുത്തു. ഒരു മാസത്തോളം അവർ അവിടെ താമസിച്ചു. അതിനിടയിൽ പല വ്യക്തികളെയും അവരം ആത്മാർത്ഥമായി സ്നേഹിച്ചു. വളരെയധികം മനോവേദനയോടെ

യാണ് അവർ നൈസ് വിട്ടത്. യാത്രയെന്നത് സുഖകരമാണ്. പക്ഷേ ഏററവും അടുത്തവരോട് ഇനിയൊരിക്കലും കാണാൻ കഴിയാത്തവിധം എന്നെന്നേയ്ക്കുമായി വിടപറയുക ഏററവും വലിയ ദു:ഖസത്യമാണ്. ഫ്ളോയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ഫ്ളോ ചിന്തിച്ചു. ഓരോ സന്ദർഭവും കുറെ സുഖങ്ങളും ഒരുപിടി ദു:ഖവും സമ്മാനിയ്ക്കുന്നു.

തൻെറ ജന്മസ്ഥലമായ ഫ്ളോറൻസ് ഫ്ളോയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സ്ഥലമായിരുന്നു. അവിടെവച്ച് പല പണ്ഡിതന്മാരെയും അവർ പരിചയപ്പെട്ടു. വിദഗ്ധരായ വ്യക്തികളിൽ നിന്നും പിയാനൊ വായനയും സംഗീതവും അവർ അഭ്യസിച്ചു. ഫ്ളോ മധുരമായി പാടുമായിരുന്നു. സംഗീതമാലപിയ്ക്കുമ്പോൾ പരിസരംപോലും വിസ്മരിച്ചു അവർ അതിൽ ലയിച്ചു പോകും. നൃത്തവും അവർക്ക് ഇഷ്ടമായിരുന്നു.

ഫ്ളോറൻസിലെ ജീവിതത്തിനിടയ്ക്ക് മററൊരു സംഭവം കൂടി ഫ്ളോയുടെ ഹൃദയത്തെ സ്പർശിച്ചു.

19–ാം നൂററാണ്ടിൻെറ ആരംഭത്തിൽ സ്പർദ്ധയും അനൈക്യവും മൂലം ഇററലി അനവധി ചെറുരാജ്യങ്ങളായി വിഭജിയ്ക്കപ്പെട്ടു കിടന്നിരുന്നു. 'വിയന്ന കോൺഗ്രസ്സിൻെറ' സഹായത്തോടെ ആസ്ട്രിയ ഇററലിയുടെ വലിയൊരു ഭാഗംതന്നെ കയ്യടക്കിയിരുന്നു. ഇററലി ഒരടിമരാജ്യമായിത്തീർന്നു. ജനങ്ങൾ ദുസ്സഹമായ അടിമത്വത്തിൽ അല്പകാലം കഴിച്ചുകൂട്ടി. ക്രമേണ ഇററാലിയൻ ജനതയുടെ ഉള്ളിൽ സമരാവേശം ആളിക്കത്തി. സ്വാതന്ത്ര്യത്തിനായി അവർ മുറവിളികൂട്ടി. മസ്സീനി ഗാരിബാൾഡി, കേവർ തുടങ്ങിയ ദേശാഭിമാനികളുടെ കീഴിൽ അവർ അണിനിരന്നു. യുവജനങ്ങൾ ഉണർന്നു. സ്വാതന്ത്ര്യത്തിനായി അവരുടെ രക്തം തിളച്ചു. യുവഹൃദയങ്ങളിൽ കുടികൊള്ളുന്ന ശക്തിയും ഊർജ്ജസ്വലതയും കണ്ടറിഞ്ഞ മസ്സീനി സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ നേതൃത്വം അവരുടെ കൈകളിലർപ്പിച്ചു. ഇററലിയിലൂടെ സഞ്ചരിയ്ക്കുമ്പോൾ ഫ്ളോറൻസിന് അനുഭവപ്പെട്ട സംഗതികൾ ഇതെല്ലാമായിരുന്നു.

സ്വാതന്ത്ര്യം. എത്രയോ പാവനമാണ് ആ പദം. അത് വിവരിയ്ക്കാൻ കഴിയാത്ത ഒരു അനുഭൂതിയാണ്. അത് നിഷേധിയ്ക്കപ്പെടുന്നിടത്തെല്ലാം മനുഷ്യൻ പൊട്ടിത്തെറിയ്ക്കുന്നു. ഇററാലിയൻ ജനതയോട് ഫ്ളോയ്ക്കു എന്തെന്നില്ലാത്ത അനുകമ്പ തോന്നി. ഇററാലിയൻ സ്വാതന്ത്ര്യപ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ അവൾക്ക് താത്പര്യം തോന്നി. ഫ്ളോറൻസിൽ വച്ച് അതേക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ അവൾ ധാരാളം വായിച്ചു.

## സിസ്മോണ്ടിയുമായി പരിചയപ്പെടുന്നു

ഫ്ളോറൻസിലെ താമസത്തിനുശേഷം ഫ്ളോയും കുടുംബാംഗങ്ങളും നേരെ ജനീവയിലേക്കാണ് പോയത്. അക്കാലത്താണ് പ്രസിദ്ധ ഇററാലിയൻ ചരിത്രകാരനായ സിസ്മോണ്ടിയുമായി അവൾ പരിചയപ്പെട്ടത്. അദ്ദേഹത്തിൻെറ സൗമ്യവും ശാന്തവുമായ പ്രകൃതം അവളെ ഹഠാദാകർഷിച്ചു. അദ്ദേഹത്തോട് അവൾക്ക് നിസ്സീമമായ സ്നേഹവും ആദരവും തോന്നി. സ്വദേശത്തുനിന്നും ബഹിഷ്കൃതനായ അദ്ദേഹം ജനീവയിൽ സ്ഥിരതാമസമുറപ്പിച്ചു. സിസ്മോണ്ടിയുടെ ആകർഷകമായ വ്യക്തിത്വം അവളെ അദ്ദേഹവുമായി അടുപ്പിച്ചു. ഫ്ളോ 'സിസ്മോണ്ടി'യുടെ ഒരു ശിഷ്യയായിത്തീർന്നു. അദ്ദേഹവുമായി അവൾ സായന്തന സവാരികൾക്കു പോകും. ആ സന്ദർഭങ്ങളിലെല്ലാം അവർ ഇററാലിയൻ സ്വാതന്ത്ര്യത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് സുദീർഘമായ സംഭാഷണങ്ങൾ നടത്തും. ഇററാലിയൻ ജനതയുടെ ഹൃദയത്തുടിപ്പുകൾ ഫ്ളോ ശരിയ്ക്കും മനസ്സിലാക്കി. ഒരു ഉയർന്ന ചിന്തകനായ അദ്ദേഹം രാജ്യതന്ത്രത്തെക്കുറിച്ചും സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചും സംസാരിച്ചു. നൃത്തവും സംഗീതവും നിലാവും നീലിമയും അവളുടെ മനസ്സിൽ നിന്നും എങ്ങോ പോയ് മറഞ്ഞു. യാഥാർത്ഥ്യങ്ങളുടെ ലോകത്തിലാണ് താനിപ്പോൾ. ഇററലിയുടെ സ്വാതന്ത്ര്യത്തിന് അതിപ്രധാനമായ പങ്കു വഹിച്ച മഹാത്മാക്കളുടെ ത്യാഗത്തിൻെറ കഥ ആ പകമതിയുടെ കണ്ഠത്തിലൂടെ ശ്രവിയ്ക്കുമ്പോൾ ഫ്ളോറൻസിൻെറ മുഖം വിവർണ്ണമാകുന്നതു കാണാമായിരുന്നു.

ഈ അവസരത്തിൽ ജനീവ ഒരു അഭയാർത്ഥികേന്ദ്രമായി മാറിക്കൊണ്ടിരിയ്ക്കുകയായിരുന്നു. ഇററലിയിൽ നിന്ന് ബുദ്ധിജീവികളും പ്രശസ്ത വ്യക്തികളുമടങ്ങിയ വലിയൊരു ജനവിഭാഗം അവിടെയ്ക്ക് പ്രവഹിച്ചു. ജീവസന്ധാരണത്തിനുപോലും മാർഗ്ഗമില്ലാതെ അലയുന്ന ആ മർദ്ദിത വിഭാഗത്തെക്കണ്ടപ്പോഠം ഫ്ളോറൻസ് വികാര ഭരിതയായി. സ്വാതന്ത്ര്യം ജന്മാവകാശമാണ്. അത് നിക്ഷേധിയ്ക്കപ്പെടുന്നിടത്ത് മനുഷ്യർ പിശാചാകും.' അവഠം ഉറപ്പിച്ചു പറഞ്ഞു. ഇത്രയും വികാരാധീനയായി അവളെ ഒരിയ്ക്കലും കണ്ടിട്ടില്ല. ജനീവയോട് വിടപറയുന്ന നിമിഷം അവളുടെ ഹൃദയം വിങ്ങിപ്പൊട്ടുക തന്നെ ചെയ്തു. സത്യത്തിൻെറ മുഖം അവിടെയാണ് ആദ്യമായി അവഠം കണ്ടത്.

എംബ്ളീ പാർക്കിൽ തിരിച്ചെത്തിയതിനുശേഷം ഫ്ളോ വളരെയധികം അസ്വസ്ഥയായി കാണപ്പെട്ടു. ജനീവയിലെ സംഭവവികാസങ്ങഠം ഒരു ചലച്ചിത്രമെന്നപോലെ അവളൂടെ മനസ്സിലൂടെ കടന്നുപോയി. അതോടൊപ്പം ശാന്തിയും സമാധാനവും കളിയാടിയിരുന്ന മററൊരു മുഖവും അവളുടെ മനോമുകുരത്തിൽ തെളിഞ്ഞുനിന്നു. അത് തൻെറ മനസ്സിൻെറ ഓരോ കോണിലും പ്രകാശം പരത്തുന്നതായി തോന്നി. 'കുഞ്ഞേ, സുഖം ഒരു മരീചികയാണ്. അടുത്തു എന്നു കരുതുമ്പോഴേയ്ക്കും അത് അകലങ്ങളിൽ പോയ് മറയും.' ഏകാന്തമായനിമിഷങ്ങളിൽ സിസ്മോണ്ടിയുടെ സ്വരം ഇങ്ങിനെ കേഠംക്കുന്നതായി അവഠംക്കു തോന്നി. അതെ, ഏതോ ഒരു മരീചികയുടെ പുറകെ പായുകയായിരുന്നു താൻ. ദൈവത്തിൻെറ അരുളപ്പാടുകഠം. എത്രയോനാളുകളായി അതേക്കുറിച്ചു ഓർത്തിട്ട്. 'കഷ്ടം! എത്ര ചപലമാണ് എൻെറ മനസ്സ്. ജീവിതത്തിൻെറ വർണ്ണപ്പകിട്ടുകളിൽ എത്ര പെട്ടെന്നാണ് അത് അലിഞ്ഞുചേർന്നത്? ഈശ്വരാനുഗ്രഹത്തിന് പാത്രമാകണമെങ്കിൽ ജീവിതസുഖങ്ങളിൽ നിന്നെല്ലാം വിമുക്തി നേടണം. ദുരിതങ്ങഠം ദുഃഖങ്ങഠം രോഗങ്ങഠം വേദനകഠം ഇവയെല്ലാം ഈ ലോകത്തു നടമാടുന്നു. അവഗണിയ്ക്കപ്പെട്ട ആ മനുഷ്യരുടെ ഇടയിലേയ്ക്കിറങ്ങിച്ചെല്ലണം. അവർക്ക് ശാന്തിയും സമാധാനവും നൽകണം. അതാണ് തൻെറ സുഖം.

ഫ്ളോ വീണ്ടും ഏകാന്തതയിലേയ്ക്ക് വഴുതിവീണു. ലീഹഴ്സ്ററിലെ മുകളിലുള്ള തുറന്ന വരാന്തയിൽ അവരം അഭയം കണ്ടെത്തി. മണിക്കൂറുകളോളം അനന്തതയിലേയ്ക്ക് കണ്ണും നട്ട് അവരം നിൽക്കും. ഗാഢമായ ചിന്തകളിൽ ലയിക്കും. ഒരു മരീചികയുടെ പുറകെ പായുകയായിരുന്നു താൻ. കഷ്ടം! ഒരു നെടുവീർപ്പ് അവളിൽ നിന്നുമുയർന്നു.

## 7. ഉത്തരമില്ലാത്ത ചോദ്യം

'ഡാക്ടർ, നാളെ പ്രാതലിനുശേഷം വായനമുറിയിൽ വച്ച് ഒററയ്ക്ക് അങ്ങയെ ഒന്നു കാണാൻ തരപ്പെടുമോ?'

ഫ്ളോയുടെ മുഖം ഗൗരവപൂർണ്ണമായിരുന്നു. മനസിലെ അസ്വസ്ഥത മുഴുവനും ആ മുഖത്തു തളംകെട്ടിനിന്നിരുന്നു.

അമേരിയ്ക്കയിലെ ഒരു പ്രസിദ്ധ ഭിഷഗ്വരനാണ് ഡാക്ടർ സാമുവൽ ഗ്രിഡ്ലിഹോ. അദ്ദേഹമാണ് ന്യൂയോർക്കിൽ, ആദ്യമായി അന്ധന്മാർക്കുവേണ്ടി ഒരു സ്ഥാപനം നിർമ്മിച്ചത്. രോഗമോ, വാർദ്ധക്യമോ ബാധിച്ച ഏതൊരു അമേരിയ്ക്കൻ പൗരനും പ്രതിഫലം കൂടാതെ ശുശ്രൂഷയും മരുന്നും ലഭ്യമാക്കുന്ന ഒരു പദ്ധതിയും അദ്ദേഹം ആസൂത്രണം ചെയ്തിട്ടുണ്ട്. 1844-ലെ ഒരു വസന്തകാലത്ത് അദ്ദേഹവും പത്നിയും എംബ്ലീപാർക്ക് സന്ദർശിച്ചു. രാത്രി ആഹാരത്തിനുശേഷം വിശ്രമ മുറിയിൽ ഇരിയ്ക്കുമ്പോഴാണ് ഫ്ളോ അദ്ദേഹത്തെ സമീപിച്ചത്.

'ശരി, മിസ് ഫ്ളോറൻസ് നിങ്ങരം സൗകര്യം പോലെ വന്നു കണ്ടുകൊരംക'. ഡാക്ടർ ഹൗ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു.

പിറെറന്ന് പ്രഭാതത്തിൽ പ്രാതലിനുശേഷം ഫ്ളോ മുകളിലേയ്ക്കു ചെന്നു. വായനമുറിയിൽ ഡാക്ടർ ഹൗ ഇരിക്കുന്നുണ്ടായിരുന്നു.

'ഓ! മിസ് നൈററിംഗേൽ, ഞാൻ നിങ്ങരംക്ക് മംഗളം ആശംസിയ്ക്കുന്നു. വരൂ, ഇരിയ്ക്കു.' അദ്ദേഹം അവളെ അഭിവാദ്യം ചെയ്തു.

'ഡാക്ടർ നിങ്ങൾക്ക് ക്ഷേമം ആശംസിയ്ക്കുന്നു!' അവൾ പ്രത്യഭിവാദ്യം ചെയ്തു. ഫ്ളോ ഡാക്ടർക്ക് അഭിമുഖമായി ഒരു കസേരയിൽ ഇരുന്നു. അവളുടെ മുഖം ഏററവും പരിക്ഷീണമായി കാണപ്പെട്ടു. അവൾ കുറച്ചുനേരം ഡാക്ടരുടെ മുഖത്തുതന്നെ ഉററുനോക്കിക്കൊണ്ടിരുന്നു. അവളുടെ മനസ്സ് എന്തോ കണക്കു കൂട്ടുകയാണെന്ന് ഡാക്ടർക്ക് പെട്ടെന്ന് മനസ്സിലായി. ഡാക്ടർ അവളെ പ്രോത്സാഹിപ്പിച്ചു.

മിസ് നൈററിംഗേൽ, നീ എന്തിനാണ് എന്നെ കാണണമെന്നു പറഞ്ഞത്?

'ഡാക്ടർ!' അവളുടെ ചുണ്ടുകൾ വിറച്ചിരുന്നു.

'ഉം! പറയൂ കുട്ടി, നിനക്കെന്തു വേണം?'

'ഡാക്ടർ, അന്തസ്സും ആഭിജാത്യവുമുള്ള ഒരു ആംഗല കുടുംബത്തിലെ വനിത, കത്തോലിക്കരായ കന്യാസ്ത്രീകൾ ചെയ്യുന്നതുപോലെ ഏതെങ്കിലും ആശുപത്രിയിൽ ആതുരശുശ്രൂഷ ചെയ്യുന്നത് തെററാണോ? അത് അനുചിതമാണോ? അത് നീചമായ ഒരു പ്രവൃത്തിയായി അങ്ങ് കരുതുന്നുണ്ടോ? ഫ്ളോ ഒരൊററ ശ്വാസത്തിൽ ചോദിച്ചു. അവളുടെ മുഖം ചുവന്നു തുടുത്തു. ഡാക്ടരുടെ മറുപടിയ്ക്കായി അവൾ കാതുകൾ കൂർപ്പിച്ചു.

കട്ടിയേറിയ കണ്ണാടിച്ചില്ലുകൾക്കുള്ളിലൂടെ ഡാക്ടരുടെ ദൃഷ്ടികൾ അവളുടെ മുഖത്ത് പതിഞ്ഞു. തികച്ചും അപ്രതീക്ഷിതമായ ഒരു ചോദ്യം. ഒരു നിമിഷം അദ്ദേഹം ചിന്താധീനനായി കാണപ്പെട്ടു. 'സുന്ദരിയും കുലീനയുമായ ഒരു പ്രഭുകുമാരി. വിവാഹം കഴിഞ്ഞ് അമ്മയും കുടുംബിനിയുമാകേണ്ടവൾ. സുഖമായി ജീവിയ്ക്കേണ്ടവൾ. ഇവൾക്ക് ഇത്തരം ഒരു തൊഴിലിൽ ഏർപ്പെടാൻ അച്ഛനമ്മമാർ അനുമതി നല്കുമോ? താൻ എന്തെങ്കിലും ഉപദേശിച്ചാൽ അത് ഇവളുടെ ജീവിതത്തിലെ ഒരു വഴിത്തിരിവാകുമോ? അദ്ദേഹം അവളുടെ മുഖത്ത് ഒരിയ്ക്കൽക്കൂടി സൂക്ഷിച്ചുനോക്കി. ആ വിടർന്ന കണ്ണുകൾ തന്നോട് എന്തോ യാചിയ്ക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. അവളുടെ മനോഗതം അദ്ദേഹം ശരിയ്ക്കും

മനസ്സിലാക്കി. 'ഈ പെൺകുട്ടിയ്ക്ക് എന്തൊക്കെയോ പ്രതീക്ഷകളുണ്ട്. ആരും ഇവളെ മനസ്സിലാക്കുന്നില്ല. ഇവളുടെ മുഖത്ത് നിഴലിയ്ക്കുന്ന ശോകഭാവത്തിന് കാരണം അതാവാം'. ഉള്ളിലെ ചിന്തകഠ മറച്ചുവച്ച് സ്വതഃസിദ്ധമായ പ്രസന്നതയോടെ അദ്ദേഹം പറഞ്ഞു.

'പ്രിയപ്പെട്ട കുട്ടീ, ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേഠക്കൂ. അത്ര നിസ്സാരമായ കാര്യമല്ല നിന്റെ മനസ്സിലുള്ളത്. ഉന്നതകുലങ്ങളിൽ പിറന്ന പെൺകുട്ടികഠ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുകയെന്നത് തന്നെ ആചാരമര്യാദകഠക്ക് എതിരാണ്. പക്ഷേ ആതുരശുശ്രൂഷ ജീവിതത്തിലെ പരമലക്ഷ്യമാണെന്ന് നിന്റെ മനസ്സാക്ഷി പറയുന്നുവെങ്കിൽ അതിനു ചേർന്ന വിധത്തിൽ നീ പെരുമാറുക. മററുള്ളവരുടെ നന്മയ്ക്കുവേണ്ടി ചെയ്യുന്നതെന്തും ആദരണീയമാണ്. അതിൽ അരുതാത്തതായി യാതൊന്നുമില്ല. ലക്ഷ്യത്തെക്കുറിച്ചു എപ്പോഴും ഓർക്കുക. അത് എങ്ങോട്ടു നിന്നെ നയിയ്ക്കുന്നുവോ അങ്ങോട്ടു നീങ്ങുക. ദൈവം നിന്നെ തുണയ്ക്കട്ടെ!' കൈലേസുകൊണ്ട് മുഖം തുടച്ച് അദ്ദേഹം അവിടെ നിന്നും നിഷ്ക്രമിച്ചു.

ഫ്ളോ ആനന്ദം കൊണ്ടു മതിമറന്നു. അദ്ദേഹം മഹാനാണ്. തീർച്ചയായും അദ്ദേഹം ഒരു വലിയ മനുഷ്യനാണ്. അവഠ വീണ്ടും വീണ്ടും അതു തന്നെ ഉരുവിട്ടു.

അവഠ പുറത്തേയ്ക്കുള്ള വാതിൽ തുറന്നു. ഉദിച്ചുയരുന്ന സൂര്യബിംബം. ആ പ്രകാശധാര അവളുടെ മുഖത്തിന് സ്വർഗ്ഗീയമായ ഒരു കാന്തിവിശേഷമണച്ചു. ആ മുഖം താമരപ്പൂ പോലെ വിടർന്നു. അവഠ മെല്ലെ പുറത്തു കടന്നു., ഭിത്തിയിൽ ചാരി ഏറെ നേരം വിദൂരതയിലേയ്ക്ക് കണ്ണുനട്ട് നിന്നു. പാറിക്കിടന്ന മുടിച്ചുരുളുകഠ കാററിലാടി ആ മുഖം തഴുകിക്കൊണ്ടിരുന്നു. പരിസരമെല്ലാം മറന്ന് അവഠ ഗാഢമായ ചിന്തയിൽ ലയിച്ചു.

'ലോകം മഹത്ത്വം നിറഞ്ഞതാണെന്ന് കവികഠ പാടുന്നു. ജീവിതം ഏററവും സുന്ദരമാണെന്ന് അവർ വാഴ്ത്തുന്നു.

അവയെല്ലാം അവാസ്തവങ്ങളാണ്. എനിയ്ക്കു ചുററും രോഗവും ദാരിദ്ര്യവും മൂലം കഷ്ടപ്പെടുന്ന നിരിവധി മനുഷ്യരെ കാണുന്നു. അവർ വിഷമിക്കുമ്പോഠം ഞാൻ സുഖിയ്ക്കുന്നതെങ്ങിനെ? ആ സാധുമനുഷ്യരെ ആശ്വസിപ്പിയ്ക്കണം. എങ്കിലേ എന്റെ മനസ്സിന് ശാന്തി ലഭിയ്ക്കുകയുള്ളൂ. മനുഷ്യൻ വേദനകൊണ്ട് പിടയുന്നു. അവരെ സംരക്ഷിയ്ക്കാൻ ഈ സമുദായത്തിൽ ആരുമില്ല. വെറും പൊങ്ങച്ചത്തിനുവേണ്ടി നിലകൊള്ളുന്ന പൊള്ളയായ സാമൂഹ്യനീതികളെ അവഠം വെറുത്തു.

എത്രയെത്ര വിരുന്നുസൽക്കാരങ്ങഠം ഈ ബംഗ്ളാവിൽ നടന്നു. എത്ര ആഡംബരത്തോടെയാണ് അവയെല്ലാം നിർവഹിച്ചത് അവരെല്ലാം സമ്പന്നരാണ്, ബഹുമാന്യരാണ്, സുഖത്തെക്കുറിച്ചുമാത്രം ചിന്തിയ്ക്കുന്നവർ. ഫ്ളോയ്ക്ക് അവരോടെല്ലാം അവജ്ഞയും വെറുപ്പുമാണ് തോന്നിയത്. ലീഹഴ്സ്ററിലെയും എംബ്ളീപാർക്കിലെയും സുഖസമ്പൂർണ്ണമായ ജീവിതത്തെ അവഠം വെറുത്തു.

ഡാക്ടർ ഹൊയ'ടെ വാക്കുകഠം അവഠം ഓർത്തു. 'ശരിയാണ് മററുള്ളവരുടെ നന്മയ്ക്കു വേണ്ടി ചെയ്യുന്നതെന്തും ആദരണീയമാണ്. എന്റെ പ്രവൃത്തികഠം എന്നെങ്കിലുമൊരിയ്ക്കൽ ലോകം അംഗീകരിയ്ക്കും.' അവഠം ദൃഢമായിവിശ്വസിച്ചു.

പെട്ടെന്ന് മറെറാരു ചിന്തകൂടി അവളുടെ മനസ്സിലേയ്ക്ക് കടന്നുവന്നു. അന്ന് മുത്തശ്ശിയമ്മയ്ക്ക് രോഗം കലശലായപ്പോഠം താനാണ് ശുശ്രൂഷിച്ചത്. രോഗം ഭേദമായപ്പോഠം അവർ തന്നെ മുക്തകണ്ഠം പ്രശംസിച്ചു. എന്തുകൊണ്ട് ആതുര ശുശ്രൂഷ ജീവിതലക്ഷ്യമാക്കിക്കൂടാ. തീർച്ചയായും ആ രംഗത്ത് എന്റെ സേവനങ്ങഠം ഫലപ്രദമാകുന്നതാണ്. എന്നാൽ ഏതൊരു പ്രവൃത്തിയ്ക്കും സുശിക്ഷിതവും ശ്രദ്ധാപൂർവ്വവുമായ പരിശീലനം കൂടിയേ കഴിയൂ. ഒരു നഴ്സാകുക അത്ര എളുപ്പമുള്ള കാര്യമല്ല. തനിയ്ക്കും ആ രംഗത്ത് കൂടുതൽ പരിശീലനം വേണം.

എംബ്ലീ പാർക്കിൽ നിന്നും കുറച്ചകലെയാണു 'സാലീസ്ബറി ഇൻഫേമറി' എന്ന പേരിൽ ഒരു ആശുപത്രിയുണ്ട്.

അതിലെ പ്രധാന ഡോക്ടറായ ഡോക്ടർ ഫൌളർ' നൈററിങ്ങ്ഗേൽ കുടുംബത്തിൻെറ ഉററ സുഹൃത്താണ്. ഒരിയ്ക്കൽ അദ്ദേഹം എംബ്ലീപാർക്ക് സന്ദർശിച്ചപ്പോൾ തൻെറ അഭിലാഷം ഡോക്ടർ ഫൌളറേയും മാതാപിതാക്കളെയും അവൾ അറിയിച്ചു. സാലിസ്ബറിയിൽ പോയി മൂന്നു മാസക്കാലത്തെ നഴ്സിങ്ങ് പരിശീലനം നേടുകയെന്നതായിരുന്നു ഫ്ളോയുടെ ഉദ്ദേശം.

പക്ഷേ ഈ സംഗതികളെല്ലാം അറിഞ്ഞപ്പോൾ ആ കുടുംബം പൊട്ടിത്തെറിയ്ക്കുകയാണുണ്ടായത്. പാർത്തെ മോഹാലസ്യപ്പെട്ടു. ഫാനി ശകാരവർഷം ചൊരിഞ്ഞു: ഇതുപോലൊരു മകൾ തനിയ്ക്കുണ്ടായതിൽ ലജ്ജിയ്ക്കുന്നുവെന്നുപോലും അവർ നിയന്ത്രണംവിട്ടു പറഞ്ഞു. അമ്മയുടെ രൗദ്രമായ മുഖഭാവം അന്നാണ് ഫ്ളോ കണ്ടത്. മനസ്സിന് സ്വസ്ഥത കിട്ടുന്നവരെ ആ അമ്മ ശബ്ദിച്ചുകൊണ്ടേയിരുന്നു. അവർ നിലവിളിയ്ക്കുകയും തൻെറ വിധിയെ പഴിയ്ക്കുകയും ചെയ്തു. എഡ്വേർഡ് നൈററിങ്ങ്ഗേൽ ക്ഷുഭിതനായി. അദ്ദേഹം ആരോടും പറയാതെ വീടുവിട്ടു പോയി. കുറെ നാളുകൾ അദ്ദേഹം ലണ്ടനിൽ കഴിച്ചുകൂട്ടി. ക്രോധം ശമിച്ചതിനു ശേഷമേ അദ്ദേഹം തിരിച്ചുവന്നുള്ളൂ.

എവിടെ തൻെറ പ്രതീക്ഷകൾ....ആരാണ് തന്നെ സഹായിയ്ക്കാനുള്ളത്. ഗൃഹാന്തരീക്ഷത്തിൻെറ തകർച്ച ഫ്ളോയുടെ ഹൃദയത്തെ തളർത്തുക തന്നെ ചെയ്തു. ഭാവി ഒരു ചോദ്യച്ചിഹ്നമായി മുന്നിൽ നിന്നു – ഉത്തരമില്ലാത്ത ചോദ്യം

## ദുഃഖിതരുടെ മാളങ്ങളിലേയ്ക്ക്

നേരം ഏറെ പുലർന്നിരിക്കുന്നു. തനിയ്ക്ക് എഴുന്നേല്ക്കാൻകൂടി കഴിയുന്നില്ല. ഫ്ളോ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.. യാതൊരു ഉന്മേഷവും തോന്നുന്നില്ല. ഒരിക്കലും ഉണരാത്ത ഒരു ഉറക്കത്തിനുവേണ്ടി അവൾ കൊതിച്ചു. അമ്മേ....വയ്യ! അവൾ അറിയാതെ പറഞ്ഞുപോയി.

കരഞ്ഞ് കരഞ്ഞ് ആ കൺപോളകൾ വീങ്ങിയിരുന്നു. മുഖം വിളറി വെളുത്തു കാണപ്പെട്ടു. ഇന്നലെ വളരെ വൈകി

യാണ് ഉറങ്ങിയത്. ഒരസുഖം ബാധിച്ചതുപോലുള്ള തളർച്ചയും ക്ഷീണവും അവൾക്കനുഭവപ്പെട്ടു. കഴിഞ്ഞ രാത്രിയിലെ സംഭവങ്ങൾ ഒന്നൊന്നായി അവളോർത്തു. ഒരു ധ്യാനത്തിലെന്നപോലെ ആ കണ്ണുകൾ നിശ്ചലങ്ങളായി.

കഴിഞ്ഞരാത്രി. സമയം പാതിരയോടടുത്തുകാണും— ഫ്ളോതൻെറ ഡയറിയിലെ പേജുകൾ അലസമായി മറിച്ചുകൊണ്ടിരുന്നു. 1830 ഏപ്രിൽ 10. പെട്ടെന്ന് അവളുടെ കണ്ണുകൾ ആ വരികളിലൂടെ പാഞ്ഞു.

'അയാൾ വാതിലിൽ ആഞ്ഞുമുട്ടി. ഉള്ളിൽ ഒച്ചയും അനക്കവുമില്ല. അയാൾ പരിഭ്രാന്തനായി. എവിടെനിന്നോ ഒരു കോടാലിയുമായി അയാൾ ഓടിയെത്തി. വാതിൽ വെട്ടിപ്പൊളിച്ചു. ഹൊ! അമ്മേ! കണ്ണുകൾ പൊത്തി അയാൾ അലറി. മുറിയിൽ രക്തം തളംകെട്ടിക്കിടന്നിരുന്നു. അവിടെ അയാളുടെ ഭാര്യയുടെ മൃതശരീരം കിടന്നിരുന്നു. സമീപത്തു തന്നെ രക്തത്തിൽ മുങ്ങിയ കത്തികൊണ്ട് ആ സാധു സ്ത്രീ തൻെറ അന്തിമ സന്ദേശം കുറിച്ചിട്ടിരുന്നു. എൻെറ കുഞ്ഞുങ്ങൾ അവശരാണ്. പൊരിയുന്ന വയറുമായി അവർ ഇരിയ്ക്കുന്നു. വിശപ്പ്. അത് എന്നെ ഭ്രാന്തുപിടിപ്പിയ്ക്കുന്നു. ഹാ! ഞാൻ തളർന്നുപോവുകയാണ് എൻെറ'....

ഫ്ളോയ്ക്ക് നിയന്ത്രിയ്ക്കാൻ കഴിഞ്ഞില്ല. ഹോ! ദൈവമേ... തൻെറ തേങ്ങലുകൾ ആരും കേൾക്കാതിരിയ്ക്കാൻ അവൾ തലയണയിൽ മുഖമമർത്തിക്കരഞ്ഞു. 'എൻെറ ഹൃദയം നിറയെ മുറിവുകളാണ്. അവ ഒരിയ്ക്കലും ഉണങ്ങുകയില്ല. പാർത്ഥെയുടെ മനസ്സ് ഒരുനിമിഷം തനിയ്ക്കു ലഭിച്ചെങ്കിൽ!' ഫ്ളോ ആശിച്ചു. ചിന്ത പലപ്പോഴും ഒരു ശാപമാണ് ഒന്നിനെക്കുറിച്ചും ചിന്തിയ്ക്കരുതെ. ഹൃദയം വേദനകൊണ്ട് തകർന്നുപോകും. ഇല്ല.... ഈ വേദനകളിൽ നിന്നും ഇനിയൊരിയ്ക്കലും എനിയ്ക്കു മോചനമില്ല. അവൾ തന്നോടുതന്നെ പറഞ്ഞു 'ഫ്ളോറൻസ്, നീ വേദനിയ്ക്കണം എങ്കിലേ മററുള്ളവരുടെ വേദന അറിയാനാകൂ. കരഞ്ഞ് കരഞ്ഞ് തളരണം. എങ്കിലെ കരയുന്നവരുടെ കണ്ണീരൊപ്പാനാകൂ. പക്ഷേ....' ഫ്ളോ് വിങ്ങിപ്പൊട്ടി. ഞാനെന്തു ചെയ്യണം? എങ്ങിനെ പ്രവർത്തിയ്ക്കണം.... ദൈ

വമേ ! തലയിണ കണ്ണീരിൽ കുതിർന്നു. കുറെ കരഞ്ഞെങ്കിലും ഹൃദയത്തിൻെറ ഭാരം നീങ്ങുമല്ലോ.

താഴെ പ്രാതലിനുള്ള മണിയൊച്ച കേട്ടു. ഫ്ളോ കട്ടിലിൽ നിന്നും എഴുന്നേററു. അടുത്തുകിടന്ന വസ്ത്രമെടുത്ത് മിഴികഠം അമർത്തിത്തുടച്ചു. കണ്ണാടിയിൽ നോക്കി. മുഖം അടിയേററതു പോലെ വിങ്ങി വീർത്തിരിയ്ക്കുന്നു. അമ്മയുടെ സൂക്ഷ്മ ദൃഷ്ടികളെ മറയ്ക്കാൻ തനിയ്ക്കു കഴിയില്ല. അച്ഛനെ അഭിമുഖീകരിക്കാൻ തന്നേക്കൊണ്ടാവുകയില്ല. പാർത്തെയുടെ തെരുതെരെയുള്ള ചോദ്യങ്ങഠംക്ക് സമാധാനം പറയണം. ആകെ തളർന്നിരിയ്ക്കുകയാണ്. തൻെറ ചിന്താഗതികളെ അവർ പുച്ഛരിയ്ക്കുകയും ചെയ്യും. അവഠം വീണ്ടും കിടക്കയെത്തന്നെ ശരണം പ്രാപിച്ചു. പാർത്തെ വന്നു ചോദിച്ചപ്പോഠം തനിയ്ക്കു സുഖമില്ലെന്നു പറഞ്ഞു. വീണ്ടും അവിടെത്തന്നെ കിടന്നു. കയ്പ്പുനിറഞ്ഞ ലോകത്തെക്കുറിച്ചുള്ള ചിന്തകളിൽപ്പെട്ടു അവളൊന്നു മയങ്ങി. അമ്മയുടെ മൃദുവായ സ്പർശനം അവളെ ഉണർത്തി. അവർ വാത്സല്യത്തോടെ ചോദിച്ചു. ഫ്ളോ നിനക്കെന്തുപററി മുഖം വല്ലാതിരിക്കുന്നുണ്ടല്ലോ കഴിഞ്ഞ യൂറോപ്യൻ പര്യടനത്തിനുശേഷം നിൻെറ പ്രകൃതത്തിനൊരു മാററം വന്നിരിയ്ക്കുന്നു. നീ എന്താണ് സദാ ചിന്തിച്ചുകൊണ്ടിരിയ്ക്കുന്നത് ?'

തനിയ്ക്ക് അല്പം വിശ്രമം വേണമെന്ന് മാത്രമാണവഠം മറുപടി പറഞ്ഞത്. അവരെത്ര നിർബന്ധിച്ചിട്ടും തൻെറ ദുഃഖകാരണം ഫ്ളോ വെളിപ്പെടുത്തിയില്ല. ഇക്കാര്യത്തിൽ അവർ തന്നെ ഒട്ടും അനുകൂലിയ്ക്കില്ലെന്ന് അവഠംക്ക് അറിയാമായിരുന്നു. വീണ്ടും ഒററയ്ക്കായപ്പോഠം അവഠം ചിന്തിയ്ക്കാൻ തുടങ്ങി.

ഇംഗ്ലണ്ടിൽ ദാരിദ്ര്യവും രോഗവും നടമാടുകയാണ്. പട്ടിണികൊണ്ട് ജനങ്ങഠം അർദ്ധപ്രാണരായിരിയ്ക്കുന്നു. മാരകമായ രോഗങ്ങളിൽ നിന്ന് മുക്തി ലഭിയ്ക്കാതെ മനുഷ്യർ വലയുകയാണ്. സമുദായം അവരെ അഗണ്യകോടിയിൽ തള്ളിക്കളഞ്ഞിരിയ്ക്കുന്നു. ദു:ഖിതരും പീഡിതരും...സ്വർഗ്ഗരാജ്യം അവർക്കുള്ളതാണെന്ന് പറയുന്നു. പക്ഷേ ഈ ദു:ഖിതരുടെ മാളങ്ങളിൽ പട്ടിണിയും രോഗവും മാത്രമാണുള്ളത്. അവർ വേദ

നിയ്ക്കുന്നവരാണ്. ഭൂമി ഒരു നരകം—ജീവിതം ഒരു ശാപം—അവശരും ആലംബഹീനരുമായ മനുഷ്യർ—ക്ലേശിയ്ക്കുന്ന ഈ സാധു മനുഷ്യരുടെ ഇടയിലാണ് എന്റെ ലക്ഷ്യം കിടക്കുന്നത്. എങ്ങനെയുള്ള സേവനമാണ് അവർക്കു നൽകേണ്ടത്. അതുമാത്രം ഇപ്പോഴും അജ്ഞാതമായിരിയ്ക്കുന്നു.' ചിന്തകൾ ഇത്രത്തോളമാകുമ്പോളേയ്ക്കും ഫ്ളോ അസ്വസ്ഥയാകും. മാർഗ്ഗം ഏതെന്ന് ഇനിയും വ്യക്തമായിട്ടില്ല. ആരാണ് തന്നെ സഹായിയ്ക്കുക. എന്താണ് താൻ ചെയ്യുക. ഒരു ദീർഘനിശ്വാസം അവളിൽ നിന്നുമുയർന്നു. 'എത്ര ഭയങ്കരമായ ചുററുപാടിലാണ് ഞാൻ ജീവിയ്ക്കുന്നത്? ഇവർ എന്നെ മനസ്സിലാക്കുന്നില്ല.' ആയിടെ ഫ്ളോ 'ലീഹഴ്സ്ററി'നടുത്തുള്ള 'ഹൊാളേവേ' ഗ്രാമം സന്ദർശിച്ചു. അവിടത്തെ ദുരിതങ്ങൾ ഫ്ളോയുടെ മനസ്സിനെ ഗാഢമായി സ്പർശിച്ചു. ജനങ്ങളുടെ ജീവിതരീതി അങ്ങേയററം മോശമായിരുന്നു. ജനങ്ങളധികവും മുഴുത്ത മദ്യപാനികൾ! വായുവും വെളിച്ചവും ലഭിയ്ക്കാത്ത വിധത്തിൽ ജനങ്ങൾ അവിടെ തിങ്ങിപ്പാർത്തിരുന്നു. കുടിലുകൾക്കു സമീപം വിസർജ്ജ്യവസ്തുക്കളും മലിനജലവും കെട്ടിക്കിടന്നു. എങ്ങും ദുർഗന്ധം. പകർച്ചവ്യാധിയും പട്ടിണിയും ആ ഗ്രാമത്തെ കാർന്നുതിന്നുകയായിരുന്നു. ഫ്ളോ അമ്മയെ സമീപിച്ച് തനിയ്ക്ക് കുറച്ചു പണവും സാമഗ്രികളും വേണമെന്ന് ആവശ്യപ്പെട്ടു. അല്ല ശഠിയ്ക്കുകതന്നെ ചെയ്തു. അതുകൊണ്ട് ആ ഗ്രാമീണർക്ക് വസ്ത്രങ്ങൾ, കിടക്കകൾ, കട്ടിലുകൾ കഴിയുന്നത്ര ആഹാരം എന്നിവ നൽകി. അവരെ ഉപദേശിച്ചു. അവരുടെ പ്രവൃത്തികൾ ഹീനവും അനാരോഗ്യകരവുമാണെന്ന് അവരെ ബോധ്യപ്പെടുത്തി. ആ ദു:ഖിതരുടെ മാളങ്ങളിൽ അവർ ശാന്തിയും സമാധാനവും ഉളവാക്കി. ദൈവത്തിന്റെ പ്രേരണ യഥാർത്ഥമായി ഭവിക്കുന്നു.

### കൂട്ടിലെ കിളി

ഇംഗ്ലണ്ടിലെ ഏററവും ഉയർന്നസ്ഥാനത്ത് 'ലീഹഴ്സ്ററ്' എന്ന മനോഹരമായ വീട്. പക്ഷേ ഫ്ളോ അതിനുള്ളിൽ കാഞ്ചനക്കൂട്ടിലെ കിളിയായിരുന്നു. പുറമേ, വിശാലമായ ലോക

ത്തിലേയ്ക്ക് പറന്നുയരുവാൻ അവഠം ചിറകിട്ടടിച്ചു. അവഠം ദു:ഖിതയായിരുന്നു.

കഴിഞ്ഞദിവസം അവിടെ നടന്ന സംഭവങ്ങഠം ഒന്നൊന്നായി അവളുടെ കൺമുന്നിൽ തെളിഞ്ഞു. ക്രോധംകൊണ്ട് ജ്വലിച്ചു നില്ക്കുന്ന പിതാവ്. അദ്ദേഹത്തിൻെറ ചോദ്യങ്ങഠം കൂർത്തശരങ്ങളായി അവളുടെ ഹൃദയത്തിൽ ആഞ്ഞു തറച്ചു. ഇതിനാണോ എൻെറ മകഠം തത്ത്വശാസ്ത്രവും കവിതയും പഠിച്ചത്? ഗ്രീക്കും ലാററിനും പഠിച്ചത്? ഇതിനായിരുന്നോ ലണ്ടനിലും പാരീസിലും പര്യടനത്തിന്നു പോയത്? എത്ര നിഷ്കർഷിച്ചാണ് മക്കളെ വളർത്തിയത്! അവരുടെ നല്ല ഭാവിയെ കരുതി മാത്രം. അവസാനം വെറുമൊരു നഴ്സാകാൻ മകഠം താൽപര്യപ്പെടുന്നു. ഇതിലും വലിയ ശാപമെന്തുണ്ട്? എവിടെ തങ്ങളുടെ അന്തസും അഭിമാനവും....? ഏതോ ഒരു നരകത്തിലേയ്ക്ക് വഴുതി വീണു കൊണ്ടിരിയ്ക്കുന്ന മകളെ കണ്ടപ്പോഠം.... അദ്ദേഹം കൈകഠം കൂട്ടിത്തിരുമ്മി. ക്ഷോഭം കൊണ്ടു വിറച്ചു.

കഷ്ടം. മഹാനായ പിതാവ്.... അദ്ദേഹം തൻെറ ഏററവും വലിയ അഭയകേന്ദ്രമായിരുന്നു. ഈ സ്വർണ്ണപഞ്ജരത്തിനുള്ളിൽ തന്നെ ആശ്വസിപ്പിച്ച ഏകവ്യക്തി. ഇന്ന് അദ്ദേഹം എവിടെ? ദൂരെ എവിടെയോ പോയിരിയ്ക്കുന്നു. തൻെറ തീരുമാനങ്ങഠം അത്രയ്ക്ക് വിസ്ഫോടകമായിരുന്നോ? മരണമാണ് തനിയ്ക്ക് അഭികാമ്യമായിട്ടുള്ളത്. ഈ നിമിഷം തന്നെ അത് സംഭവിച്ചെങ്കിൽ!

ഫ്ളോയുടെ ചിന്തകഠം ഒരു പ്രത്യേക ലോകത്തിലേയ്ക്കു നീങ്ങുവാൻ തുടങ്ങി. അവഠം ശരിയ്ക്ക് ആഹാരം കഴിയ്ക്കാതായി. സന്ദർശകരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും കഴിയുന്നതും അകന്നു മാറി. വായനമുറിയും തുറന്ന വരാന്തയും മാത്രമാണ് തനിയ്ക്ക് ആലംബം. സദാ മനോരാജ്യമാണ്. ഒരിയ്ക്കൽ അമ്മ സമീപത്തെത്തിയതുപോലും ഫ്ളോ അറിഞ്ഞില്ല. അവർ മകളെത്തന്നെ നോക്കി നിൽക്കുകയായിരുന്നു. സമ്പത്തും സൗഭാഗ്യവും വേണ്ടുവോളമുണ്ട്. എന്നിട്ടും കണ്ണീരും കയ്യുമായിരിയ്ക്കുന്ന മകളോട് അവർക്ക് വിദ്വേഷമാണ്

തോന്നിയത്. എങ്കിലും തികഞ്ഞ അടക്കത്തോടെ മകളെ സമ പിച്ചു. പാറിക്കിടക്കുന്ന മുടിച്ചുരുളുകൾ മാടിയൊതുക്കി. അവർ മൃദുവായി വിളിച്ചു 'പ്രിയ ഫ്ളോ,' കുനിഞ്ഞ അവളുടെ മുഖം പിടിച്ചുയർത്തി വളരെ ശാന്തമായി മകളോടു പറഞ്ഞു;

മകളെ, നിൻെറ ഈ വിഷമം കണ്ടു ജീവിക്കാൻ ഞങ്ങളെ ക്കൊണ്ട്. ആവില്ല നിൻെറ അച്ഛൻ എത്ര പ്രതാപശാലിയാണ്. എന്തെല്ലാം സൗകര്യങ്ങളാണ് അദ്ദേഹം നിങ്ങൾക്കുവേണ്ടി ഒരു ക്കിയിരിക്കുന്നത്. മക്കൾ ഏററവും ഉയർന്ന നിലയിൽ ജീവിയ്ക്കുന്നതു കാണാൻ ഏതു മാതാപിതാക്കളും മോഹിച്ചു പോകും. തങ്ങളുടെ പ്രതീക്ഷകൾ തകർന്നാൽ മാതാപിതാക്കൾക്കുണ്ടാ കുന്ന വൈഷമ്യം എന്താണെന്നുപോലും നീ ചിന്തിയ്ക്കുന്നില്ല. നിനക്ക് വിവാഹപ്രായമായി. നല്ലൊരു വരനെ തേടുകയാണ് ഇപ്പോൾ വേണ്ടത്. സൽസ്വഭാവിയും യോഗ്യനുമായ ഒരു യു വാവ് വിവാഹാഭ്യർത്ഥനയുമായി വന്നപ്പോൾ നീ തടഞ്ഞു. ഇതിൽപ്പരം വേദനാജനകമായി എന്തുണ്ട്.....? ആ മാതാവിൽ നിന്നും ഒരു നെടുവീർപ്പുയർന്നു. അവർ മകളുടെ മുഖത്തു നോക്കി. ഫ്ളോ നിർവികാരയായിരുന്നു. തൻെറ ഇംഗിതങ്ങളെ കണക്കിലെടുക്കുവാനോ അല്പം ആശ്വാസം പകരുവാനോ ആരു മില്ല. തനിയ്ക്ക് എന്താണോ ഇഷ്ടമില്ലാത്തത് അതുമാത്രമാ ണ് ഇവിടെയുള്ളത്. അമ്മയുടെ സാമീപ്യം അവളെ കൂടുതൽ വേദനിപ്പിയ്ക്കുകയാണ് ഉണ്ടായത്. അല്ലെങ്കിൽ, അമ്മയെ എന്തിനു പറയണം? സദാ വിഷമിച്ചുകഴിയുന്ന ഒരു മകളുണ്ടാ യത് അവരുടെ ഭാഗ്യദോഷം കൊണ്ട്. ഓർക്കും തോറും ഫ്ളോ യുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ വേദനയോടെ അമ്മ യുടെ മുഖത്തുനോക്കി. ഒരു പക്ഷേ ജീവിതത്തിൽ ഒരിയ്ക്കലും തൻെറ അമ്മ ഇത്രയും വേദനിച്ചിരിയ്ക്കയില്ല. താൻ മൂലം അവർ ... ഫ്ളോയ്ക്ക് ദുഃഖം അണപൊട്ടിയൊഴുകി.

എത്രയൊക്കെ ബുദ്ധിയും അറിവും ഉണ്ടായിട്ടും ഉള്ളിലെ സംഘട്ടനങ്ങളെ അതിജീവിയ്ക്കാൻ അവൾക്ക് കഴിഞ്ഞില്ല. ആ മാതാവിനും തൻെറ തീരുമാനങ്ങളെക്കുറിച്ചു ചില നീതീകരണ ങ്ങളുണ്ടായിരുന്നു.

ഇംഗ്ളണ്ടിൽ ആശുപത്രികൾ അക്കാലത്ത് ശോചനീയമായ നിലയിലാണ് വർത്തിച്ചിരുന്നത്. തികച്ചും അശ്രദ്ധമായ ഒരു നടപടിക്രമമാണ് അവിടെ ഉണ്ടായിരുന്നത്. ശരിയായ ശുചീകരണസമ്പ്രദായം ഏർപ്പെടുത്തിയിരുന്നില്ല. മാലിന്യങ്ങളെ നീക്കം ചെയ്തിരുന്നില്ല. ദുർഗന്ധം വമിയ്ക്കുന്ന അന്തരീക്ഷം. ആശുപത്രികളെ അഭയം പ്രാപിയ്ക്കുന്നവർ കൂടുതൽ വേദനയോടെയാണ് ആ അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടിയത്. വേണ്ടത്ര കട്ടിലോ കിടക്കയോ ഇല്ല. രോഗികളുടെ എണ്ണം ക്രമത്തിലധികമായിരുന്നു. രോഗികൾക്ക് മരുന്നോ ശരിയായ ശുശ്രൂഷയോ ലഭ്യമായിരുന്നില്ല.

രോഗികളോട് അധികാരികളുടെ സമീപനം അതിലും മോശമായിരുന്നു, കാരുണ്യത്തിന്റെ കണികപോലും അവർക്ക് ലഭിച്ചില്ല. നഴ്സുമാരുടെ ജീവിതരീതി തികച്ചും അധഃപതിച്ച വിധത്തിലായിരുന്നു. അല്പം സാമ്പത്തികശേഷിയോ വിദ്യാഭ്യാസമോ ഉള്ളവർ ഈ രംഗം സ്വീകരിച്ചിരുന്നില്ല. പൊതുവേ ഈ തൊഴിലിനോട് എല്ലാവർക്കും അവജ്ഞയായിരുന്നു. നഴ്സുമാരുടെ ജീവിതം സദാചാരപരമായി വളരെ ജീർണ്ണത ബാധിച്ചതായിരുന്നു. അവരിൽ അധികം പേരും മുഴുത്ത മദ്യപാനികളായിരുന്നു.

വളരെ പരിമിതമായ സൗകര്യങ്ങളേ അന്ന് ബ്രിട്ടീഷ് ഗവണ്മെന്റ് നഴ്സുമാർക്കായി ഏർപ്പെടുത്തിയിരുന്നുള്ളൂ. മിക്കവരും അതാതു വാർഡുകളിൽത്തന്നെ കിടന്നുറങ്ങി. ആഹാരം പാകം ചെയ്യുന്നതും ഭക്ഷിയ്ക്കുന്നതുമെല്ലാം അവിടെ വച്ചായിരുന്നു.

അച്ചടക്കത്തെക്കുറിച്ച് യാതൊരു ബോധവും അവർക്കുണ്ടായിരുന്നില്ല. അവർക്ക് കഠിനമായി അദ്ധ്വാനിക്കേണ്ടി വന്നു. ഓരോ നഴ്സിനും അനവധി രോഗികളുടെ ചുമതല ഏറ്റെടുക്കേണ്ടിയിരുന്നു. തന്മൂലം തങ്ങളുടെ തൊഴിലിനോടു നീതിപുലർത്താൻ അവർ മിനക്കെട്ടതേയില്ല.

ഇനി രോഗികളുടെ അവസ്ഥയാണ്. അവർ വാർഡുകളിൽ മദ്യം കൊണ്ടുവന്നു സേവിച്ചിരുന്നു. പലർക്കും സാംക്രമി

കരോഗം പിടിപെട്ടിരുന്നു. ആശുപത്രിയുടെ അന്തരീക്ഷം അസ്വസ്ഥതയും ബഹളവും കൊണ്ടു നിറഞ്ഞു. യഥാർത്ഥത്തിൽ രോഗികളെക്കാൾ കഷ്ടമായിരുന്നു ആശുപത്രിയുടെ അവസ്ഥ. ഈ ദുരവസ്ഥയിൽ ഏതു് രക്ഷിതാക്കളാണ് തങ്ങളുടെ മകളെ നഴ്സാകുവാൻ അനുവദിയ്ക്കുക?

ഫാനി അൽപം വാചാലയായി. 'പ്രിയഫ്ളോ, നീ എന്തു തന്നെ പറഞ്ഞാലും ഞങ്ങൾ ജീവിച്ചിരിയ്ക്കുമ്പോൾ അതിന് അനുവദിയ്ക്കുകയില്ല നീ നശിക്കുന്നതു കാണാൻ ഞങ്ങൾക്കു ശക്തിയില്ല. യോജിച്ച ഒരു വരനെ വിവാഹം കഴിച്ച് സുഖമായി ജീവിക്കുക. ഞങ്ങളുടെ അഭിലാഷം അതു മാത്രമാണ്. ഒരു നഴ്സായിത്തീരുവാൻ നിനക്ക് ഒരിയ്ക്കലുംസാധിയ്ക്കുകയില്ല.' മേലിൽ ഒരിയ്ക്കലും നഴ്സാകുന്നതിനെപ്പററി ചിന്തിയ്ക്കുകയേ വേണ്ട. അവർ മകളുടെ മുഖത്തു നോക്കി. ആ മുഖം വിളറി വെളുത്തിരുന്നു. ഫാനി പെട്ടെന്ന് അവിടെനിന്നും പിന്മാറി. അവരും വളരെയധികം അസ്വസ്ഥയായിരുന്നു. ഫ്ളോയുടെ മനസ്സിനെ എങ്ങിനെയാണ് മാററിയെടുക്കുക? തന്റെ മകൾക്ക് നല്ലബുദ്ധി തോന്നിക്കുവാനായി അവർ ഈശ്വരനോട് പ്രാർത്ഥിച്ചു.

ഇതിനകം ഫ്ളോ രോഗബാധിതയായിക്കഴിഞ്ഞിരുന്നു. ഊണില്ല ഉറക്കമില്ല. തന്റെ മനസ്സിനെ ഇനിയൊരിക്കലും മാററാനാകില്ല. ആതുരശുശ്രൂഷയ്ക്കായി അത് വെമ്പുന്നു. ആ ആഗ്രഹം സഫലമായെങ്കിലേ അതിനിനി വിശ്രമമുള്ളു. ഫ്ളോയുടെ ഉററ സുഹൃത്തായിരുന്നു ആഷ്ലീ പ്രഭു. അദ്ദേഹം ഒരിയ്ക്കൽ എംബ്ലീപാർക്ക് സന്ദർശിച്ചപ്പോൾ ഫ്ളോറൻസ് തന്റെ തീരുമാനങ്ങളെക്കുറിച്ച് അദ്ദേഹത്തെഅറിയിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആശുപത്രികളെക്കുറിച്ച് പുറത്തു വന്ന ചില പ്രസിദ്ധീകരണങ്ങൾ വായിച്ചു. അതോടൊപ്പം അവയെക്കുറിച്ചുള്ള കുറിപ്പുകളും തയ്യാറാക്കിയിരുന്നു പാരീസിലും ബർലിനിലുമുള്ള ആശുപത്രികളുടെ റിപ്പോർട്ടും അവർ ശേഖരിച്ചു. ഒട്ടനവധികാര്യങ്ങൾ ഗ്രഹിച്ചു. 'കൈസേർസ് വേർത്ത് ആശുപത്രിയിലെ നഴ്സിങ്ങ് പരിശീലനത്തെക്കുറിച്ച് ഒരു പ്രസിദ്ധീകരണം ഫ്ളോയുടെ ശ്രദ്ധയെ ആകർഷിച്ചു

അന്നത്തെ പ്രഷ്യൻ അമ്പാസിഡർ 'ഷെവലിയർ ബേൺസ്' എന്നൊരാളായിരുന്നു. അദ്ദേഹവും പത്നിയും ഫ്ളോയുടെ ഉററ മിത്രങ്ങളായിരുന്നു. ഉദ്ദേശം നാലുവർഷം മുമ്പ് കൈസേർസ്‌വേർത്ത് ആശുപത്രിയേയും അവിടത്തെ പ്രവർത്തനങ്ങളേയും ഫ്ളോയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷേ, തൻെറ സേവനരംഗം അതായിരിയ്ക്കുമെന്നും അവർ ചിന്തിച്ചതേയില്ല. പ്രസ്തുതസ്ഥാപനത്തിലെ പ്രവർത്തനങ്ങളേയും ജീവിതരീതിയേയുംപററി പ്രതിപാദിയ്ക്കുന്ന ഒരു പ്രസിദ്ധീകരണം വായിച്ചപ്പോൾ അവിടം സന്ദർശിയ്ക്കണമെന്ന് ഫ്ളോയ്ക്ക് ആഗ്രഹം തോന്നി. അവിടെ ചെന്നാൽ ആവശ്യമായ പരിജ്ഞാനവും പരിശീലനവും നേടാനാകുമെന്ന് ഫ്ളോ ആശിച്ചു. അറിയാൻ കഴിഞ്ഞിടത്തോളം അവിടെ തനിയ്ക്ക് ഹിതമായ അന്തരീക്ഷമായിരിക്കുമെന്ന് അവൾക്കു തോന്നി. അവിടെ പരിശീലനം നടത്തുന്നവർ കന്യാസ്ത്രീകളാണ്. പരിശീലനം നൽകുന്നവർ വൈദികരും. കർശനമായ നിയന്ത്രണവും ശിക്ഷണവും ഉള്ള സ്ഥലമായിരിയ്ക്കുമെന്ന് അവൾ ആശ്വസിച്ചു.

ലീഹഴ്സററും എംബ്ലീപാർക്കും ഏററവും വലിയ രണ്ടു തടവറകളായി അവർക്കു തോന്നി. തന്നെ വലയം ചെയ്തിരിയ്ക്കുന്ന അസ്വതന്ത്രതയിൽനിന്ന് വിമുക്തിനേടുവാൻ ഫ്ളോ ആഗ്രഹിച്ചു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സ്വപ്നം നാൾക്കുനാൾ ഉജ്ജ്വലമായിവന്നു.

### കൈസേർസ് വേർത്തിലേയ്ക്ക്

1847–ലെ ഒരു ശരത്കാലം. എംബ്ലീപാർക്കിലെ വിശാലമായ ഒരു മുറിയിൽ അവശയായി ഫ്ളോ കിടന്നിരുന്നു. വളരെ നാളുകളായി മനസ്സും തികച്ചും അസ്വസ്ഥമായിരുന്നു. മനസ്സിനും ശരീരത്തിനും വിശ്രമം വേണം? അത് എന്നാണ് തനിയ്ക്കു ലഭിയ്ക്കുക. രോഗശയ്യയിലായിരുന്നപ്പോഴും അവൾ സദാ ചിന്തയിലായിരുന്നു. കൈസേർസ് വേർത്തിലേയ്ക്ക് പോകണം. അതിനെന്താണൊരു മാർഗ്ഗം? കിടപ്പിലായതിനുശേഷം വിവരങ്ങളൊന്നും അറിയാൻ കഴിയുന്നില്ല. ആരെ

ങ്കിലും വന്നാൽത്തന്നെ പരസ്യമായി ഇക്കാര്യങ്ങളെക്കുറിച്ചു ചർച്ചചെയ്യാൻ വിഷമം. ദിവസം കഴിയുന്തോറും ആരോഗ്യനില മോശപ്പെട്ടു വന്നു.

അന്ന് ഒഴിവുദിവസമായിരുന്നു. ഫ്ളോയ്ക്ക് അസുഖമാണെന്നറിഞ്ഞു ഒരുപാടു പരിചയക്കാർ എംബ്ലിപാർക്കിൽ വന്നു. ഫ്ളോയുടെ അപ്പോഴത്തെ അവസ്ഥയിൽ അവരെല്ലാം ദു:ഖിച്ചു. ഈ നില തുടർന്നുപോയാൽ ഫ്ളോയുടെ ജീവൻ അപകടത്തിലാകും. എല്ലാ മുഖത്തും ഉൽക്കണ്ഠ നിഴലിച്ചിരുന്നു. പലരും അവളെ ആശ്വസിപ്പിയ്ക്കാൻ ഒരു വിഫലശ്രമംനടത്തി. നീണ്ട മൗനമായിരുന്നു അതിനുള്ള മറുപടി.

പുറത്തും ആരുടെയോ അടക്കിപ്പിടിച്ച സംസാരം. സ്വരം വേർതിരിച്ചറിയാനാകുന്നില്ല, പെട്ടെന്നാണ് അമ്മയെ അനുഗമിച്ചുകൊണ്ട് അവർ അകത്തു കടന്നത്. ഫ്ളോയുടെ മുഖം പ്രസന്നമായി. സെലീനയും ചാറൽസ് ബ്രെയ്സ് ബ്രിഡ്ജ്ജും കട്ടിലിനു സമീപം അവരംക്കഭിമുഖമായി ഇരുന്നു. വളരെ ക്ഷീണിച്ചസ്വരത്തിൽ ഫ്ളോ കുശലമാരാഞ്ഞു. 'മിസ്സിസ് 'സെലീനാ, നിങ്ങരംക്ക് രണ്ടുപേർക്കും ക്ഷേമം തന്നെയല്ലേ?,' 'അതെ' എന്നയർത്ഥത്തിൽ സെലീന തലകുലുക്കി. ഫ്ളോയെ അവർക്കു വലിയ കാര്യമായിരുന്നു. ഫ്ളോയുടെ പാകതവന്ന പെരുമാററവും ബുദ്ധിശക്തിയും അവരിൽ വലിയ മതിപ്പുളവാക്കി. പക്ഷേ ഇപ്പോഴത്തെ നിലയിൽ അവർക്ക് അളവററ വ്യസനംതോന്നി.

സെലീനയും ബ്രെയ്സ് ബ്രിഡ്ജ്ജും ഫ്ളോയുടെ ഉററസുഹൃത്തുക്കളായിരുന്നു. അവർ ഒരു പര്യടനത്തിനായി റോമിലേയ്ക്കു പോവുകയായിരുന്നു. അപ്പോഴാണ് ഫ്ളോയുടെ അസുഖത്തെക്കുറിച്ചറിഞ്ഞത്. ഫ്ളോയുടെ അസുഖം ഭേദമാകുന്നതോടെ അവളെയും കൂടെ കൊണ്ടുപോകാനാഗ്രഹിയ്ക്കുന്നതായി സെലീന ഫാനിയോടു പറഞ്ഞു.

മിസ്സിസ് നൈററിംഗേൽ, ഫ്ളോയ്ക്ക് അത് എന്തുകൊണ്ടും നല്ലതായിരിയ്ക്കും. യാത്രയ്ക്കിടയിൽ അവളുടെ മന

സ്സിന് അൽപം സ്വസ്ഥത ലഭിച്ചേയ്ക്കും. തന്നെയുമല്ല നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കാനും അത് സഹായിച്ചേക്കും'

അവർ ഫാനിയുടെ മുഖത്തേയ്ക്കു നോക്കി. സെലീന പറഞ്ഞത് പരമാർത്ഥമാണെന്ന് ഫാനിയ്ക്ക് ബോദ്ധ്യമായി. അവർ പറഞ്ഞു

'മിസ്സിസ് സെലിൻ, ഈ പര്യടനംകൊണ്ട് ഫ്ളോയുടെ മനസ്സിന് സമാധാനം ലഭിയ്ക്കുമെങ്കിൽ അതിൽ എനിയ്ക്കു സന്തോഷമേയുള്ളൂ ഫ്ളോയ്ക്ക് സ്വീകാര്യമാണെങ്കിൽ തീർച്ചയായും ഞങ്ങൾ അതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതാണ്.'

ഫ്ളോയുടെ മുഖം സന്തോഷം കൊണ്ടു വികസിച്ചു. തന്റെ ആരോഗ്യം യാത്രചെയ്യാവുന്ന ഘട്ടത്തിലെത്തിയാൽ ഉടനെ പര്യടനം ആരംഭിക്കാമെന്ന് ഫ്ളോ അറിയിച്ചു. രോഗം ഭേദമായതോടെ സെലീനയും ചാറൽസ് ബ്രേയ്സ്ബ്രിഡ്ജുമൊന്നിച്ച് ഫ്ളോ റോമിലേയ്ക്കു പോയി. ആറു മാസത്തോളം ഫ്ളോ റോമിൽ കഴിച്ചുകൂട്ടി. അവിടെ വച്ചാണ് തന്റെ ജീവിതത്തിലെ ഏററവും പ്രാധാന്യമർഹിയ്ക്കുന്ന മാന്യനുമായി ഫ്ളോ പരിചയപ്പെട്ടത്. ഇംഗ്ലണ്ടിലെ ഒരു പ്രമുഖവ്യക്തിയും വലിയൊരു സ്വത്തിന്റെ ഉടമയുമാണ് സിഡ്നിഹെർബർട്ട്. അദ്ദേഹവും പത്നി ലിസ്സയും വിവാഹശേഷം കുറെ ദിവസമായി റോമിൽ താമസിക്കുകയായിരുന്നു. അപ്പോഴാണ് ഫ്ളോ അവരുമായി പരിചയപ്പെട്ടത്. പ്രഥമപരിചയത്തിൽ നിന്നു തന്നെ ഫ്ളോറൻസിന്റെ പെരുമാററം അവരിൽ മതിപ്പുളവാക്കി. അല്പം ക്ഷീണിച്ചതെങ്കിലും ആ മുഖത്ത് ഏതോ പ്രതീക്ഷയുടെ തിളക്കം അവർ ദർശിച്ചു. റോമൻ പര്യടനം കഴിഞ്ഞ് എംബ്ലീപാർക്കിൽ തിരിച്ചെത്തിയതിനുശേഷം അധികം താമസിയാതെ സിഡ്നിഹെർബർട്ടും പത്നിയും എംബ്ലീപാർക്ക് സന്ദർശിച്ചു. ഫ്ളോറൻസുമായുള്ള അവരുടെ സുഹൃദ്ബന്ധം വളർന്നു. സിഡ്നിഹെർബർട്ട് മുഖാന്തരം ഇംഗ്ളണ്ടിലെ ആശുപത്രിയുടെ നവീകരണവിഷയത്തിൽ തത്പരരായ പല പ്രമുഖവ്യക്തികളുമായി പരിചയപ്പെട്ടു

വാനും അവരുടെ അഭിപ്രായങ്ങൾ ആരായാനും ഫ്ളോയ്ക്ക് കഴിഞ്ഞു. സമൂഹത്തിലെ ഒരു മുഖ്യഘടകമാണ് ആശുപത്രി. അവയെ പരിരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും ആവശ്യമാണ്. രോഗംമൂലം ആശുപത്രികളെ അഭയം പ്രാപിക്കുന്ന മനുഷ്യരുടെ എണ്ണം ദിനംപ്രതി കൂടിക്കൂടിവരുകയാണ്. അവരുടെ ദുരിതങ്ങൾ ആരോട് പറയാനാണ്? വാർദ്ധക്യവും, രോഗവും, ഏററവുമധികം പരിചരണം ആവശ്യപ്പെടുന്ന സന്ദർഭങ്ങളാണ്. മരണവുമായി മല്ലടിക്കുന്ന ജീവിതങ്ങളെ മരണത്തിൻെറ പിടിയിൽ നിന്നു സംരക്ഷിയ്ക്കുവാൻ പോലും ശരിയായ പരിചരണങ്ങൾകൊണ്ട് കഴിഞ്ഞെന്നുവരാം. ഈ പരിതസ്ഥിതിയിൽ ശുശ്രൂഷാകേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും നഗരത്തിലും സ്ഥാപിയ്ക്കേണ്ടതാണ്. വേണ്ടത്ര സൗകര്യങ്ങൾ അവിടെ ഏർപ്പാടുചെയ്യണം. നഴ്സുമാരുടെ പ്രവൃത്തികൾ ചിട്ടപ്പെടുത്തണം. ആശുപത്രിയുടെ ഭരണകാര്യങ്ങൾ കർശനമായ നിയമങ്ങൾക്ക് വിധേയമാക്കണം. ഫ്ളോ ഇതേപ്പററി തന്നെ സദാ ചിന്തിച്ചു. സൗകര്യം കിട്ടുമ്പോഴെല്ലാം സിഡ്ഹെർബർട്ടിനോടും അദ്ദേഹത്തിൻെറ സുഹൃത്തുക്കളോടും ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചു. അധികൃതവൃത്തങ്ങളെ ഈ വസ്തുതകൾ അറിയിക്കുവാൻ അവർ ആഗ്രഹിച്ചു. അവരുടെ സഹായത്തോടെ ആവശ്യമായ നടപടികൾ ഉടനെതന്നെ സമാരംഭിയ്ക്കുവാൻ പല പ്രമുഖ വ്യക്തികളോടും അഭ്യർത്ഥിച്ചു.

ഫ്ളോയുടെ ചിന്താഗതികളെ പലരും സ്വാഗതം ചെയ്തു. ക്രമേണ പലർക്കും അവ ബോധ്യമായി. അവളുടെ അഭിപ്രായങ്ങളെ പലരും പ്രശംസിച്ചു. സുഖത്തിൻെറയും സമൃദ്ധിയുടെയും നടുവിൽ ജനിച്ചുവളർന്ന ഈ പ്രഭുകുമാരിയുടെ ഉള്ളിൽ എങ്ങനെ ഇത്തരം ചിന്താഗതികൾ ഉയർന്നുവന്നുവെന്നു എല്ലാവരും അത്ഭുതപ്പെട്ടു. പത്തൊമ്പതാം നൂററാണ്ടിലെ ഒരു യൂറോപ്യൻ വനിത ഇത്രയും ഉയർന്ന നിലവാരത്തിൽ ചിന്തിയ്ക്കുകയെന്നതുതന്നെ വലിയൊരു അത്ഭുതമായിരുന്നു. വിവാഹവും ഗൃഹകാര്യങ്ങളും മാത്രം കിനാവുകണ്ടുകൊണ്ടിരുന്ന പെൺകുട്ടികളുടെ ഇടയിൽ ഫ്ളോയുടെ വ്യക്തിത്വം വിഭിന്നവും ഉന്നതവുമായി നിലകൊണ്ടു.

ആശുപത്രിയുടെ ഉദ്ദേശവും ലക്ഷ്യവും ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ ഫ്ളോ ശ്രമിച്ചു. അതിൻെറ വിവിധവശങ്ങളെക്കുറിച്ച് അവരുമായി ചർച്ചകൾ നടത്തി. ആശുപത്രികളെ നിലവിലുള്ള പരിതസ്ഥിതിയിൽ നിന്നും മോചിപ്പിയ്ക്കുന്നതിനായി പൊതുജനങ്ങൾ താല്പര്യം കാണിച്ചു. ഫ്ളോ താൻ ശേഖരിച്ചുവച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ ബന്ധപ്പെട്ടവരെക്കാണിച്ചു. ആശുപത്രികളെക്കുറിച്ച് ഇതിനകം അവർ നേടിയ വിജ്ഞാനത്തെപ്പററി എല്ലാവരിലും മതിപ്പുളവാക്കി.

## അഭിനന്ദനം

ഹെർബർട്ട് ദമ്പതികളുടെ വസതിയിൽ ഫ്ളോ ഒരു നിത്യസന്ദർശകയായി. മിക്ക സായാഹ്നങ്ങളിലും അവർ ഒന്നിച്ചുകൂടും. പ്രധാന ചർച്ചാവിഷയം ആശുപത്രിയും ശുശ്രൂഷയും തന്നെ. ഒരിയ്ക്കൽ തൻെറ ഉദ്ദേശം അവൾ ഹെർബർട്ട് ദമ്പതികളെ അറിയിച്ചു.

'തീർച്ചയായും, ഫ്ളോ നിന്നെ അഭിനന്ദിയ്ക്കട്ടെ—ഇത്തരം സന്ദർഭങ്ങളിൽ ഉറച്ച മനസ്ഥിതിയാണ് ആവശ്യം. പ്രതിബന്ധങ്ങളെ നേരിടാതെ ഒരു മഹനീയ കൃത്യവും ആരും ചെയ്തിട്ടില്ല. നിന്നെപ്പോലെ നിശ്ചയ ദാർഢ്യമുള്ള യുവതികൾ ഇനിയും ഉണ്ടാകണം. എങ്കിലേ വനിതകൾക്ക് ഇവിടെ ഒരു ഭാവിയുള്ളൂ. നിനക്കു സർവ്വ മംഗളങ്ങളും ഉണ്ടാകട്ടെ!' അവർ ആശംസിച്ചു. വാസ്തവത്തിൽ അങ്ങനെയൊരു പ്രോത്സാഹനം ലഭിയ്ക്കുവാൻ ഫ്ളോയുടെ മനസ്സ് വെമ്പുകയായിരുന്നു. തന്നിൽ അടങ്ങിയ പരിമിതമായ കഴിവുകളെ ആരെങ്കിലും കണ്ടറിഞ്ഞു. പ്രോത്സാഹിപ്പിയ്ക്കുന്നതുകൊണ്ട് കൂടുതൽ ആത്മവിശ്വാസവും ഉത്സാഹവും തന്നിൽ ഉണരുന്നു. ഇത് തൻെറ ലക്ഷ്യപ്രാപ്തിയ്ക്ക് ഏററവും അത്യാവശ്യവുമാണ്. ഹെർബർട്ട് ദമ്പതികളോട് അവൾക്ക് നിസ്സീമമായ ആദരവുതോന്നി.

ബെൻസൺ ദമ്പതികളും ഫ്ളോയ്ക്ക് ആകാവുന്നതിലധികം സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തു. തങ്ങളുടെ

പുത്രിയെയും നഴ്സിങ്ങ് പരിശീലനത്തിനായി കൈസേർസ് വേർത്തിലേയ്ക്ക് അയയ്ക്കുന്നതാണെന്ന് അവർ പറഞ്ഞു. ഒരു അമ്പാസിഡർ കുടുംബത്തിന് അങ്ങിനെയാകാമെങ്കിൽ എന്തു കൊണ്ട് തന്റെ അച്ഛനമ്മമാർക്ക് തന്നെയും അയച്ചുകൂടാ? ബെൻസൺ ദമ്പതികളുടെ തീരുമാനങ്ങറം അറിഞ്ഞാൽ തീർച്ച യായും തന്നെയും അവർ കൈസേർസ് വേർത്തിലേയ്ക്ക് അയ യ്ക്കും. ഫ്ളോയ്ക്ക് ആശ്വാസം തോന്നി.

സമയം കിട്ടുമ്പോഴെല്ലാം ഫ്ളോ, ഹംപ്ഷയറിനടുത്തു ള്ള 'വെല്ലോ' ഗ്രാമത്തിൽ പോകും. ഗ്രാമത്തിന്റെ പ്രശാന്ത മായ അന്തരീക്ഷത്തിൽ കുറച്ചുനേരം കഴിച്ചു കൂട്ടുകയെന്നതു മാത്രമല്ല, അവിടെയുള്ള ജനങ്ങളുമായി അടുത്തു സമ്പർ ക്കം പുലർത്താനും ഫ്ളോയ്ക്ക് കഴിഞ്ഞു. അവരിൽ രോഗി കളോ വൃദ്ധരോ തന്നെ സമീപിച്ചെങ്കിൽ അവർക്ക് വേണ്ട ശു ശ്രൂഷകറം നൽകുമായിരുന്നു. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അവരെ പറഞ്ഞു മനസ്സിലാക്കി. വീടും പരിസരവും ശുചി യാക്കി വയ്ക്കുവാനും പരസ്പര ധാരണയോടും വിശ്വാസ ത്തോടുംകൂടി ജീവിയ്ക്കാനും അവർ പഠിച്ചു. ഓരോ ദിവസവും തങ്ങളുടെ മിസ്സി വരുന്നതുംനോക്കി അവർ ഇരിയ്ക്കും. കുഞ്ഞുങ്ങറം മിഠായിയും പൂക്കളും കൊണ്ട് ഓടി വരുന്നതും കാത്ത് അക്ഷമരായി ഇരിയ്ക്കും. ശാലീനവും കുലീനവു മായ അവരുടെ ഓരോ ചലനവും നോക്കി നിന്ന് നിശ്ശബ്ദ മായി അവരെ ആരാധിയ്ക്കാൻ സാധുക്കളായ ഗ്രാമപ്പെൺകൊടി മാർ നില്ക്കും. അവർക്ക് ഫ്ളോ ഒരു മാലാഖയായിരുന്നു. തങ്ങളുടെ ജീവിതത്തിൽ വെളിച്ചം പകർന്ന ഒരു നെയ്ത്തിരിനാള മായിരുന്നു. മനുഷ്യന് മനുഷ്യനെ സ്നേഹിയ്ക്കാൻ, അവ രുടെ സുഖദു:ഖങ്ങളെ പങ്കിടാൻ ഒരു പരിശീലനത്തിന്റെ യും ആവശ്യമില്ലല്ലൊ. ആ ഗ്രാമവാസികറം തങ്ങളുടെ എല്ലാ മെല്ലാമായി അവളെ സ്നേഹിച്ചു. സ്നേഹം സ്നേഹംകൊണ്ടു തന്നെ നേടിയെടുക്കണം.

ഒരിയ്ക്കൽ ഗ്രാമത്തിലെ ചോളവയലുകറംക്കിടയിലൂടെ ഏകാകിയായി നടക്കുകയായിരുന്നു ഫ്ളോ. ആ സന്ദർഭത്തിൽ വിഷാദംനിറഞ്ഞ ഒരു മുഖം അവളുടെ മനസ്സിൽ തെളിഞ്ഞു.

ആ രൂപ തന്നോട്എന്തോ മന്ത്രിയ്ക്കുന്നുണ്ടായിരുന്നു. 'പ്രീയ ഫ്ളോ... നിന്നെ ഞാൻ സ്നേഹിയ്ക്കുന്നു. നിന്നെ മാത്രം. എന്റെ ജീവിതത്തിലേയ്ക്ക് കടന്നുവരാൻ നീ ഒരുക്കമാണോ? നിനക്ക് സന്തോഷംപകർന്നു തരാൻ മാത്രം ഞാൻ ആഗ്രഹിയ്ക്കുന്നു. നീ വരുമോ?' ഫ്ളോയുടെ ആത്മാവ് മന്ത്രിച്ചു. എന്റെ വിഷാദങ്ങളുടെ ലോകത്തിലേയ്ക്ക് അൽപം സ്നേഹവുമായി നിങ്ങൾ കടന്നു വന്നു. ഞാൻ നിങ്ങളെ വളരെയധികം സ്നേഹിയ്ക്കുന്നു. കാരണം ലോകത്തിലുള്ള എല്ലാവരേയും അത്രയധികം സ്നേഹിയ്ക്കുന്നു.

ചോളവയലുകൾ കാററിലാടി. തങ്ങളുടെ സ്വാമിനിയുടെ മനോഗതങ്ങൾ അവർ ഹർഷപൂർവ്വം സ്വാഗതം ചെയ്തിരിയ്ക്കുന്നു. ഫ്ളോയുടെ മുഖത്ത് എന്തെന്നില്ലാത്ത ഒരു ശാന്തി പരന്നു. അതേ, ഇവിടെ പരിചരണം കാംക്ഷിച്ചുവരുന്ന അനവധി ശിശുക്കളുടെ മാതാവാണ് ഞാൻ. അനവധി പേരുടെ സഹോദരിയാണ്. എന്റെ ഹൃദയത്തിന്റെയും ബുദ്ധിയുടെയും സമസ്ത മോഹങ്ങളെയും അവിടെ ഞാൻ സാക്ഷാത്കരിയ്ക്കുന്നു. എനിയ്ക്ക് ഈ ജീവിതത്തിൽ മറെറാന്നും ആവശ്യമില്ല.' മറെറാരു സന്ദർഭത്തിലും ഫ്ളോയ്ക്ക് ഇത്തരം ഒന്നു തീരുമാനിയ്ക്കേണ്ടിവന്നു.

നൈററിങ്ഗേൽ കുടുംബത്തിലെ ഒരു നിത്യ സന്ദർശകനായിരുന്നു റിച്ചാർഡ് മോൺക്ററൺ മൈൽസ്. അദ്ദേഹത്തെ തങ്ങളുടെ ഒരു കുടുംബാംഗമായാണ് അവർ കരുതിയിരുന്നത്. സമ്പന്നനും പരിഷ്കൃതാശയനുമായ ഈ വ്യക്തി ഫ്ളോയ്ക്ക് എന്തുകൊണ്ടും അനുരൂപനായ വരനായിരിക്കുമെന്ന് നൈററിങ്ഗേൽ കുടുംബത്തിനു തോന്നി. ഫ്ളോയെ അയാൾക്ക് വളരെയധികം ഇഷ്ടപ്പെട്ടു. വിവാഹാഭ്യർത്ഥന നടത്തി. ഫ്ളോ നിരസിച്ചു.

ഫാനിയും പാർത്തേയും ആക്ഷേപശരങ്ങൾകൊണ്ട് അവളെ മൂടി. സ്വസ്ഥമായിരിയ്ക്കാൻപോലും അവർ അവളെ അനുവദിച്ചില്ല. പരാതികളും ശകാരവർഷങ്ങളും നിരന്തരമായി അവൾ സഹിയ്ക്കേണ്ടിവന്നു. തങ്ങളുടെ 'അന്തസ്സും' ആഭിമാ

നവും ഇല്ലാതാക്കുകയാണ് ഫ്ളോയുടെ ഏകക ഉദ്ദേശമെന്ന് അവർ കുററപ്പെടുത്തി. മേലിൽ അധികം പുറത്ത് പോകരുതെന്ന് അവർ വിലക്കി. ആശുപത്രിയിലെ നഴ്സുമാരുടെ അധഃപതിച്ച ജീവിതം അവൾ കാംക്ഷിക്കുന്നതിനെപ്പോലും അവർ നിയന്ത്രണംവിട്ട് ആക്ഷേപിച്ചു. അത്രയുമായപ്പോഴേയ്ക്കും ഫ്ളോയ്ക്കും നിയന്ത്രണം വിട്ടു. മനസ്സിൽ തിങ്ങി വിങ്ങി നിന്ന വികാരങ്ങൾ അവളെ ചെറിയൊരു ഉന്മാദാവസ്ഥയിലേയ്ക്കു നയിച്ചു മനസ്സ് ഒരിടത്തും ഉറച്ചു നില്ക്കാതായി. മററുള്ളവർ പറയുന്നതെന്തെന്നുപോലും മനസ്സിലാക്കാൻ കഴിയാതായി.

ഫ്ളോയുടെ ഗുണകാംക്ഷികൾ അല്പം പരിഭ്രാന്തരായി. ഈ ഉന്മാദം അവളുടെ ജീവിതത്തെ തകർത്തേയ്ക്കുമോയെന്ന് അവർ ഭയപ്പെട്ടു. അത്രമാത്രം മനക്ഷോഭം ഫ്ളോ അനുഭവിക്കുന്നുണ്ടായിരുന്നു. ആക്ഷേപങ്ങൾ സഹിയ്ക്കാം. അപവാദങ്ങളോ അതും ഉററവരിൽനിന്ന്. ആ അവസ്ഥയിൽ ഫ്ളോയുടെ മുഖം കാണാൻ അരുതാത്തവിധം ദയനീയമായിരുന്നു. സെലീനയുടെ ബ്രെയ്സ് ബ്രിഡ്ജും ഈ വിവരമറിഞ്ഞു. അവരുടെ നിർബന്ധം സഹിയ്ക്കവയ്യാതായപ്പോൾ ഫ്ളോയെ അവരുടെ കൂടെ ഈജിപ്ഷ്യൻ സന്ദർശനത്തിനായി അയയ്ക്കാമെന്ന് ഫാനി സമ്മതിച്ചു അതൊരു താല്ക്കാലികാശ്വാസം മാത്രമായിരുന്നു. ഫ്ളോയുടെ പ്രകൃതത്തിന് ചില വ്യതിയാനങ്ങൾ സംഭവിച്ചു. അത് ചിത്തഭ്രമത്തിലേയ്ക്ക് വഴുതിവീഴുകയാണോ എന്ന് സലിൻ സംശയിച്ചു. അവർ ഒരു സാഹസപ്രവൃത്തിയ്ക്ക് മുതിർന്നു. സ്വന്തം ഉത്തരവാദിത്വത്തിൽ അവർ ഫ്ളോയെ കൈസേർസ്വേർത്തിലേയ്ക്ക് കൊണ്ടുപോയി. ചിരകാലമായുണ്ടായ അഭിലാഷം അങ്ങനെ സഫലമായി.

ഏകദേശം രണ്ട് ആഴ്ചയോളം ഫ്ളോ കൈസേഴ്സ്വേർത്തിൽ താമസിച്ചു ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെല്ലാം വിശദമായിക്കണ്ടു മനസ്സിലാക്കി. ശിശുക്കളുടെ വാർഡിലാണ് അധികസമയവും കഴിച്ചുകൂട്ടിയത്. ആശുപത്രിയും പരിസരവും ഏററവും ശുചിയായിത്തന്നെ സൂക്ഷിച്ചിരുന്നു. അവിടത്തെ പ്രധാന ഡാക്ടർ ഒരു സ്ത്രീയായിരുന്നു. പുരുഷൻ

മാരായ രോഗികൾക്ക് പുരുഷൻമാരായ നഴ്സുമാരെ നിയമിച്ചിരുന്നു. അക്കപ്പാടെ കൈസേർസ്‌വേർത്ത് ആശുപത്രി തനിയ്ക്ക് പററിയ ഒരിടമാണെന്ന് ഫ്ളോ തീർച്ചയാക്കി.

ഈ രണ്ടാഴ്ചക്കാലത്തോളം ഫ്ളോ തികച്ചും സമാധാനചിത്തയായി വർത്തിച്ചു. ആശുപത്രിയിലെ സംവിധാനങ്ങളെ ഫ്ളോ പ്രശംസിച്ചു. അത്തരം ആശുപത്രികൾ ഇംഗ്ലണ്ടിൽ എല്ലായിടത്തും ഉണ്ടായെങ്കിൽ! അവശരും ആലംബഹീനരുമായ അനവധി മനുഷ്യർക്ക് അത്യാവശ്യമായ ശുശ്രൂഷകൾ നല്കാമായിരുന്നു. അങ്ങനെയൊരു സുദിനം കൈവരുമോ?

**കർമ്മരംഗത്തേയ്ക്ക്**

ഫ്ളോ തന്റെ തീരുമാനങ്ങളിൽ ഉറച്ചുനിന്നു. ദുഃഖത്തിന്നോ, നിരാശയ്ക്കോ ഇനിമേൽ തന്റെ മനസ്സിൽ സ്ഥാനമില്ല. കമ്പിലോ മുള്ളിലോ പടരുന്ന വെറുമൊരു വല്ലരിയാകരുത്. ആത്മവിശ്വാസവും മനസ്ഥൈര്യവും 'സ്വയം ആർജ്ജിക്കേണ്ടതാണ്. എങ്കിലേ, കരുത്തു നേടാനാകൂ! ഊർജ്ജസ്വലമായി പ്രവർത്തിയ്ക്കാനാകൂ. സഹായസഹകരണങ്ങൾ ആവശ്യമാണ്. പക്ഷേ, അത് മാത്രമായിരിയ്ക്കരുത് തന്റെ പ്രവൃത്തികളുടെ അടിസ്ഥാനം. ഫ്ളോയുടെ ഉള്ളിൽ നിന്നും ഒരു പുതിയ ആത്മവീര്യമുണർന്നു. വളരെ തന്റേടത്തോടെ അവൾ സംസാരിച്ചു.

'അമ്മേ, ഈ വിഷയത്തിൽ നിങ്ങളെന്നെ തടയരുത്. ഒരു നഴ്സാകുകയെന്നതിൽക്കവിഞ്ഞ് ഒരു ജീവിതലക്ഷ്യവും എനിയ്ക്കില്ല. അത് ഈശ്വരകല്പിതമാണ്.

നഴ്സിങ്ങ് ഒരു മഹത്തായ കൃത്യമാകണം. ലോകം അതിനെ മാനിയ്ക്കണം. കുലീനരും സമ്പന്നരും അഭികാമ്യമായികരുതുന്ന ഒരു മഹൽ കൃത്യമായിരിയ്ക്കണം അത്. ശരിയായ ശുശ്രൂഷയും പരിചരണവും ലഭിയ്ക്കാതെ ഒരൊററ രോഗിയും ഇനിമേൽ മരിയ്ക്കരുത്. അജ്ഞതയും രോഗവും മൂലം കഷ്ടപ്പെടുന്ന സാധു മനുഷ്യർ—അവർ യഥാർത്ഥത്തിൽ നമ്മുടെ പരിഗ

ണന അർഹിയ്ക്കുന്നു. അവർ തന്റെ ചിന്താഗതികൾ മാതാപിതാക്കളെ അറിയിച്ചു. തനിയ്ക്ക് കൈസേർസ് വേർത്തിൽപ്പോകാൻ അനുമതി നല്കണമെന്ന് അവൾ വിനീതമായി അഭ്യർത്ഥിച്ചു. എത്രയോ മാന്യ വ്യക്തികൾ ഇക്കാര്യത്തിൽ തന്നെ അനുകൂലിയ്ക്കുകയും സഹായിക്കുകയും ചെയ്തു. തന്റെ മാതാപിതാക്കൾക്ക് അല്പംകൂടി വിശാല മനസ്ഥിതിയുണ്ടാകണമെന്നും അവൾ ആശിച്ചു. അച്ഛനമ്മമാരുടെ അനുഗ്രഹവും ആശിസ്സുമാണ് തന്റെ ഏററവും വലിയ ശക്തിയെന്ന് അവൾ ആവർത്തിച്ചു പറഞ്ഞു. സിഡ്നി ഹെർബർട്ട്, ബെൻസൺ, ബ്രെയ്സ് ബ്രിഡ്ജ് തുടങ്ങിയവരുടെ വാഗതികളെക്കുറിച്ച് സവിസ്തരം അവരെ പറഞ്ഞ് മനസ്സിലാക്കി. എത്ര നിർബന്ധിച്ചാലും ജീവിതത്തിന്റെ സുഖലോലുപതയിൽ ലയിച്ചുചേരാൻ തനിയ്ക്കാവുകയില്ല. വൈവാഹിക ജീവിതം തന്നെ സംബന്ധിച്ച് ഒരു തികഞ്ഞ പരാജയമായിരിയ്ക്കും എന്ന് ഫ്ളോ തീർത്തുപറഞ്ഞു.

ഫാനിയും എഡ്വേർഡും ചിന്തയിൽ മുഴുകി. ഫ്ളോയുടെ ഗൗരവം നിറഞ്ഞ വാക്കുകൾ അവരുടെ ഹൃദയത്തെ തെല്ലൊന്നു സ്പർശിച്ചു. തങ്ങളുടെ അഭിലാഷങ്ങൾക്കോ ഉദ്ദേശങ്ങൾക്കോ കാര്യമായ പ്രസക്തിയില്ലെന്ന് അവർക്ക് മനസ്സിലായി. 'ഫ്ളോയുടെ കൈസേർസ്വേർത്ത് യാത്രയ്ക്ക് അവർ അർദ്ധസമ്മതം മൂളി. അതും ഒരു പ്രത്യേക കരാറിൽ. ഫ്ളോയുടെ യാത്രയെക്കുറിച്ച് ആരും അറിയരുത്. മാത്രമല്ല കൂടിവന്നാൽ മൂന്നു മാസം. അതിൽക്കൂടുതൽ ഫ്ളോ അവിടെ താമസിയ്ക്കുകയും അരുത്.

ഫ്ളോയ്ക്ക് ഒരു പുതിയ ഉത്സാഹവും ആവേശവും കൈവന്നു. അവൾ കൈസേർസ്വേർത്തിലേയ്ക്ക് പോകാനുള്ള ഒരുക്കങ്ങൾ ചെയ്തു. സിഡ്നിഹെർബർട്ടിനും മററു സുഹൃത്തുക്കൾക്കും തന്റെ യാത്രയെക്കുറിച്ച് കത്തുകൾ എഴുതി. തന്റെ യാത്രോദ്ദേശങ്ങളെക്കുറിച്ച് വ്യക്തമായ കുറിപ്പുകൾ അതിലടങ്ങിയിരുന്നു. അവരുടെ നിർദ്ദേശങ്ങളെ അവൾ സ്വാഗതം ചെയ്തു.

അധികം താമസിയാതെ ഫ്ളോ കൈസേർസ്വേർത്തിലെത്തി. ആശുപത്രിയോടനുബന്ധിച്ചുണ്ടായിരുന്ന ഒരു അനാഥമന്ദിരത്തിലാണ് അവൾ താമസിച്ചിരുന്നത്. ആശുപത്രിയിലെ പ്രവർത്തനങ്ങളോടൊപ്പം തന്നെ ശിശുപരിചരണവും അവൾ മനസ്സിലാക്കി. രോഗപരിചരണത്തോടൊപ്പം ശസ്ത്രക്രിയാവിഭാഗവും അവർ സശ്രദ്ധം വീക്ഷിച്ചു. ഹെർബർട്ട് ദമ്പതികൾ ഇടയ്ക്കിടെ ഫ്ളോയെ സന്ദർശിച്ചു. അവളുടെ ഉത്സാഹത്തിൽ അവർ വലിയ ആഹ്ളാദം പ്രകടിപ്പിച്ചു. ഫ്ളോയെ സംബന്ധിച്ചിടത്തോളം അത് തികച്ചും ആശ്വാസവും ആനന്ദവും പ്രദാനം ചെയ്തു. നഴ്സിങ്ങ് പരിശീലനത്തിന്റെ അടിസ്ഥാനഘടകങ്ങൾ തികഞ്ഞ ശുഷ്കാന്തിയോടെത്തന്നെ അവൾ അനുഷ്ഠിച്ചു. നല്ലൊരു ഭാവിയെ മുന്നിൽ കണ്ടുകൊണ്ടാണ് ഫ്ളോ ഓരോ പ്രവൃത്തിയും ആസൂത്രണം ചെയ്തത്. മൂന്നുമാസക്കാലം എത്രയും വേഗം കടന്നുപോയി. തന്റെ കർമ്മരംഗം ഇതുതന്നെയാണെന്ന് ഫ്ളോ ഉറപ്പിച്ചു. തന്റെ സർവ്വകഴിവുകളുമുപയോഗിച്ച് ഇവിടെ ഉറച്ചുനില്ക്കുവാൻ ഫ്ളോ ദൃഢനിശ്ചയം ചെയ്തു. നല്ലൊരു പരിശീലനം കൊണ്ടുമാത്രമേ ഈ രംഗത്തു താൻ ശോഭിയ്ക്കുകയുള്ളുവെന്ന് ഫ്ളോയ്ക്കു തോന്നി. ലണ്ടനിലെ ഏതെങ്കിലും ഒരു വലിയ ആശുപത്രിയിൽ പോയി പരിശീലനം സമ്പാദിക്കുവാൻ അവൾ ആഗ്രഹിച്ചു. എന്നാൽ തന്റെ ഈ തീരുമാനം പെട്ടെന്ന് അറിയുന്നത് മാതാപിതാക്കളെ ക്ഷോഭിപ്പിക്കുകയേ ഉള്ളൂ. അതുകൊണ്ട് വളരെ നയത്തോടെ അവരെ സമീപിയ്ക്കുവാൻ തന്നെ ഫ്ളോ തീരുമാനിച്ചു.

## ഫാദർ മാനിങ്ങുമായി പരിചയപ്പെടുന്നു

മൂന്നുമാസത്തെ പരിശീലനത്തിനുശേഷം ഫ്ളോ വീട്ടിൽ തിരിച്ചെത്തി. അവൾ വളരെ സന്തോഷത്തോടെ അച്ഛനമ്മമാരെ സമീപിച്ചു. ഫ്ളോയുടെ ആരോഗ്യം ഗണ്യമായി മെച്ചപ്പെട്ടിരുന്നു. അവളുടെ ഉത്സാഹവും ഉന്മേഷവും അവർക്ക് വലിയ ആശ്വാസം പ്രദാനം ചെയ്തു. ഉള്ളിൽ നേരിയ ഭീതിയും അവർക്ക് ഉണ്ടാകാതിരുന്നില്ല. മകളുടെ ബുദ്ധി ഇനിയും മാറിയയ്ക്കുമോ?

തൻെറ കാര്യത്തിൽ മാതാപിതാക്കാം ഉൽക്കണ്ഠാഭരിതരാണ്, വളരെ സൂക്ഷിച്ചുവേണം അവരെ സമീപിയ്ക്കാൻ. ഫ്ളോ നിശ്ചയിച്ചു. തൻെറ പ്രവർത്തനങ്ങാം വളരെ ഗോപ്യമായി അവാം നിർവ്വഹിച്ചു. നേരം പുലരുന്നതിനുമുൻപ് എഴുന്നേ ല്ക്കും. ഒരു ഷോളുകൊണ്ട് ശരീരമാസകലം മൂടിപ്പുതച്ച് ഒരു മെഴുകുതിരിയും കത്തിച്ച് ഇരിയ്ക്കും. പേജുകാം പേജു കളായി എഴുതിത്തള്ളും നഴ്സിങ്ങിൻെറ വിവിധ വശങ്ങളെ ക്കുറിച്ച്, ആശുപത്രികളെക്കുറിച്ച്, നിയമങ്ങളെക്കുറിച്ച് പെരുമാററച്ചട്ടങ്ങളെക്കുറിച്ച്, നിലവിലുള്ള സ്ഥിതിഗതി കളെക്കുറിച്ച് അങ്ങിനെ തണുത്തു മരവിച്ച ഇരുണ്ട പ്രഭാതങ്ങ ളിൽശുചീകരണത്തെക്കുറിച്ചും പരിചരണത്തെക്കുറിച്ചുമുള്ളവി പുലമായ വിജ്ഞാനത്തിന് അടിസ്ഥാനമിടും. ഒരു പക്ഷേ യൂറോപ്പിലെ ഏററവും വിദഗ്ദ്ധനയായ ഒരു നഴ്സാകുവാൻ അവരെ സഹായിച്ചത് ഈ മഹത്തായ നിമിഷങ്ങളായിരുന്നു. അവർ യുക്തിപൂർവ്വം ചിന്തിച്ചു. പല പുതിയ ആശയങ്ങളും ഉാംക്കൊണ്ടു. തൻെറ പ്രവർത്തനങ്ങളുടെ ഒരു ഏകദേശരൂപം മാസങ്ങളോളമായി അവർ ആസൂത്രണം ചെയ്യുകയായിരുന്നു. മാതാപിതാക്കളോടും പാർത്തെയോടുമുള്ള അടുപ്പം തൻെറ.പ്രവർ നങ്ങാംക്ക് വിഘാതമാകാതിരിയ്ക്കാൻ അവാം പ്രത്യേകം മന സ്സിരുത്തി. പ്രശാന്തമായി ഒഴുകുന്ന റൈൻ നദിയും, അതിൻെറ തീരത്ത് ഉയർന്നു നിൽക്കുന്ന ശുശ്രൂഷാകേന്ദ്രവും അവളുടെ മനസ്സിൽ തെളിഞ്ഞുനിന്നു. 'പാസ്ററർ ഫ്ളീ ഡ്നരുടെ വാക്കുകാം വീണ്ടും വീണ്ടും അവർ ഓർത്തു.

'മിസ്സ് നൈററിങ്ഗേൽ, പ്രഗല്ഭയാണ് പരിശ്രമശാലി യാണ് ഒരു പ്രത്യേകവനിതയാണ്. ഇന്നോളം ഒരു വനിതയ്ക്കും നേടാൻ കഴിയാത്തവിധം ഉന്നതമായ പരിജ്ഞാനവും പരിശീല നവും അവർ നേടിക്കഴിഞ്ഞു. തീർച്ചയായും അവർക്ക് അഭിമാ നിയ്ക്കാം.' ഹെർബർട്ട് ദമ്പതികളോടാണ് തന്നെക്കുറിച്ച് മതിപ്പുളവാക്കുന്ന രീതിയിൽ അദ്ദേഹം സംസാരിച്ചത്.

ഫ്ളോയുടെ മനസ്സ് നിറഞ്ഞ് തുളുമ്പി. സന്തോഷവും അഭിമാനവും കൊണ്ട് അവാം വികാരാധീനയായി. ആരോടെന്നി ല്ലാതെ അവളുടെ മനസ്സ് മന്ത്രിച്ചു. 'എനിയ്ക്ക് സന്ദർഭം തരൂ. 'ഉറപ്പുതരൂ' എന്നെ വിശ്വസിയ്ക്കൂ. എന്നെ അൽപമൊന്ന്

സഹായിക്കൂ. 'നിൻെറ ഉള്ളിലുള്ള ദിവ്യമായ പ്രേരണയെ പിൻതുടരുക' എന്ന് ആരെങ്കിലും എൻെറ കാതുകളിൽ മന്ത്രിയ്ക്കൂ. ദു:ഖിതരെ നിങ്ങളെ ഞാൻ ആത്മാർത്ഥമായി സ്നേഹിയ്ക്കുന്നു. നിങ്ങഠം കഷ്ടപ്പെടുന്നതു കാണാൻ എനിയ്ക്കു ശക്തിയില്ല. നിങ്ങളുടെ ആശിസ്സുകഠം എനിയ്ക്കായി നൽകിയാലും.'

കർമ്മരംഗത്ത് തനിയ്ക്കു കിട്ടിയ ഈ ബഹുമതികളെക്കുറിച്ച് ഫ്ളോ വളരെ ആവേശത്തോടെത്തന്നെ വീട്ടുകാരെ അറിയിച്ചു. അത്ഭുതം തന്നെ. അവരെല്ലാം നിർവികാരരായി ഇരുന്നതേയുള്ളു! ഫ്ളോയുടെ അപ്പോഴത്തെ മനോഭാവം ഊഹിയ്ക്കുകയേ വേണ്ടൂ. ഫ്ളോയുടെ അഭാവത്തിൽ ആ കുടുംബം ചില നടപടിക്രമങ്ങഠം രഹസ്യമായി ആസൂത്രണം ചെയ്തിരുന്നു. ഫ്ളോയ്ക്കു വരുന്ന കത്തുകളെല്ലാം ഫാനിയുടെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കി. പാർത്തെ ഗണ്യമായ സ്വാധീനം ഫ്ളോയുടെമേൽ ചെലുത്തി. ഫ്ളോയുടെ കാര്യത്തിൽ പാർത്തെ അൽപ്പം അസൂയാലുവായിരുന്നു. കാരണം, താൻ ഭംഗിയായി വസ്ത്രധാരണം ചെയ്തിട്ടും, ഭംഗിയായി സംസാരിച്ചിട്ടും, ഇതൊന്നുമില്ലാത്ത ഫ്ളോയെ ആളുകഠം പ്രശംസിയ്ക്കുന്നു; ആരാധിയ്ക്കുന്നു; ആശീർവദിയ്ക്കുന്നു.

അക്കൊല്ലം ഉഷ്ണക്കാലത്ത് നൈററിങ്ഗേൽ കുടുംബം പതിവുപോലെ ലണ്ടൻ സന്ദർശിച്ചു. ആ സന്ദർഭത്തിൽ അവിടത്തെ റോമൻ കാത്തലിക്ക് ചർച്ചിലെ പുരോഹിതൻ ഫാദർ മാനിങ്ങ് ആയിരുന്നു. ഫ്ളോ അദ്ദേഹവുമായി പരിചയപ്പെട്ടു. സാധുക്കഠംക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു മഹാനായിരുന്നു അദ്ദേഹം. നൈററിങ്ഗേലിന് അദ്ദേഹത്തോട് അളവററ ബഹുമാനം തോന്നി. അവർ സന്ദർഭം കിട്ടുമ്പോഴെല്ലാം ഫാദർ മാനിങ്ങിനെ പോയി കണ്ടു. തനിയ്ക്കുള്ള ചില പ്രയാസങ്ങളും പ്രതിബന്ധങ്ങളും അദ്ദേഹത്തെ അറിയിച്ചു. ഫാദർ മാനിങ്ങ് അവളെ ആശ്വസിപ്പിച്ചു.

'മിസ്സ് നൈററിങ്ഗേൽ, നിങ്ങഠം ഒന്നുകൊണ്ടും വിഷമിയ്ക്കേണ്ടതില്ല. മാതാപിതാക്കളുടെ യുക്തി നിഷേധിയ്ക്കാവുന്നതല്ല. പക്ഷേ നിൻെറ ഉദ്ദേശ്യങ്ങഠം സഫലീകൃതമാകുവാൻ ഞാനൊരു ഉപായം നിർദ്ദേശിയ്ക്കാം. കന്യാസ്ത്രീകഠം

മാത്രം പ്രവർത്തിയ്ക്കുന്ന ഒരു കത്തോലിയ്ക്കാ ആശുപത്രിയിൽ നിങ്ങാംക്ക് പ്രവേശനം വാങ്ങിത്തരാൻ എനിയ്ക്ക് കഴിയും. മാതാപിതാക്കളോട് ഇക്കാര്യത്തെപ്പററി ചർച്ച ചെയ്യുക. വളരെ ക്ഷമയോടെ കാര്യങ്ങാം കൈകാര്യം ചെയ്യുന്നതിലാണ് നിങ്ങളുടെ വിജയം.'

ഫാദർ മാനിങ്ങിൻെറ നിർദ്ദേശപ്രകാരം സിസ്റേറഴ്സ് ഓഫ് മെഴ്സി, സിസ്റേറഴ്സ് ഓഫ് ചാരിററി എന്നീ സംഘടനകാം നടത്തിയിരുന്ന ആശുപത്രികളിൽ പരിശീലനം നടത്തുവാൻ ഫ്ളോ നിശ്ചയിച്ചു. 'സിസ്റേറഴ്സ് ഓഫ് മേഴ്സി' നടത്തിയിരുന്ന ആശുപത്രി ഡബ്ലിനിലും 'സിസ്റേറഴ്സ് ഓഫ് ചാരിററി'യുടെ സ്ഥാപനം പാരീസിലുമാണ് സ്ഥിതി ചെയ്തിരുന്നത്.

'സാലിസ് ഇൻഫേമറി' എന്ന സ്ഥാപനത്തിലെ പ്രധാന ഭിഷക്കായ ഡാക്ടർ ഫൗളും അദ്ദേഹത്തിൻെറ പത്നിയും 'ഡബ്ളിനി'ലേയ്ക്കുപോകുന്ന ഒരു സന്ദർഭമായിരുന്നു അത്. ഫ്ളോറൻസിനെ തങ്ങളുടെ കൂടെ അയയ്ക്കാൻ അവർ ഫാനിയോട് അപേക്ഷിച്ചു. 'ഡബ്ളിനി'ലെത്തുമ്പോാം ഫാദർ മാനിങ്ങിൻെറ ശുപാർശയോടുകൂടി 'സിസ്റേറഴ്സ് ഓഫ് മെഴ്സിയിൽ പോയി പരിശീലനം നേടണമെന്ന് ഫ്ളോ നിശ്ചയിച്ചു.

### പാരീസിലേയ്ക്ക്

ഫ്ളോറൻസ് നേരേ 'ഡബ്ളിനി'ലേയ്ക്കാണ് പോയത്. ഫാദർ മാനിങ് അവരെ 'സിസ്റേറഴ്സ് മേഴ്സി'യിലെ സന്യാസിനികാംക്ക് പരിചയപ്പെടുത്തി. ഫ്ളോ വളരെ സന്തോഷത്തോടെ ആശുപത്രിയിൽ പ്രവേശിച്ചു. ആശുപത്രിക്കെട്ടിടങ്ങളുടെ പുനരുദ്ധാരണ ജോലികാം നടക്കുന്ന ഒരു സന്ദർഭമായിരുന്നു അത്. അതിനാൽ കൂടുതൽ പരിശീലനങ്ങാം നേടുവാൻ തല്ക്കാലം ഫ്ളോയ്ക്ക് നിവൃത്തിയില്ലാതായി. എങ്കിലും സമീപത്തുള്ള ആശുപത്രികാം സന്ദർശിയ്ക്കുവാനും ആകാവുന്നിടത്തോളം വിവരങ്ങാം ശേഖരിയ്ക്കാനും ഫ്ളോ പ്രത്യേകം മനസ്സിരുത്തി. അവരെ സംബന്ധിച്ചിടത്തോളം ഓരോ നിമിഷവും അത്ര വിലപിടിച്ചതായിരുന്നു. പല പുതിയ അനുഭവങ്ങളും അവർക്കുണ്ടായി.

1852 ഒക്ടോബറിൽ ഫ്ളോ പാരീസിലേയ്ക്ക് പോകുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. അവർ 'ഫാദർ മാനിങ്ങി'നെ പോയ്ക്കണ്ടു. തനിയ്ക്ക് വേണ്ട നിർദ്ദേശങ്ങളും യാത്രാനുമതിയും നല്കണമെന്ന് അഭ്യർത്ഥിച്ചു. അവിടത്തെ പെരുമാററച്ചട്ടങ്ങളുടെ ഒരു ഏകദേശരൂപം അദ്ദേഹം നല്കി. തികഞ്ഞ ആത്മവിശ്വാസവും മനസ്സാന്നിദ്ധ്യവും ഉണ്ടായിരിയ്ക്കണമെന്ന് വീണ്ടും വീണ്ടും അവരെ ഓർമ്മിപ്പിച്ചു. ദൈവത്തിൽ ഉറച്ചു വിശ്വസിയ്ക്കുവാനും ആ കാരുണ്യത്തെ കൈനീട്ടി സ്വീകരിയ്ക്കാനുമുള്ള ഒരു തൃഷ്ണ ആത്മാവിനുണ്ടായിരിയ്ക്കട്ടെ എന്ന് അനുഗ്രഹിച്ചു. കഴിയുന്നതും വേഗം തന്നെ ഫ്ളോറൻസിൻെറ ആഗമനത്തെക്കുറിച്ച് ഒരു സന്ദേശം അയയ്ക്കുന്നതാണെന്ന് ഫ്ളോയെ അറിയിച്ചു.

ഇവിടെയും അമ്മയുടെ എതിർപ്പ്. സാമ്പത്തികമായ ബുദ്ധിമുട്ട്. ശക്തിയേറിയ മററു പ്രതിബന്ധങ്ങൾ. ഫ്ളോ പാരീസിലേയ്ക്ക് പുറപ്പെടുന്ന അവസരത്തിലാണ് അവരുടെ കുടുംബത്തിലെ ഒരു വൃദ്ധസ്ത്രീയ്ക്ക് അസുഖം മൂർഛിച്ചത്. സർവ്വത്ര തടസ്സങ്ങൾ. പാർത്തെ വീറോടെ ആ യാത്രയെ എതിർത്തു. വളരെയധികം സഹനശക്തി ആവശ്യമായ സന്ദർഭങ്ങൾ....'അല്ലെങ്കിലും നിരന്തരമായ പീഡാനുഭവങ്ങൾ കൊണ്ട് ഏറെക്കുറെ പക്വത വന്ന താൻ എത്ര വലിയ ക്ലേശങ്ങളിലും ക്ഷോഭിയ്ക്കുന്നത് ശരിയല്ല. അവരോടെല്ലാം സഹതപിയ്ക്കുക മാത്രമാണ് ഏററവും യുക്തമായിട്ടുള്ളത്.' ഫ്ളോ ചിന്തിച്ചു നിശ്ചയിച്ചു. അവർക്ക് യാതൊരു മനശ്ചാഞ്ചല്യവും ഉണ്ടായില്ല.

യൂറോപ്യൻ പര്യടനകാലത്ത് 'മേരിക്ലാർക്ക്' എന്നൊരു മാന്യ വനിതയുമായി ഫ്ളോ പരിചയപ്പെട്ടിരുന്നു. തങ്ങളുടെ പ്രത്യേകമായ വ്യക്തിത്വം ഇരുകൂട്ടരെയും തമ്മിലടുപ്പിച്ചു. കാഴ്ചയിൽ വലിയ സുഭഗയല്ലെങ്കിലും കവികളും ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയപ്രവർത്തകരുമടങ്ങിയ വലിയൊരു ആരാധകസംഘം അവർക്കുണ്ടായിരുന്നു. 'നമ്മുടെ സ്ത്രീകൾ എന്തുകൊണ്ട് ബുദ്ധി ഉപയോഗിയ്ക്കുന്നില്ല. എന്തുകൊണ്ട് അവർ ചിന്തിയ്ക്കുന്നില്ല. വിധേയത്വം വിധേയത്വം. അത് മാത്രമാണ് അവർക്കുള്ളത്. സ്ത്രീകളെ എനിയ്ക്ക് പുച്ഛമ

ണാണ്! ഇതായിരുന്നു അവരുടെ വീക്ഷണം! ഫ്ളോയ്ക്ക് പെട്ടെന്ന് അവരെ അടിമപ്പെടുത്തുവാൻ കഴിഞ്ഞു. ഫ്ളോയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിയ്ക്കാൻ അവർ തയ്യാറായിരുന്നു. 1853 ഫെബ്രുവരി 4–ന് ഫ്ളോ മേരിക്ലാർക്കിൻെറ അടുത്തെത്തി. ഒരുമാസം അവിടെ താമസിച്ചുകൊണ്ട് പാരീസിലുള്ള എല്ലാ ആശുപത്രികളും സന്ദർശിയ്ക്കാൻ ഫ്ളോ തീരുമാനിച്ചു. മേരിക്ലാർക്കിൻെറ ഭർത്താവായ 'ജൂലിയസ്മോറം' പാരീസിലെ എല്ലാ ആശുപത്രികളിലും യഥേഷ്ടം കടന്നു ചെല്ലുവാനുള്ള രേഖാമൂലമായ അനുമതി ഗവണ്മെൻറിൽ നിന്നും വാങ്ങിക്കൊടുത്തു. ഫ്ളോ ആശുപത്രികളും അഗതിമന്ദിരങ്ങളും സന്ദർശിച്ചു. ഡാക്ടർമാർ രോഗികളെ പരിശോധിയ്ക്കുന്ന സമ്പ്രദായവും ശസ്ത്രക്രിയകളുടെ രീതിയും സൂക്ഷ്മമായി നിരീക്ഷിച്ചു. സർവ്വോപരി ധാരാളം വിവരങ്ങൾ ശേഖരിച്ചു. പ്രശ്നാവലികൾ തയ്യാറാക്കി അയച്ച് യൂറോപ്പിലെ മിക്കവാറും എല്ലാ ആശുപത്രികളെയും കുറിച്ച് പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചു.

1853 മെയ് 30ന് ഫ്ളോറൻസ് 'സിസ്റേറഴ്സ് ഓഫ് ചാരിററി'യിലെത്തി. അവിടത്തെ 'സന്യാസിനി'കളെ സന്ദർശിച്ചു. പ്രഥമവീക്ഷണത്തിൽതന്നെ ഏതോ ഒരാകർഷണശക്തി അവരുമായി തന്നെ ബന്ധിയ്ക്കുന്നതായി ഫ്ളോറൻസിനു തോന്നി. സർവ്വത്ര പ്രശാന്തത! എങ്ങും നിശ്ശബ്ദത! അവർ നടക്കുന്നതുപോലും എത്ര സൗമ്യമായാണ്. മിതമായേ സംസാരിയ്ക്കൂ. വളരെ പരിമിതമായ സ്വീകരണങ്ങൾ! ഫ്ളോയുടെ മനസ്സ് നിർവചിയ്ക്കാൻ കഴിയാത്ത ഒരവസ്ഥയിലെത്തി. വളരെ അടക്കത്തോടും ഭയഭക്തിബഹുമാനങ്ങളോടും കൂടി ഫ്ളോ സംസാരിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ സാഹചര്യവുമായി ഫ്ളോ അങ്ങേയററം ഇണങ്ങി. അവർ 'കന്യാസ്ത്രീ'കളുടെ യൂണിഫോറം ധരിച്ചു. അവരുടെ ദിനകൃത്യങ്ങൾ അനുസരിച്ചു. പ്രഭാതകീർത്തനങ്ങളിലും സന്ധ്യാവന്ദനങ്ങളിലും പങ്കെടുത്തു. വളരെ മനസ്സിരുത്തി രോഗികളെ പരിചരിച്ചു. ആ സന്യാസിനിമാരുടെ ഓരോ നിർദ്ദേശവും വളരെ നിഷ്കർഷയോടെ അനുവർത്തിച്ചു. മനസ്സ് സ്വസ്ഥമാണ്. ഏകലക്ഷ്യം മാത്രം ആതുരശുശ്രൂഷ. ഓരോ ചലന

ത്തിലും അവരം ഒരു സന്ന്യാസിനിയായിത്തീർന്നു. ഭക്ഷണവും വിശ്രമവും പ്രത്യേക മുറിയിൽ നിർവഹിച്ചു. സന്ന്യാസിനികരം തങ്ങളുടെ മഠങ്ങളിലേയ്ക്ക് തിരിയ്ക്കുന്നതോടെ ഫ്ളോറൻസ് ഏകാകിയാകും. ദിനകൃത്യങ്ങരംക്കുശേഷം അൽപ്പനേരം പ്രാർത്ഥനയിൽ മുഴുകും. ഒരു കുരിശും അതിൽ തറയ്ക്കപ്പെട്ട ക്രിസ്തുവും. അത് തനിയ്ക്കൊരു 'പ്രചോദന'മായിരിക്കുമെന്ന് അവർ കരുതി. തീവ്രമായ ദുഃഖങ്ങരംക്കിടയിലും അവയെ അതിജീവിയ്ക്കാനും മനസ്സാന്നിദ്ധ്യം നേടുവാനും ആ കുരിശ് തനിയ്ക്ക് പ്രചോദനം നൽകുമെന്ന് ഫ്ളോയ്ക്ക് തോന്നി. 'മൗനം ആത്മനിയന്ത്രണത്തിന് ആവശ്യമാണ്. അത് സാധിച്ചാൽ ഏതു ശക്തിയും ഉള്ളിൽ നിന്നു തന്നെ സമാർജിക്കാൻ കഴിയും.' ഫ്ളോ ദൃഢമായി വിശ്വസിച്ചു. പ്രാർത്ഥന, അത് ആത്മാവിൻെറ തൃഷ്ണയാണ്. അവിടെ അഭ്യർത്ഥനയുടെ ശബ്ദമുണ്ടെങ്കിൽ അത് തീർച്ചയായും മററുള്ളവരുടെ നന്മയ്ക്കുവേണ്ടിമാത്രം. വ്യക്തിപരമായ യാതൊരു താൽപര്യവും അതിലില്ല.' ഫ്ളോ തന്നോടു തന്നെ പറഞ്ഞു.

**ബന്ധനങ്ങളേ വിട!**

1853 ഓഗസ്ററ് 12 ലീഹഴ്സ്ററ് എന്ന മനോഹരമായ കൂടിൽനിന്നും ആ കിളി വിശാലമായ ലോകത്തിലേയ്ക്ക് പറന്നുവന്നു.

നമ്പർ 1. ഹാർലിസ്ട്രീററ്. അതായിരുന്നു ആ സ്ഥാപനത്തിൻെറ മേൽവിലാസം. മഹിളകളുടെ ഒരു സ്ഥാപനമായിരുന്നു അത്. സാമ്പത്തികമായോ മറേറതെങ്കിലും വിധത്തിലോ കഷ്ടപ്പെടുന്ന കുലീന കുടുംബത്തിലെ സ്ത്രീകരംക്ക് രോഗബാധയുണ്ടായാൽ ശുശ്രൂഷിയ്ക്കുന്നതിനാണ് ഈ സ്ഥാപനം നടത്തിയിരുന്നത്. അതിൻെറ ഭരണം ശരിയായി നിർവ്വഹിയ്ക്കുവാൻ കഴിവുള്ള ഒരു വ്യക്തിയെ ആവശ്യമായിരുന്നു. ആ കർമ്മം നിർവ്വഹിയ്ക്കുവാൻ മഹിളകളുടെ കമ്മിററി അദ്ധ്യക്ഷയായ 'ലേഡി കാനിങ്ങ്' ഒരു സൂപ്രണ്ടിനെ അന്വേഷിയ്ക്കുകയായിരുന്നു. ആ കമ്മിററിയിലെ മറെറാരംഗമായ ശ്രീമതി ഹെർബർട്ട് ഫ്ളോറൻസിൻെറ പേർ നിർദ്ദേശിച്ചു. അവരും ഭർത്താവായ സിഡ്നിഹെർബർട്ടും ഫ്ളോയുടെ കഴിവുകരം ശരിയ്ക്കും മനസ്സിലാക്കിയിരുന്നു. ഫ്ളോയെ സംബന്ധി

ച്ചിടത്തോളം ഏററവും ഉചിതമായ ഒരു ജോലിയുമായിരിയ്ക്കും ഇത്. അവർ ഫ്ളോറൻസിനോട് ഈ കൃത്യം ഏറെറടുക്കാൻ തയ്യാറാണോ എന്ന് എഴുതിച്ചോദിച്ചു. ഒരു ചെറിയ കരാറിന്മേൽ ഫ്ളോ അതിന് തയ്യാറാണെന്ന് അറിയിച്ചു. ആ സ്ഥാപനത്തിൻെറ നടത്തിപ്പിന്നായി താനെടുക്കുന്ന തീരുമാനങ്ങൾ തികച്ചും സ്വതന്ത്രവും വ്യക്തിപരവും ആയിരിയ്ക്കും—ലേഡി കാനിങ്ങിന് അതു സമ്മതമായിത്തോന്നി. 1853 ആഗസ്ററ് 12–ന് ഫ്ളോറൻസ് അതിൻെറ ഭരണസാരഥ്യം ഏറെറടുത്തു. മാതാപിതാക്കളിൽ നിന്നും കൂടുതൽ പ്രതിബന്ധങ്ങൾ നേരിടാതിരിയ്ക്കാൻ അവർ ആ സ്ഥാപനം സ്ഥിതിചെയ്തിരുന്ന തെരുവിൽത്തന്നെ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് താമസമാക്കി.

## ഭരണസാരഥ്യം ഏറെറടുക്കുന്നു

ഫ്ളോറൻസ്, വനിതകൾക്കായുള്ള ആശുപത്രിയുടെ സൂപ്രണ്ട് എന്ന പദവി ഏറെറടുത്തു. ആ സ്ഥാപനത്തിൻെറ സമുദ്ധാരണത്തിലാണ് ഫ്ളോറൻസിൻെറ ശ്രദ്ധപതിഞ്ഞത്. അതൊരു ചെറിയ ആശുപത്രിയായിരുന്നു. അതിൻെറ പ്രവർത്തനങ്ങളിൽ കാര്യമായ ക്രമക്കേടുകൾ ഉണ്ടായിരുന്നു. വളരെ ആസൂത്രിതവും കർശനവുമായ ഒരു ഭരണക്രമം നടപ്പിലാക്കുവാനാണ് ആദ്യമായി ശ്രമിച്ചത്. അവർ വനിതകളുടെ കമ്മററി വിളിച്ചുകൂട്ടി. ആശുപത്രിയുടെ അതേവരെയുള്ള നടത്തിപ്പിനെപ്പററി കാര്യമായ ചർച്ചകൾ നടത്തി. നിലവിലിരുന്ന സൗകര്യങ്ങൾ തികച്ചും പര്യാപ്തമായിരുന്നോ എന്ന് അവർ ചോദിച്ചറിഞ്ഞു. ഭരണകാര്യങ്ങളിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തുവാനാണ് താൻ ഉദ്ദേശിയ്ക്കുന്നത്. അതിന് അവർക്ക് സമ്മതമാണോ എന്നും തനിയ്ക്ക് വേണ്ടത്ര പിൻബലം ലഭിയ്ക്കുമോ എന്നും ഫ്ളോ തുറന്നു ചോദിച്ചു. തൻെറ തീരുമാനങ്ങൾക്ക് യാതൊരു നീക്കുപോക്കും ഉണ്ടാകുന്നതല്ലെന്ന് അവർ തീർത്തു പറഞ്ഞു. തൻെറ പ്രവർത്തനങ്ങളുടെ ഒരു ഏകദേശ രൂപം അവർ അവതരിപ്പിച്ചു.

ആദ്യമായിത്തന്നെ ഭരണഭാരം വഹിച്ചിരുന്ന കമ്മിററികളോട് അവരുടെ റിപ്പോർട്ടുകൾ സമർപ്പിയ്ക്കുവാൻ ആവശ്യപ്പെടുകയാണ് ഫ്ളോ ചെയ്തത്. അതിൻെറ വരവുചെലവ് കണക്കു

കൾ കൃത്യമായി തന്നെ ഏല്പിയ്ക്കുവാൻ ഫ്ളോ നിർദ്ദേശിച്ചു. ഒരു കാരണവശാലും അഭിപ്രായഭിന്നതകൾ ഉണ്ടാകരുതെന്നും അത് ആശുപത്രിയുടെ നടത്തിപ്പിനെ കാര്യമായി ബാധിയ്ക്കുമെന്നും ഫ്ളോ താക്കീതുനല്കി.

രോഗികൾ കിടന്നിരുന്നത് ആശുപത്രിയുടെ രണ്ടാമത്തെ നിലയിലായിരുന്നു അവർക്ക് ആഹാരവും മററു സാമഗ്രികളും മുകളിലേയ്ക്കയയ്ക്കുന്നത് കൂടുതൽ ക്ലേശകരമായിരുന്നു. തന്നെയുമല്ല സമയനഷ്ടവും നേരിട്ടു. ആശുപത്രിയിൽ ഉടനെ തന്നെ ഒരു 'ലിഫ്ററ്' സമ്പ്രദായം ഏർപ്പെടുത്തി. പൈപ്പുകൾ വഴി ചൂടുവെള്ളം കിട്ടുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി. അതാത് വാർഡുകളിൽ നഴ്സ്മാരുടെ മുറികൾക്ക് പുറത്തായി ഒരു 'കാളിങ്ങ്' ബെൽ ഏർപ്പെടുത്തി. തന്മൂലം രോഗികൾക്ക് അവരുടെ സാമീപ്യം ഏററവും എളുപ്പത്തിൽ ലഭിച്ചു.

ജോലിയിൽ പ്രവേശിച്ച അതേ ആഴ്ചയിൽത്തന്നെ കമ്മിററി അംഗങ്ങളും ഫ്ളോറൻസും തമ്മിൽ ചെറിയ ഉരസലുണ്ടായി. 'ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ' അംഗങ്ങൾക്ക് മാത്രമേ പ്രവേശനം അനുവദിച്ചുകൂടൂ എന്ന് അവർ ശഠിച്ചു. മതം നോക്കിയല്ല രോഗികളെ ശുശ്രൂഷിയ്ക്കേണ്ടതെന്നും എല്ലാ മതക്കാർക്കും പ്രവേശനം അനുവദിച്ചേ ഒക്കൂ എന്നും ഫ്ളോ നിർബന്ധം പിടിച്ചു. മറിച്ചാണെങ്കിൽ താൻ ഈ ജോലിയിൽ നിന്നും വിരമിയ്ക്കുമെന്നും അവർ ഭീഷണിപ്പെടുത്തി. ഫ്ളോറൻസിൻെറ പ്രത്യേക മേൽനോട്ടത്തിൽ ഓരോ വിഭാഗക്കാർക്കും അവരവരുടെ പുരോഹിതന്മാരുമായി കൂടിക്കാഴ്ചകൾക്കുള്ള സൗകര്യമുണ്ടാക്കി. കുറെയധികം അദ്ധ്വാനിച്ചതുകൊണ്ടോ, ത്യാഗങ്ങൾസഹിച്ചതുകൊണ്ടോ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ഓരോ പ്രവൃത്തിയും വ്യക്തമായ ലക്ഷ്യബോധത്തോടെത്തന്നെ ചെയ്യണം. അവിടെയാണ് അതിൻെറ വിജയം എന്ന് ഫ്ളോ മററുള്ളവരെ മനസ്സിലാക്കി.

അടുത്തതായി പാചകശാലയിലാണ് ഫ്ളോയുടെ ശ്രദ്ധ പതിഞ്ഞത്. പല കൃത്രിമങ്ങളും അവിടെ നടന്നിരുന്നു. പാചകശാലയിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ ഒരു 'കോൺട്രാക്ടർ' മുഖേന അവർ വാങ്ങിയിരുന്നു. അളവിലും തൂക്കത്തിലും വെട്ടിച്ച് ഭീമമായ ഒരു ലാഭം അയാൾ നേടിയെടുത്തു.

ഫ്ളോ ആ സമ്പ്രദായം നിറുത്തൽ ചെയ്തു. വിശ്വസ്തരും പ്രശസ്തരുമായ കമ്പനിക്കാരെ കണ്ടുപിടിച്ച് ഏററവും നല്ല സാധനങ്ങൾ അവരോട് വാങ്ങുന്ന പതിവ് ഏർപ്പെടുത്തി. തൻെറ കർശനമായ മേൽനോട്ടവും ആ രംഗത്തുണ്ടായിരുന്നു. രോഗികൾക്ക് മെച്ചപ്പെട്ട ആഹാരസാധനങ്ങൾ ലഭിച്ചു.

കട്ടിലുകളും മേശകളും അലമാരികളും അഴുക്കുപിടിച്ചും ജീർണ്ണിച്ചുമിരുന്നു. അവയുടെ കേടുപാടുകൾ തീർത്ത് എത്രയുംവേഗം അത് ശുചിയാക്കിയെടുക്കാൻ കർശനമായി നിർദ്ദേശിച്ചു. പഴയ കിടക്കവിരികളും മേശവിരിപ്പുകളും വൃത്തിയായി കഴുകി രോഗികൾക്ക് ആവശ്യമായ തലയിണകളും കുഷ്യനുകളും തുന്നാൻ ആളുകളെ നിയോഗിച്ചു. പോരാതെ വന്നത് വാങ്ങാനുള്ള ഏർപ്പാടുകൾ ചെയ്തു. കമ്മിററി നീക്കിവച്ച പണം പോരാതെ വന്നപ്പോൾ സ്വന്തം കയ്യിൽനിന്നും പണമെടുത്ത് അത്യാവശ്യങ്ങൾ നിർവഹിച്ചു. വരുമാനത്തിനനുസരിച്ച് പണം ചെലവുചെയ്യാനും കണക്കുകൾ സൂക്ഷിയ്ക്കാനും വളരെ കർശനമായ നിയമങ്ങൾ കൊണ്ടുവന്നു.

ഫ്ളോറൻസിൻെറ ബുദ്ധിസാമർത്ഥ്യത്തെ ഓരോരുത്തരായി അംഗീകരിച്ചു. ചെറുപ്പമാണെങ്കിലും കാര്യനിർവ്വഹണത്തിൽ അസാമാന്യമായ പക്വതയും ശേഷിയും അവർക്കുണ്ടെന്ന് കമ്മററി അംഗങ്ങൾ പെട്ടെന്ന് മനസ്സിലാക്കി. ഉറച്ച തീരുമാനങ്ങൾ വളരെ ബുദ്ധിപരമായ ആസൂത്രണങ്ങൾ-കർശനമായ- നിയമങ്ങൾ. ഫ്ളോ ശരിയ്ക്കും ഭരിച്ചു. തൻെറ പരിപാടികളിൽ അനാവശ്യമായി കൈകടത്താൻ ആരേയും അനുവദിച്ചിരുന്നില്ല. മറിച്ചാണെങ്കിൽ തൻെറ സ്ഥാനമാനങ്ങളെ വില കുറഞ്ഞ ശഷ്പമായി അവർ കണക്കാക്കി. അഴിമതിക്കാരായ ജോലിക്കാർ അവരുടെ കൃത്യനിർവഹണത്തെ രഹസ്യമായി അധിക്ഷേപിച്ചു. അവർ അധികാരം ദുർവിനിയോഗം ചെയ്യുന്നുവെന്ന് പിറുപിറുത്തു. ഫ്ളോറൻസ് തൻെറ നിലപാടിൽ നിന്നും അണുപോലും വ്യതിചലിച്ചില്ല.

അന്ന് കമ്മററിഅംഗങ്ങളാണ് നഴ്സുമാരുടെ നിയമനം നടത്തിയിരുന്നത്. അത് ഡാക്ടർമാരുടെ പൂർണ്ണനിയന്ത്രണത്തിലാക്കി. രോഗികളുടെ കാര്യത്തിൽ ചില് പുതിയ നിയമങ്ങളുണ്ടാക്കി. രോഗികളുടെപരിചരണ കാര്യത്തിൽ തികഞ്ഞ ശുഷ്ക്കാ

ന്തി കാണിയ്ക്കണം—രോഗികളും തങ്ങളുടെ പരാതികൾ തന്നെ നേരിട്ട് അറിയിയ്ക്കണം. ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം വാർഡുകൾ സന്ദർശിയ്ക്കും— ആ അവസരത്തിൽ രോഗികളുടെ വിഷമങ്ങൾ പരിഹരിയ്ക്കുന്നതാണ്. ഒരു രോഗി രണ്ടുമാസത്തിൽക്കൂടുതൽ ആശുപത്രിയിൽ കിടക്കുകയില്ല വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണെങ്കിൽ മാത്രം അത് പരിഗണിയ്ക്കുന്നതാണ്.

ഭരണരംഗങ്ങളിൽ മാത്രമാണ് ഫ്ളോ ഇത്രയും കർക്കശമായത്. രോഗികളുടെ സമീപത്തെത്തുമ്പോൾ അവരുടെ മനസ്സ് ആർദ്രമാകും. തന്റെ ഓരോ വാക്കും, നോട്ടവും രോഗികളെ ആശ്വസിപ്പിയ്ക്കുന്ന വിധത്തിലാകുവാൻ ഫ്ളോ മനസ്സിരുത്തി. അവരുടെ സാമീപ്യം തന്നെ ഒന്നാംതരം ശുശ്രൂഷയായി രോഗികൾക്ക് തോന്നി. കൃശഗാത്രിയും സുന്ദരിയുമായ 'പ്രധാന' നഴ്സ് വരുന്നത് ഒരു നിർവൃതിയോടെയാണ് അവർ നോക്കിക്കാണുക. അസാധാരണമായ ഏതോ ഒരു ശക്തിവിശേഷം അവരിൽ ദർശിയ്ക്കുവാൻ, രോഗികൾക്ക് കഴിഞ്ഞു. രോഗികൾ അവരെ ആരാധിച്ചു.

ഫ്ളോറൻസിന്റെ യശസ്സ് ആശുപത്രിയിൽ നിന്നും പുറത്തേയ്ക്ക് വ്യാപിയ്ക്കാൻ തുടങ്ങി. ഒരു വലിയ ഭാവി അവരുടെ മുന്നിൽ തുറന്നു കിടക്കുന്നുവെന്ന് പലരും പ്രവചിച്ചു. തന്റെ പ്രവർത്തനങ്ങൾ വിജയകരമായിത്തീർന്നതിൽ ഫ്ളോ ചാരിതാർത്ഥ്യമടഞ്ഞു. ഫ്ളോറൻസിന്റെ കഴിവുകൾ ഈയൊരു കൊച്ചു സ്ഥാപനത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലെന്നും ലോകത്തിന് മുഴുവൻ അവരുടെ സേവനങ്ങൾ ആവശ്യമാണെന്നും ചില ക്രാന്തദർശികൾ ചിന്തിച്ചു.

ഫ്ളോറൻസും അതുതന്നെ ആഗ്രഹിച്ചു. താൻ ഒരു പ്രത്യേകസ്ഥാനത്തെ ഒരിയ്ക്കലും കാംക്ഷിയ്ക്കുന്നില്ല. അധഃപതനത്തിലേയ്ക്ക് നീങ്ങുന്ന ഏതൊരു പരിതസ്ഥിതിയെയും നിരന്തരമായ സേവനംകൊണ്ട് ഉയർത്തുക—അത് മാത്രമാണ് തന്റെലക്ഷ്യം.ഹാർലിസ്ട്രീറ്റിലെ ആശുപത്രിമന്ദിരം നല്ല ഒരു നിലയിൽ നടക്കുന്നു. ഇനി അതിന്റെ ഭരണസാരഥ്യം ഏതെങ്കിലും വിദഗ്ദ്ധ ഹസ്തങ്ങളിൽ ഏല്പിയ്ക്കണം. അതായിരുന്നു അവരുടെ ചിന്ത. കുടുതൽ വിപുലമായ കർമ്മരംഗങ്ങളുമന്വേഷിച്ച് അവർ പുറത്തിറങ്ങി.

**പരിവർത്തനത്തിലേയ ക്ക്**

1854-ലെ ഒരു വസന്തകാലം. ഫ്ളോറൻസ് തൻെറ ഔദ്യോഗികവസതിയിൽ വിശ്രമിയ്ക്കുകയായിരുന്നു. മഹിളകളുടെ ആശുപത്രി ഒരുവിധം നല്ല നിലയിൽ നടക്കുന്നു. തൻെറ കഴിഞ്ഞുപോയ അനുഭവങ്ങളെപ്പററി ഫ്ളോറൻസിന് മതിപ്പുതോന്നി. തീർച്ചയായും മഹത്തായ എന്തെങ്കിലും ലോകത്തിനുവേണ്ടി ചെയ്യാൻ എനിയ്ക്ക് കഴിയും. ദൈവത്തിൻെറ പ്രേരണകൾ എന്നെ നയിയ്ക്കുന്നു. അവിടെ എൻെറ ആത്മാവ് വിശ്രമിയ്ക്കുന്നു. ഒരു ദീർഘനിശ്വാസം അവരിൽനിന്നുമുയർന്നു.

മേശപ്പുറത്ത് നിരവധി കത്തുകൾ കുന്നുകൂടിക്കിടന്നിരുന്നു. അവയിൽ ഒരു കൈപ്പട പെട്ടെന്ന് അവരെ ആകർഷിച്ചു. അവർ മെല്ലെ അത് വിടർത്തി വായിച്ചു.

പ്രിയ ഫ്ളോ,

നിങ്ങൾക്ക് ക്ഷേമമമാണെന്ന് ആശിയ്ക്കുന്നു. ഒപ്പം ഞങ്ങളുടെ ഹൃദ്യമായ അഭിനന്ദനങ്ങളും അറിയിക്കട്ടെ. നിങ്ങളുടെ പ്രശസ്തി മേൽക്കുമേൽ ഉയരാനിടവരട്ടെ—നിങ്ങളുടെ സേവനങ്ങളെ കുറെക്കൂടി വിശാലമായ ഒരു മണ്ഡലത്തിലേയ്ക്ക് വ്യാപിപ്പിയ്ക്കുവാൻ ഞങ്ങൾ ആഗ്രഹിയ്ക്കുകയാണ്. മിസ്ററർ ഹെർബർട്ട് ചില പ്രത്യേക വസ്തുതകൾ നിങ്ങളിൽനിന്നും അറിയാൻ താല്പര്യപ്പെടുന്നു. ആശുപത്രിയുടെ പുനരുദ്ധാരണം നിങ്ങൾ ഭംഗിയായി നിർവഹിച്ചിരിയ്ക്കുന്നു. എന്നാൽ ആശുപത്രികളിലെ നഴ്സുമാരുടെ സ്ഥിതിഗതികളെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ നല്കാൻ കഴിയുമോ? നിലവിലുള്ള പരിതസ്ഥിതികളിൽ എന്തെങ്കിലും പരിവർത്തനം വരുത്താൻ കഴിയുമോ? ആവശ്യമായ നിർദ്ദേശങ്ങളും വിവരങ്ങളും അറിയിയ്ക്കുക. നിങ്ങൾക്ക് മംഗളമാശംസിച്ചുകൊണ്ട് നിങ്ങളുടെ ഒരഭ്യുദയ കാംക്ഷിയായ ലിസ്സാ ഹെർബർട്ട്

ഫ്ളോറൻസിൻെറ ക്ഷീണമായമുഖം പെട്ടെന്ന് പ്രസന്നമായി 'അതെ ഒരു നഴ്സാകുക! അതിൽ ഏവരും അഭിമാനിയ്ക്കണം. അവരുടെ പരിതസ്ഥിതികളെ ഉയർത്തണം. സമുദായത്തിൽ മാന്യമായ ഒരു സ്ഥാനം അവർക്കുണ്ടായിരിയ്ക്കണം. നഴ്സ്—നന്മയുടെയും സ്നേഹത്തിൻെറയും പ്രതീകമാകണം.'

ഫ്ളോറൻസ് ഒരു ഉറച്ച തീരുമാനത്തിൽ എത്തി. പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ ഈ വിഷയത്തിലേയ്ക്ക് ആകർഷി

വിഹീനരായ രോഗികളുടെ മുഖത്ത് മനുഷ്യനെയല്ല പിശാചിനെയാണ് കാണാൻ കഴിഞ്ഞത്. അത്രമാത്രം വികൃതവും ഭീകരവുമായിരുന്നു അവരുടെ പരുക്കുകൾ. ഏതൊരു ഹൃദയത്തെയും തളർത്തുന്ന ഭയാനകമായ രംഗങ്ങൾ.

ഭൂമിയിലെ നരകം

അവിടം ഒരു നരകം തന്നെയായിരുന്നു. രോഗികളുടെ പ്രവാഹം മൂലം ഒരിഞ്ചുസ്ഥലംപോലും അവിടെ ഇല്ലാതായി. കെട്ടിടങ്ങൾ നിറഞ്ഞുകവിഞ്ഞു. ശേഷിച്ചവരെ വെറും പറമ്പുകളിലും ഇറയങ്ങളിലും കിടത്തി. അവർക്ക് കിടക്കകളുണ്ടായിരുന്നില്ല തന്മൂലം അവർക്ക് ഉണ്ടായിരുന്ന പുതപ്പുകൊണ്ട് പുതപ്പിച്ച് അവരെ വെറും നിലത്തു കിടത്തി. ചോരപുരണ്ട വസ്ത്രങ്ങളിൽ നിന്നും ദുർഗന്ധം വമിച്ചിരുന്നു. രോഗികളുടെ മുറിവുകളിൽ വസ്ത്രങ്ങൾ ഒട്ടിപ്പിടിച്ചതുമൂലം പലപ്പോഴും കത്തിരികൊണ്ട് അവ മുറിച്ചെടുക്കേണ്ടിവന്നു. പാചകത്തിനുള്ള യാതൊരു സൗകര്യവും ഏർപ്പാടുചെയ്തിരുന്നില്ല. തന്മൂലം രോഗികൾ രണ്ടുമൂന്നു ദിവസം ജലപാനം കഴിയ്ക്കാതെ കഴിച്ചുകൂട്ടി. ദാഹംകൊണ്ട് അവരുടെ തൊണ്ട വരണ്ടുപോയി. വേദനകൊണ്ട് കൈകാലുകൾ മരവിച്ചു. പരിശോധിയ്ക്കുന്നതിന് ഡാക്ടർമാർ കുറവായിരുന്നു സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. വെള്ളം കൊണ്ടുവരുന്നതിനുള്ള ബക്കററുകളോ പകർന്നുകൊടുക്കുന്നതിനുള്ള കോപ്പകളോ ഉണ്ടായിരുന്നില്ല. ശസ്ത്രക്രിയകൾ ചെയ്യുവാനുള്ള ആയുധങ്ങളോ ബോധം കെടുത്തുന്നതിനുള്ള മരുന്നുകളോ ഇല്ലായിരുന്നു. കെട്ടിടങ്ങളിലെ ജീർണ്ണിച്ചു വൃത്തിശൂന്യമായ നിലത്ത് ആ അർദ്ധപ്രാണരായ മനുഷ്യർ വേദനകൊണ്ട് പുളഞ്ഞു. നാടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി, വിജയത്തിനുവേണ്ടി എന്തെന്തു യാതനകൾ ആ മനുഷ്യസഹോദരങ്ങൾ അനുഭവിയ്ക്കേണ്ടിവന്നു. അവർ ധീരന്മാരും സ്വരാജ്യഭക്തന്മാരുമാണെന്ന് ലോകം വാഴ്ത്തുന്നു. പക്ഷേ ആ വേദനകളും യാതനകളും ആരറിയുന്നു! ചില പ്രത്യേക താല്പര്യങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി മനുഷ്യൻ മനുഷ്യനെ ബലികൊടുക്കുന്നു. യുദ്ധം—ഹാ! എത്ര ഭീകരമാണ് അതിൻെറ മുഖം!

'ദി ടൈംസ്' എന്ന പത്രത്തിൻെറ ലേഖകനായ 'വില്യം ഹോവാർഡ് റസ്സൽ' ഈ ദുരവസ്ഥയെക്കുറിച്ച് നിരന്തര

മായി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഒരിയ്ക്കൽ അദ്ദേഹം ഇങ്ങനെ എഴുതി. 'യുദ്ധത്തിന്റെ വിജയത്തിൽ ബ്രിട്ടീഷ് ജനത മതിമറന്നിരിയ്ക്കുകയാണ്. പക്ഷേ അതിന്റെ അനന്തര ഫലങ്ങൾ എന്താണെന്ന് അവർ അറിയുന്നില്ല. ഡോക്ടർമാർ കുറവ്, നഴ്സുമാർ ആവശ്യത്തിനില്ല. രോഗികൾക്ക് ധരിയ്ക്കുന്നതിനു പോയിട്ട് ബാൻഡേജ് കെട്ടുന്നതിനുപോലും തുണികളില്ല. അവർക്ക് വെള്ളമില്ല, ആഹാരമില്ല. സാന്ത്വനമില്ല, ശുശ്രൂഷയില്ല—അശ്രദ്ധമായ ആ അന്തരീക്ഷത്തിൽ എത്രയെത്ര മനുഷ്യസഹോദരങ്ങളാണ് ആ വെറും തറയിൽക്കിടന്ന് അന്ത്യശ്വാസം വലിച്ചത്. തങ്ങളുടെ അവയവങ്ങൾ എലിയും മററു പ്രാണികളും ഭക്ഷിയ്ക്കുന്നത് നിസ്സഹായരായ ആ സാധു ജീവികൾ നോക്കിക്കിടന്നു. ഒന്നു ശബ്ദിയ്ക്കാൻപോലും കഴിയാത്തവിധം അവശരായിരുന്നു അവർ. ജീവനോടെ അവയവങ്ങൾ ഛേദിച്ചുകളയുമ്പോഴുണ്ടാകുന്ന ദീനദീനമായ രോദനങ്ങൾ മനുഷ്യഹൃദയങ്ങളെ പിളർക്കുന്നു. സ്വരാജ്യത്തിന്റെ ശ്രേയസ്സിന്നായി ജീവൻ അർപ്പിച്ച ആ ധീരയോദ്ധാക്കൾക്ക് രാഷ്ട്രം നൽകിയ സമ്മാനം ഇതോ?

വാസ്തവത്തിൽ ബ്രിട്ടീഷ്ജനത വിജയം ആഘോഷിയ്ക്കുകയായിരുന്നു. അവർ ആഹ്ലാദംകൊണ്ടും അഭിമാനംകൊണ്ടും വീർപ്പുമുട്ടിക്കഴിയുകയായിരുന്നു. അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. എന്നാൽ ടൈംസ് പത്രത്തിലെ നിരന്തരമായ ലേഖനങ്ങൾ അവരെ തൊട്ടുണർത്തി. എത്രമാത്രം ഭീകരവും ദയനീയവുമായ ഒരു സ്ഥിതിവിശേഷമാണ് അവിടെ സംജാതമായിട്ടുള്ളതെന്ന് അവർ മനസ്സിലാക്കി. വാസ്തവത്തിൽ അവർ അമ്പരന്നുപോയി. ഫ്രഞ്ചുസൈന്യങ്ങൾക്കു ലഭിച്ചിരുന്ന വിദഗ്ദ്ധമായ വൈദ്യസഹായത്തെക്കുറിച്ച് റസ്സൽ വിചാലമായി എഴുതി. 'അവർക്ക് ശുശ്രൂഷയുണ്ട്. വേണ്ടത്ര വൈദ്യസഹായം ലഭിയ്ക്കുന്നുണ്ട്. അവരുടെ അസുഖങ്ങൾ എത്രയുംവേഗത്തിൽ സുഖപ്പെടുത്തിയെടുക്കുവാൻ ഫ്രഞ്ചുഗവൺമെൻറ്കിണഞ്ഞു പരിശ്രമിയ്ക്കുന്നു. പോഷകമൂല്യങ്ങളുള്ള ആഹാരം അവരുടെ ആരോഗ്യത്തെ എത്രയും വേഗത്തിൽ വീണ്ടെടുക്കുന്നു. 'സിസ്റേറഴ്സ് ഓഫ് ചാരിററി'യിലെ നഴ്സുമാരുടെ വിദഗ്ദ്ധമായ പരിചരണത്തിൻ കീഴിൽ അവർ അതിവേഗം സുഖംപ്രാപിച്ചുവരുന്നു. നമ്മുടെ സാധുഭടന്മാരുടെ അവ

സ്ഥ എത്രയോ ദയനീയമാണ്.' എന്തുകൊണ്ട് സിസ്റേറഴ്സ് ഓഫ് ചാരിററി നമുക്കില്ലാതായി? ഇവിടത്തെ രീതികളും ആചാരക്രമങ്ങളും പൊളിച്ചെഴുതേണ്ട സമയമായിരിയ്ക്കുന്നു. നഴ്സിങ്ങ് എന്നത് എത്രവലിയൊരു സേവനമാണ്! നമ്മുടെ മഹിളകളെ എത്രയും വേഗത്തിൽ അത് മനസ്സിലാക്കേണ്ടതാണ്. അതിന് മുൻകയ്യെടുക്കാൻ ആരുണ്ട് എന്ന് റസ്സൽ തൻെറ മുഖപ്രസംഗത്തിൽ തുടരെത്തുടരെ ചോദ്യംചെയ്തു. ആ ചോദ്യശരങ്ങൾ കുറിയ്ക്കുകൊണ്ടു. ബ്രിട്ടീഷ്ജനത അമർഷം പൂണ്ടു. സ്ക്കൂട്ടാരിയുടെ ഇരുണ്ടമേഖലകളിലേയ്ക്ക് പറക്കുവാൻ പല യുവഹൃദയങ്ങളും തുടിച്ചു. ജനങ്ങൾ പൊതുവേ അസ്വസ്ഥരായി. അവരുടെ ആവേശം പെട്ടെന്ന് ശമിച്ചു.

### ഒരു അഭ്യർത്ഥന

1852 മുതൽ ബ്രിട്ടീഷ് യുദ്ധകാര്യ സിക്രട്ടറിയായി സേവനമനുഷ്ഠിയ്ക്കുന്ന ഒരു വ്യക്തിയായിരുന്നു സിഡ്നി ഹെർബർട്ട്. പരുക്കേററ ഭടന്മാർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക അവർക്കുവേണ്ട ധനവ്യയം ചെയ്യുക, അവരുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കുക—ഇതെല്ലാം സിഡ്നി ഹെർബർട്ടിൻെറ ചുമതലയായിരുന്നു. സ്കൂട്ടാരിയിലെ ഭടന്മാരുടെ ദാരുണമായ അവസ്ഥയ്ക്ക് കാരണഭൂതൻ സിഡ്നി ഹെർബർട്ട് ആണെന്ന് ജനങ്ങൾ കുററപ്പെടുത്തി. അദ്ദേഹം തികഞ്ഞ ഗൗരവത്തോടെ തന്നെ ആ പരാമർശങ്ങളെ സ്വീകരിച്ചു. ഉടനടിവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് അദ്ദേഹം തീരുമാനിച്ചു.

സിഡ്നിഹെർബർട്ടിൻെറ അമ്മ ഒരു റഷ്യാക്കാരിയായിരുന്നു. തന്മൂലം ഹെർബർട്ട് റഷ്യാക്കാരോട് കൂടുതൽ കൂറു പുലർത്തുന്നുണ്ടോ എന്ന് അവർ സംശയിച്ചു. തൻെറ കൃത്യങ്ങൾ വളരെ ഗൗരവപൂർണ്ണങ്ങളാണെന്ന് സിഡ്നിഹെർബർട്ട് കരുതി. ടൈംസ് പത്രത്തിലെ ലേഖനങ്ങൾ അവാസ്ഥവങ്ങളാണെന്ന് സൈനീകനേതാക്കൾ കുററപ്പെടുത്തിയെങ്കിലും സിഡ്നിഹെർബർട്ട്അതുവിശ്വസിച്ചില്ല. കോൺസ്ററാൻറിനോപ്പിളിലെ ബ്രി. അമ്പാസിഡറായ 'സ്ട്രറഫേർഡ്' പ്രഭുവിനോട് ആശുപത്രിയ്ക്ക് ആവശ്യമായ സാധനങ്ങൾ ഉടനടി വാങ്ങി സ്കൂട്ടാരിയിൽ എത്തിയ്ക്കാൻ നിർദ്ദേശിച്ചു. സ്കൂട്ടാരിയിലെ ആശുപത്രിയിൽ വനിതാ നഴ്സുമാരുടെ സേവനം അത്യന്താപേക്ഷിതമാ

ണെന്ന് സിഡ്നിഹെർബർട്ട് നിശ്ചയിച്ചു. സിസ്റേറഴ്സ് ഓഫ് ചാരിററിപോലെ ഒരു സംഘം വനിതാ നഴ്സുമാരെ ഉടനടി അവിടെയെത്തിയ്ക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഫ്ളോറൻസ് നൈററിംഗേലിന് ഒരു കത്തെഴുതി.

പ്രിയപ്പെട്ട മിസ്സ് നൈററിങ്ഗേൽ,

സ്ക്കൂട്ടാരിയിൽ നഴ്സുമാരുടെ അഭാവത്തെപ്പററി നിങ്ങഠം മനസ്സിലാക്കിയിരിയ്ക്കുമല്ലോ.

മററുള്ള എല്ലാ കുറവുകളും പരിഹരിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. 95 ഭടന്മാർക്ക് ഒരു ഡാക്ടർ എന്ന കണക്കിന് ആവശ്യമായ ഡാക്ടർമാരെ ഏർപ്പാടുചെയ്തിട്ടുണ്ട്. മൂന്നാഴ്ചയ്ക്കുമുമ്പ് 30 സർജൻമാരേയും അങ്ങോട്ട് അയച്ചിട്ടുണ്ട്. മറെറാരു സംഘം ഡാക്ടർമാരെ അടുത്തുതന്നെ അയയ്ക്കുന്നുണ്ട്.

മെഡിക്കൽ സ്റേറാറിലേയ്ക്ക് ടൺകണക്കിന് ലിൻറ്, 15000 ജോഡി ഷീററുകഠം, വേണ്ടത്ര മരുന്ന്, വീഞ്ഞ്, കൂവപ്പൊടി, തുടങ്ങിയവ അയച്ചിട്ടുണ്ട്. യുദ്ധം പൊട്ടിപ്പുറപ്പെട്ടയുടനെത്തന്നെ ഈ വക സാമഗ്രികഠം 'വാർന'യിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ അവ അവിടെ എത്തുന്നതിനുമുമ്പെ നമ്മുടെ സൈന്യങ്ങഠം അവിടെ നിന്നും പിന്മാറി. തന്മൂലം അവർക്ക് അത് ലഭ്യമായില്ല. ഇപ്പോഠം കൂടുതൽ സ്റേറാക്കുകഠം സ്ക്കൂട്ടാരിയിലേയ്ക്ക് അയച്ചുകൊണ്ടിരിയ്ക്കുകയാണ്.

പക്ഷേ നഴ്സുമാരുടെ കാര്യത്തിലാണ് ഇപ്പോഠം വലിയ പ്രയാസം നേരിട്ടിരിയ്ക്കുന്നത്. ഇതുവരെയും പുരുഷന്മാരായ നഴ്സുമാരെ മാത്രമേ സൈന്യത്തിൽ ചേർത്തിരുന്നുള്ളൂ. അത് തികച്ചും അപര്യാപ്തമാണ്. പരിചരണത്തിന് വനിതാ നഴ്സുമാരുടെ സഹായം അത്യന്താപേക്ഷിതമാണ് എന്ന് എനിയ്ക്ക് ബോധ്യമായിരിയ്ക്കുന്നു. രണാങ്കണത്തിലേയ്ക്ക് വനിതാ വാളൻറിയർമാരെ കൊണ്ടുപോകുക പ്രയാസമാണെന്ന് എനിയ്ക്ക് അറിയാം. എന്നാൽ സ്ക്കൂട്ടാരിയിൽ വനിതാനഴ്സുമാർക്ക് സേവനമനുഷ്ഠിയ്ക്കുവാൻ പററിയ ആശുപത്രിയുള്ളതിനാൽ അത്തരം ഒരു വിഭാഗം നഴ്സുമാരെ അവിടെ നിയമിയ്ക്കുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. പരിചരണക്കാര്യത്തിൽ പുരുഷന്മാർ തുലോം പിന്നിലാണ്. അവർ നിർദ്ദയരും അജ്ഞരുമാണ്.

സ്ക്കൂട്ടാരിയിലേയ്ക്കുപോകുവാൻ അനവധി മാന്യവനിതകഠം സന്നദ്ധരാണ്. പക്ഷേ അവർക്ക് നഴ്സിങ്ങിനെക്കുറിച്ച് വേണ്ട പരിജ്ഞാനമില്ല. ഈ സന്ദർഭത്തിൽ എന്റെ ഉദ്ദേശ്യങ്ങഠംക്കും ലക്ഷ്യങ്ങഠംക്കും അനുസൃതമായി പ്രവർത്തിയ്ക്കുവാൻ ഒരാളെ മാത്രമേ ഞാൻ കാണുന്നുള്ളൂ. അത് നിങ്ങളാണ്. നഴ്സുമാരെ വിദഗ്ദ്ധമായി തിരഞ്ഞെടുക്കാൻ നിങ്ങഠംക്ക് കഴിഞ്ഞേയ്ക്കും. പരിജ്ഞാനവും, സേവനസന്നദ്ധതയും, കഴിവും, മനോധൈര്യവുമുള്ള നഴ്സുമാരെ കണ്ടുപിടിച്ച് ഒരുസംഘം നഴ്സുമാരുമായി സ്ക്കൂട്ടാരിയിലേയ്ക്ക് പോകുവാൻ നിങ്ങഠം തയ്യാറാണോ? ഭരിയ്ക്കുവാനുള്ള ത്രാണിയും പരിചയവും നിങ്ങഠംക്ക് വേണ്ടുവോളമുണ്ട്.

നിങ്ങഠംക്ക് എല്ലാവിധസഹായ സഹകരണങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു. പൂർണ്ണമായ അധികാരം നിങ്ങളിലാണ് സമർപ്പിയ്ക്കുവാൻ ഞാൻ ഉദ്ദേശിയ്ക്കുന്നത്. നിങ്ങളുടെ ഇഷ്ടാനുസരണം നഴ്സിങ്ങിനാവശ്യമായ പണം എടുക്കുവാൻ പരിധിയില്ലാത്ത അധികാരം ഗവൺമെൻറിൽനിന്നും ഞാൻ വാങ്ങിത്തരുന്നതാണ്. നിങ്ങളുടെ എല്ലാവിധ സഹകരണങ്ങളും ഉപദേശങ്ങളും പ്രതീക്ഷിക്കുന്നു. അടുത്തദിവസം തന്നെ നിങ്ങളെ കാണുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. ഔദ്യോഗികമായ ബഹുമതികളോടെയായിരിയ്ക്കും ഈ കൃത്യം നിങ്ങഠം ഏറ്റെടുക്കുക. അത് എവിടെയും മാനിയ്ക്കപ്പെടുന്നതാണ്.

എന്റെ ഈ സംരംഭത്തിൽ ദൈവം എന്നെ തുണയ്ക്കട്ടെ. മിസ്സ് നൈററിങ്ഗേൽ, നിങ്ങളെന്നെ വിശ്വസിയ്ക്കൂ.

നിങ്ങളുടെ സിഡ്നിഹെർബർട്ട്.

ഫ്ളോറൻസ് ആ കൃത്യം ഏറ്റെടുക്കുന്നതിൽ അതിയായ താൽപര്യം കാണിച്ചു, ഉടനെത്തന്നെ സിഡ്നിഹെർബർട്ട് ഫ്ളോറൻസിനെ ചെന്നു കണ്ടു. ഹാർലിസ്ട്രീററിലെ ആശുപത്രിക്കെട്ടിടത്തിൽ അവർ തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നു. സിഡ്നിഹെർബർട്ടിന്റെ മനസ്സ് കൃതജ്ഞതാനിർഭരമായിരുന്നു. ഫ്ളോയുടെ ചിന്തകഠം കഴിഞ്ഞ കാലങ്ങളിലേയ്ക്കു പറന്നു. ലീഹസ്ററിലെ വായനമുറിയിൽ വിങ്ങിപ്പൊട്ടുന്ന മനസ്സുമായി നാളുകഠം കഴിച്ചുകൂട്ടുമ്പോഠം ഒരു മഹാനായ മനുഷ്യൻ തന്റെ സഹായത്തിനെത്തി. ദു:ഖത്തിന്റെ മഹാസമുദ്രത്തിൽനിന്നും

തന്നെ കൈപിടിച്ചുയർത്തി. തനിയ്ക്കൊരു കർമ്മരംഗം തുറന്നുതന്നു. വീണ്ടും ഇതാ വിശാലമായ മറെറാരു ലോകം തൻെറ മുന്നിൽ തുറന്നു കിടക്കുന്നു. അനവധി മനുഷ്യരുടെ സുഖത്തിനും ശാന്തിയ്ക്കും വേണ്ടി താൻ നിയോഗിയ്ക്കപ്പെടുന്നു. സിഡ്നിഹെർബർട്ടിൻെറ മുന്നിൽ അവളുടെ ഹൃദയം നമ്രമായി. വലിയൊരു മനുഷ്യൻ! നിങ്ങൾക്കുവേണ്ടി എത്രവലിയ ക്ലേശവും ഞാൻ സഹിയ്ക്കും. എൻെറ സേവനങ്ങൾ നിങ്ങളുടെ പേരിൽ ഞാൻ അവർക്കു സമർപ്പിയ്ക്കും. അവൾ ആത്മഗതം ചെയ്തു. കൃതജ്ഞതയുടെ മഹത്തായനിമിഷങ്ങൾ!

**ദുഃഖങ്ങളുടെ ലോകത്തിലേയ്ക്ക്**

1854 ഒക്ടോബർ 18–ന് സൈനിക ആശുപത്രിയിലെ മേലധികാരിയായി നിയമിച്ച വിവരം ഗവൺമെൻറ് ഔദ്യോഗികമായി ഫ്ളോയെ അറിയിച്ചു. ഗവൺമെൻറ് അവർക്ക് രേഖകൾ കൈമാറി. 40 അംഗങ്ങളടങ്ങിയ ഒരു സംഘം ക്രിമിയയിലേയ്ക്കു പോകുന്നതിനുള്ള സന്നാഹങ്ങൾ തുടങ്ങി.

വാസ്തവത്തിൽ ലണ്ടൻ ടൈംസിൻെറ മുഖപ്രസംഗങ്ങൾ ഫ്ളോറൻസിനെ അസ്വസ്ഥയാക്കിയിരുന്നു. തനിയ്ക്കു പരിചയമുള്ള ഏററവും വിദഗ്ദ്ധരായ നേഴ്സുമാരോടുകൂടി സ്കൂട്ടാരിയിലേയ്ക്ക് പോകുവാൻ ഒരുങ്ങുകയായിരുന്നു അവർ. സീഡ്നിഹെർബർട്ടിൻെറ മേൽ ചൊരിഞ്ഞുകൊണ്ടിരുന്ന അധിക്ഷേപശരങ്ങൾ അവരെ വല്ലാതെ വേദനിപ്പിച്ചു. തൻെറ ഒരുക്കങ്ങൾ പൂർത്തിയായതിനുശേഷം ഹെർബർട്ടിനെ സന്ദർശിയ്ക്കാൻ അവർ ഒരുങ്ങിയിരിയ്ക്കുമ്പോഴാണ് സിഡ്നിഹെർബർട്ടിൻെറ കത്ത് ഫ്ളോറൻസിന് കിട്ടിയത്. അവർ ആശിച്ചതും അതുതന്നെയായിരുന്നു.

കാബിനററ് യോഗത്തിൽ ആ നിയമനം അംഗീകരിച്ചതോടെ ഗവൺമെൻറ് അതിൻെറ കോപ്പികൾ ക്രിമിയയിലെ സേനകളുടെ കമാണ്ടർ ഇൻചീഫിനും പ്രധാന മെഡിക്കൽഓഫീസർക്കും അയച്ചു. ഫ്ളോയുടെ യാത്രച്ചെലവിലേയ്ക്കായി 1000 പവനും. ഹിതാനുസരണം പണം വാങ്ങുന്നതിനുള്ള അനുവാദവും മന്ത്രിസഭ ഫ്ളോയ്ക്ക് നല്കി.

ഇംഗ്ലണ്ടിലെ ജനങ്ങൾ ആനന്ദംകൊണ്ട് തുള്ളിച്ചാടി. കാബിനററിൻെറ തീരുമാനങ്ങളും ഫ്ളോയുടെ നിയമനത്തെ സംബ

ന്‌ധച്ഛ്‌ സ്‌കൂട്ടാരിയിലേയ്‌ക്ക്‌ അയയ്‌ക്കപ്പെട്ട കടലാസുകളും ജനങ്ങളെ അത്‌ഭുതപ്പെടുത്തി. ആദ്യമായാണ്‌ ഒരു വനിതയ്‌ക്ക്‌ ഇത്രയും വലിയ പദവികാം ലഭിച്ചത്‌. ജനങ്ങളുടെ ദൃഷ്‌ടിയിൽ ഫ്‌ളോ ഒരു ധീരവനിതയായിത്തീർന്നു. മററൊരത്‌ഭുതംകൂടി അപ്പോാം സംഭവിച്ചു. ഫാനിയും പാർത്തെയും ആഹ്‌ളാദചിത്തരായിരുന്നു. എഡ്‌വേർഡ്‌ നൈററിംഗേൽ അഭിമാനഭരിതനായിരുന്നു. എല്ലാ 'ആചാരമര്യാദകളും' പ്രദർശിപ്പിച്ച്‌ 'ചൂടുള്ള' ഒരു യാത്രയയപ്പുനല്‌കാൻ ആ അമ്മയും മകളും മറന്നില്ല.

**സ്വപ്നങ്ങാം യാഥാർത്‌ഥ്യങ്ങളാകുന്നു.**

1854 ഒക്‌ടോബർ 21–ാന്‌ സ്‌ക്കൂട്ടാരിയിലേയ്‌ക്ക്‌പോകുവാൻ ഫ്‌ളോ തീരുമാനിച്ചു. പക്‌ഷേ, പോകുന്നതിനുമുമ്പായിത്തന്നെ അനവധി കാര്യങ്ങാം അവർക്കു ചെയ്‌തുതീർക്കാനുണ്ടായിരുന്നു. തൻെറ സംഘത്തിലേയ്‌ക്കാവശ്യമുള്ള നഴ്‌സുമാരെ കണ്ടുപിടിയ്‌ക്കണം. അവർക്കു പ്രത്യേക യൂനിഫോറം വേണം. അവർക്ക്‌ ടിക്കററുകളും യാത്രാസൗകര്യങ്ങളും ഏർപ്പെടുത്തണം. മിസ്‌ററർ ബ്രേയ്‌സ്‌ബ്രിഡ്‌ജ്‌ സാമ്പത്തികമായ കാര്യങ്ങളുടെ ചുമതല ഏറെറടുത്തു. ലേഡി കാനിങ്ങ്‌ മേരി സ്‌ററാൻലി തുടങ്ങിയ സുഹൃത്തുക്കാം നഴ്‌സുമാരെ തിരഞ്ഞെടുക്കുവാൻ അവരെ സഹായിച്ചു. 38 പേർ മാത്രമേ അപേക്‌ഷകരായി വന്നുള്ളൂ. മിക്കവരും സാമ്പത്തികനേട്ടം ഉദ്‌ദേശിച്ച്‌ വന്നവരായിരുന്നു. നിസ്വാർത്‌ഥമായ സേവനത്തിന്‌ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നഴ്‌സുമാർക്ക്‌ ആഴ്‌ചയിൽ 12 മുതൽ 14 വരെ ഷില്ലിങ്ങ്‌ ശമ്പളമായി നിശ്‌ചയിയ്‌ക്കപ്പെട്ടു. ഭക്‌ഷണവും താമസസൗകര്യങ്ങളും സൗജന്യമായിരുന്നു. മൂന്നുമാസം കഴിഞ്ഞാൽ അവരുടെ വേതനം 16 മുതൽ 18 വരെ ഷില്ലിങ്ങായി ഉയർത്തും. ഒരുകൊല്ലത്തെ തൃപ്‌തികരമായ സേവനത്തിനുശേഷം 18 മുതൽ 29 വരെ ഷില്ലിങ്ങായിവീണ്ടും അത്‌ ഉയർത്തും. ഫ്‌ളോറൻസിൻെറ നിർദ്‌ദേശങ്ങാംക്ക്‌ പരിപൂർണ്ണമായി വിധേയരായിക്കൊള്ളാമെന്ന്‌ ഒരു സമ്മതപത്രം അവർ ഒപ്പിട്ടു കൊടുക്കേണ്ടിവന്നു.

നഴ്‌സുമാരുടെ വസ്‌ത്രധാരണത്തിലും കർശനമായ നിയമങ്ങാം ഏർപ്പെടുത്തിയിരുന്നു. നിറമുള്ള നാടകളോ പൂക്കളോ, അവർ ഉപയോഗിയ്‌ക്കുവാൻ പാടില്ല. ഒരൊററ നഴ്‌സുപോലും

റയ്ക്കു നടക്കുവാൻ പാടില്ല, അതിനുത്തരവാദപ്പെട്ട ഉദ്യോഗസ്ഥയുടെ കൂടെ മാത്രമേ പുറത്തിറങ്ങാവൂ. അവരുടെ ഭാവത്തിലോ പെരുമാററത്തിലോ സംശയം തോന്നാൻ ഇടവന്നാൽ ഉടനെ അവരെ ജോലിയിൽനിന്നും പിരിച്ചുവിടും.

നഴ്സിങ്ങ് ജോലിയിൽ ഏർപ്പെട്ടിരുന്ന 14 പേരെ മാത്രമേ അവർക്ക് തൻെറ സംഘത്തിലേയ്ക്കു ലഭിച്ചുള്ളൂ. വിവിധ സന്യാസിനീസഭകളിൽനിന്നാണ് ബാക്കിയുള്ളവരെ തിരഞ്ഞെടുത്തത്. അവരിൽ പത്തുപേർ റോമൻകത്തോലിയ്ക്കരായിരുന്നു. ശേഷിച്ചവർ പ്രൊട്ടസ്ററൻ്റ് വിഭാഗക്കാരുമായിരുന്നു. അവരെല്ലാം തന്നെ ഫ്ളോറൻസിൻെറ കീഴിൽ വർത്തിയ്ക്കാൻ തയ്യാറായിരുന്നു.

ഫ്ളോറൻസും സംഘവും ലണ്ടനിൽനിന്നും പുറപ്പെട്ടു. അവർ പാരീസിലെത്തി. ഒരു രാത്രി അവിടെ വിശ്രമിച്ചു. വിശ്രമസമയത്ത് തൻെറ സംഘാംഗങ്ങളെ വിളിച്ച് ഒരിയ്ക്കൽകൂടി തൻെറ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഓർമ്മിപ്പിച്ചു. 'രോഗികറം മനുഷ്യരാണ്! നാമെല്ലാം അവരെശുശ്രൂഷിയ്ക്കേണ്ട നഴ്സുമാരും. ഇവിടെ വിഭാഗീയ ചിന്തകറക്ക് സ്ഥാനമില്ല. തങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ച് എല്ലാവരും ബോധവതികളായിരിയ്ക്കണം. ഇവിടെ അഭിപ്രായഭിന്നതകറം ഉണ്ടാകരുത്. ഒരേ വേഷം ഒരേ ആഹാരം ഒരേ കർത്തവ്യം രോഗികളോട് കാരുണ്യമുള്ളവരാകുക–അവരുടെ രോഗവിമുക്തിയിൽ അടങ്ങയററത്തെ ശുഷ്കാന്തി കാണിയ്ക്കുക. കന്യാസ്ത്രീകറക്ക് മാത്രം തങ്ങളുടെ യൂണിഫോറം ധരിയ്ക്കാം തങ്ങറം ധരിയ്ക്കുന്ന വസ്ത്രം സ്വന്തം സൗന്ദര്യം എടുത്തുകാണിയ്ക്കുന്നതിനല്ല. പ്രത്യുത തങ്ങളുടെ സേവനത്തെപ്പററി സദാ ഓർമ്മിയ്ക്കുന്നതിനാണ്. പാരീസിൽ അവർക്ക് ഗംഭീര സ്വീകരണങ്ങറം ലഭിച്ചു. ജനങ്ങറം നിറഞ്ഞ ഹൃദയത്തോടെ അവരെ ആശീർവദിച്ചു. അത് ആ സംഘാംഗങ്ങളെ വളരെ സന്തുഷ്ടരാക്കി. തങ്ങറം മാന്യമായ ഒരു സേവനത്തിന് പോകുന്നതായി അവർക്കുതോന്നി. ഫ്ളോ സന്തുഷ്ടയായി.

## മാർസെയിൽസിലേയ്ക്ക്

പാരീസിൽനിന്നും ഫ്ളോറൻസും സംഘവും നേരെ മാർസെയിൽസിലേയ്ക്കാണ് പോയത്. അവിടെ നാലുദിവസ

ത്തോളം അവർ താമസിച്ചു. സ്കൂട്ടാരിലെ ആശുപത്രിയിലേയ്ക്കാവശ്യമായ സാധനങ്ങൾ വാങ്ങുവാൻ ആ ദിനങ്ങൾ അവർ ഉപയോഗപ്പെടുത്തി. ഫ്ളോറൻസിൻെറ പ്രവർത്തനങ്ങൾ മാർസെയിൽസ് ജനതയിൽ അളവററ മതിപ്പുളവാക്കി. അവരുടെ താമസസ്ഥലത്ത് ജനങ്ങൾ തടിച്ചുകൂടി. കച്ചവടക്കാർ, ഉദ്യോഗസ്ഥൻമാർ, ഓഫീസർമാർ തുടങ്ങി വിവിധ തുറകളിലുള്ള മനുഷ്യർ അവരുടെ ആശംസകളും അനുഗ്രഹങ്ങളും ഫ്ളോറൻസിനെ അറിയിച്ചു. അവർ ചിരകാലസുഹൃത്തുക്കളെപ്പോലെ പെരുമാറി. എല്ലാസഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു. നാലുദിവസത്തെ താമസത്തിനുശേഷം ഫ്ളോറൻസും സംഘവും വെക്ടിസ് എന്ന കപ്പലിൽക്കയറി.

ക്ഷോഭിച്ചിളകുന്ന കടൽ! ആഞ്ഞടിക്കുന്ന തിരമാലകളിൽ കപ്പൽ വല്ലാതെ ആടിയുലഞ്ഞു. ശീതക്കാററ് ശക്തിയായി വീശി. കനത്തമഴയിൽ കോൺസ്ററാൻറിനേപ്പിൾ നനഞ്ഞ് കുതിർന്നുനിന്നു. ദൂരെ ബാരാക്കു ഹോസ്പിററൽ തങ്ങളെ മാടിവിളിയ്ക്കുന്നു!

## സ്ക്കൂട്ടാരിയിൽ

1854 നവംബർ അഞ്ചാംതീയതി മിസ്സ്ഫ്ളോറൻസ്നൈററിങ്ഗേലും സംഘവും 'ബാരക്ക്' ആശുപത്രിയിൽ പ്രവേശിച്ചു. അവിടെക്കണ്ട കാഴ്ച അത്യന്തം വേദനാജനകമായിരുന്നു. കെട്ടിടങ്ങൾ ജീർണ്ണിച്ചും വൃത്തിഹീനമായും കാണപ്പെട്ടു. രോഗികൾ തിങ്ങി നിറഞ്ഞുകിടന്നിരുന്നു. മാലിന്യങ്ങൾ നീക്കം ചെയ്യപ്പെട്ടിരുന്നില്ല. ആശുപത്രിയുടെ ചുററുപാടുകൾ അറപ്പും വെറുപ്പുമുളവാക്കുന്നവിധത്തിലായിരുന്നു. രോഗികൾക്ക് ശരിയായ പരിചരണം ലഭിച്ചിരുന്നില്ല. അവിടെ പ്രവർത്തിച്ചിരുന്ന ഡാക്ടർമാരോ നഴ്സുമാരോ രോഗികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചില്ല. തന്മൂലം ദിവസേന അനവധി രോഗികൾ മരണത്തിനിരയായി.

പുതുതായി നിയോഗിയ്ക്കപ്പെട്ട വനിതാനഴ്സുമാർക്ക് പ്രത്യേകമായ താമസസൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആറ് ചെറിയമുറികളാണ് അവർക്കുവേണ്ടി തയ്യാറാക്കപ്പെട്ടത്. അതിൽ ഒന്ന് പാചകമുറിയായിരുന്നു. ചോർച്ചയുള്ള മുറികൾ മഴവെള്ളം വീണ് കുതിർന്നിരുന്നു. മേശയോ കട്ടിലോ, ഭക്ഷ

ണസാധനങ്ങരം വിളമ്പുന്നതിനുള്ള പാത്രങ്ങളോ അവിടെ ഉണ്ടാ യിരുന്നില്ല. ഉള്ള സൗകര്യം ബുദ്ധിപൂർവ്വം ഉപയോഗിയ്ക്കു വാൻ ഫ്ളോറൻസ് ശ്രമിച്ചു. ആദ്യമായി മുറികളിൽ പ്രവേശി ച്ചപ്പോരം അവിടെ മൃതശരീരങ്ങരം അഴുകിക്കിടക്കുന്നുണ്ടായി രുന്നു. മുറികളിൽ അവിടവിടെയായി മരിച്ച ടേനന്മാരുടെ അഴുക്കുവസ്ത്രങ്ങരം കുന്നുകൂടിക്കിടന്നിരുന്നു. ദുർഗന്ധം മൂലം അകത്തുപ്രവേശിയ്ക്കാൻ വിഷമമായിരുന്നു.

ഫ്ളോറൻസും മിസ്സിസ് ബ്രേസ്ബ്രിഡ്ജും ഒരു ചെറിയ മുറിയിലാണ് താമസിച്ചിരുന്നത്. വേലക്കാർ പാചക ശാലയിൽ കഴിച്ചുകൂട്ടി. മൃതശരീരങ്ങരം മാററിയ മുറികരം വളരെ ബുദ്ധിമുട്ടുകരം സഹിച്ചാണ് ശുചിയാക്കിയത്. അവിടെ വെ റും തറയിൽ അവർ കിടന്നു. കിടക്കയോ കട്ടിലോ ഉണ്ടായിരു ന്നില്ല. പാചകശാലയിൽ ആഹാരം പാകം ചെയ്യുന്നതിനുള്ള സാമ ഗ്രികരം ഉണ്ടായിരുന്നില്ല. ഫ്ളോറൻസ് വളരെ ബുദ്ധിമുട്ടി അൽപ്പം ടിന്നുകളും ബെയ്സിനുകളും കൊണ്ടുവന്നു. അവർ ല ഘുഭക്ഷണം തയ്യാറാക്കി ഭക്ഷിച്ചു.

തൽക്കാലം ഒരു പ്രത്യേകരീതിയിലുള്ള ജീവിതം നയിക്കേ ണ്ടിവരുമെന്ന് ഫ്ളോറൻസ് തൻെറ സംഘാംഗങ്ങളെ അറിയി ച്ചു. വളരെ പരിമിതമായ സൗകര്യങ്ങളേ ഇവിടെയുള്ളൂ. പക്ഷേ അതൊരു പ്രശ്നമാക്കിക്കൂടാ. തങ്ങരം വന്നതിൻെറ ഉദ്ദേശം മാത്രം മനസ്സിൽ വയ്ക്കുവാൻ അവർ നഴ്സുമാരോടു് അ ഭ്യർത്ഥിച്ചു. കുളിയും ഊണും വസ്ത്രം നനച്ചിടലും എല്ലാം ഒരേ പാത്രംകൊണ്ട് അവർ നിർവഹിച്ചു.

രാത്രി സർവ്വത്ര അന്ധകാരമാണ്. അത്യാവശ്യമായസന്ദർ ഭങ്ങളിൽ മാത്രം വിളക്കുകത്തിച്ചു. രാത്രിയുടെ ഏകാന്തതകളിൽ രോഗികളുടെ ദീനദീനമായ രോദനങ്ങരം അവിടമെങ്ങും മുഴങ്ങി. കിടക്കയില്ലാതെ മരുന്നില്ലാതെ വെളിച്ചമില്ലാതെ അവർ വലഞ്ഞു അസഹ്യമായ വേദന അതുമാത്രം അവർക്ക് കൂട്ടുനിന്നു. തങ്ങ ളുടെ വിധിയെ ശപിച്ചുകൊണ്ട് നാളുകരം തള്ളി ആ സാധുമനു ഷ്യരുടെ ഹൃദയഭേദകമായ ശബ്ദങ്ങരം ആ ആശുപത്രിയുടെ അന്തരീക്ഷത്തെ വല്ലാത്തൊരവസ്ഥയിലെത്തിച്ചു. സ്ക്കൂട്ടാ

രിയിലെത്തിയ ദിവസം നഴ്സുമാർ വളരെ നിരാശപ്പെട്ടു. ഇങ്ങനെയൊരു പരിതസ്ഥിതിയിൽ കഴിച്ചുകൂട്ടുന്നതെങ്ങിനെയെന്ന് അവർ ഭയപ്പെട്ടു. എന്നാൽ രോഗികളുടെ ദയനീയാവസ്ഥ കണ്ടപ്പോൾ തങ്ങൾ എത്രയോ ഭേദപ്പെട്ടനിലയിലാണെന്ന് അവർക്കു തോന്നി.

## എതിർപ്പുകൾ നേരിടുന്നു

ഫ്ളോറൻസും ഒരു സംഘം നഴ്സുമാരും അവിടെ വന്നിറങ്ങിയത് അവിടെയുണ്ടായിരുന്ന ഡോക്ടർമാർക്ക് അത്ര ഇഷ്ടമായില്ല. അവർ കഠിനമായ അദ്ധ്വാനംകൊണ്ട് ആകെ തളർന്നിരുന്നു. ആസന്ദർഭത്തിലാണ് കാര്യശേഷിയും കഴിവുമുള്ള ഒരു വനിതയും അവരുടെ കീഴിൽ കുറെ നഴ്സുമാരും അവിടെ വന്നിറങ്ങുന്നത്. ബാരക്ക് ആശുപത്രിയിലെ സ്ഥിതിവിശേഷം എന്താനും വനിതകളെക്കൊണ്ട് മാററിയെടുക്കാവുന്നതല്ലെന്ന് അവർ വിചാരിച്ചു. യുദ്ധഭടന്മാരുടെ പരിചരണം ഈ സ്ത്രീകളെ ഏല്പിക്കുന്നതിൽ അവർക്ക് ഒട്ടും തൃപ്തിയില്ലായിരുന്നു. ഇക്കാര്യത്തിൽ ഗവൺമെൻറിന് വലിയൊരു അബദ്ധമാണ് പററിയിരിയ്ക്കുന്നതെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു.

ഡോക്ടർമാർക്ക് മറെറാരു ഭയവും ഉണ്ടായിരുന്നു. ഫ്ളോറൻസിൻെറ നിയമനം ഗവൺമെൻറ് മുഖാന്തരമാണ്. ഒരു പക്ഷേ തങ്ങളുടെ പ്രവൃത്തികളെപ്പററി രഹസ്യമായി അധികൃതരെ അറിയിയ്ക്കുവാനാണോ ഇവർ വന്നിരിയ്ക്കുന്നത്? ഫ്ളോറൻസിന് ഉന്നത വ്യക്തികളുടെ പിൻബലവുമുണ്ട്. അതിനാൽ അവരോട് ഇടയുന്നത് സൂക്ഷിച്ചുവേണം. ഡാക്ടർമാർ തങ്ങളുടെ ഉള്ളുകള്ളികൾ മറച്ചുവച്ച് വളരെ സന്തോഷത്തോടെ അവരെ സ്വീകരിച്ചു. പക്ഷേ നാളുകൾ കഴിയുംതോറും തങ്ങളുടെ അവജ്ഞയും വെറുപ്പും അവർ പ്രകടമാക്കി.

മാർസെയിൽസിൽ താമസിച്ചിരുന്ന സന്ദർഭത്തിൽ ആശുപത്രി ആവശ്യങ്ങൾക്കായി ഫ്ളോ കുറെ സാധനങ്ങൾ വാങ്ങുകയുണ്ടായി. അവ രോഗികൾക്ക് വിതരണം ചെയ്യുന്നതിനെ ഡോ

ക്ടർമാർ തടഞ്ഞു. ഫ്ളോറൻസോ, അവരുടെ നഴ്സുമാരോ രോഗികളെ പരിചരിയ്ക്കുന്നതിൽ അവർക്ക് ഒട്ടും സംതൃപ്തിയുണ്ടായിരുന്നില്ല. രോഗികളെ പരിചരിയ്ക്കാൻ രോഗവിമുക്തരായ പട്ടാള ഉദ്ദ്യോഗസ്ഥന്മാരെത്തന്നെയാണ് നിയമിച്ചിരുന്നത്. അവർക്ക് പരിജ്ഞാനമുണ്ടോ? പരിശീലനമുണ്ടോ? തങ്ങളുടെ ജോലിയിൽ വേണ്ടത്ര ശുഷ്കാന്തി കാണിയ്ക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. തികച്ചും നിർദയവും ക്രൂരവുമായിരുന്നു അവരുടെ നടപടികൾ.

ഫ്ളോറൻസ് നയപൂർവ്വം പെരുമാറി. അവർ ഡാക്ടർമാർക്ക് എതിരായി ഒന്നും പറഞ്ഞില്ല. അവരുടെ അധീനത്തിൽ നിന്ന് പ്രവർത്തിയ്ക്കുവാൻ ഫ്ളോറൻസ് നിശ്ചയിച്ചു. ഡോക്ടർമാരുടെ ജോലികളിൽ കൈകടത്താതിരിയ്ക്കാൻ പ്രത്യേകം മനസ്സിരുത്തി. തങ്ങൾ ഡാക്ടരുടെ അധികാരത്തെ മാനിയ്ക്കുന്നുവെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. എങ്കിലേ വിശ്വാസം നേടാനാകൂ. ഫ്ളോറൻസ് നിശ്ചയിച്ചു. മനസ്സിന് നല്ല ശേഷിയുണ്ടെങ്കിലേ ലക്ഷ്യം നേടാനാകൂ. രോഗികൾക്ക് അത്യാവശ്യമായ സന്ദർഭങ്ങളിൽപ്പോലും ഡോക്ടർമാരുടെ ഹിതത്തിന് വിപരീതമായി പ്രവർത്തിയ്ക്കില്ലെന്ന് അവർ ദൃഢനിശ്ചയം ചെയ്തു. അവർ മനോനിയന്ത്രണത്തോടെ ജീവിച്ചു.

യുദ്ധത്തിൽ പരുക്കുപററിയ രോഗികളുടെ എണ്ണം കൂടുതലാകുന്തോറും ആശുപത്രിയിലെ അസൗകര്യങ്ങളും വർദ്ധിച്ചു. രോഗികളുടെ കഷ്ടപ്പാടുകൾ ഇരട്ടിച്ചു. തന്റെ സംഘത്തിൽ നിന്ന് 28 നഴ്സുമാരെ ബാരക്ക് ആശുപത്രിയിലേയ്ക്കും 10 പേരെ കാൽമൈൽ അകലെയുള്ള ജനറൽ ആശുപത്രിയിലേയ്ക്കും ഫ്ളോറൻസ് അയച്ചു. ഡോക്ടർമാർ അഹിതമായി എന്തെങ്കിലും പറഞ്ഞാൽ വാർഡിൽ കടന്നുപോകരുതെന്ന് പ്രത്യേകം താക്കീതുനൽകി എന്നിട്ടും ഡാക്ടർമാർ അതിക്രൂരമായിത്തന്നെ പെരുമാറി. നഴ്സുമാരുടെ സേവനങ്ങളെ ഗൗനിച്ചതേയില്ല. ഫ്ളോറൻസിനോടും അവരുടെ പരിചരണസംഘത്തോടും അത്രയും രൂക്ഷമായ എതിർപ്പാണ് അവർക്കുണ്ടായി

രുന്നത്. എതിർപ്പുകൾ ഫ്ളോറൻസിന് പുത്തരിയല്ലല്ലോ. മനസ്സിന് യാതൊരു ഇളക്കവും സംഭവിച്ചില്ല. ഒടുവിൽ ഡാക്ടർമാർ തന്നെ മനസ്സിലാക്കാതിരിയ്ക്കയില്ലെന്ന് ഫ്ളോ വിശ്വസിച്ചു.

**അഭിനന്ദനം**

ക്രിമിയൻ യുദ്ധരംഗത്തുനിന്നും ദിനം പ്രതി എത്തികൊണ്ടിരുന്ന രോഗികളുടെ സംഖ്യ വർദ്ധിച്ചു. രോഗികളുടെ എണ്ണം വർദ്ധിച്ചതോടെ എന്തുചെയ്യണമെന്നറിയാതെ ആശുപത്രി അധികൃതർ കുഴങ്ങി. സ്ക്കൂട്ടാരിയിലെ ആശുപത്രിയിൽ ആകപ്പാടെ ബഹളം നിറഞ്ഞ ഒരന്തരീക്ഷം. അവർ ഫ്ളോറൻസിൻെറ സഹായമഭ്യർത്ഥിച്ചു. ഫ്ളോ ഭരണഭാരം ഏറെറടുത്തു.

തൻെറ ഓരോനിമിഷവും ഏററവും വിലപ്പെട്ടതാണ്. അത് അൽപ്പംപോലും പാഴാക്കിക്കൂടാ. ഫ്ളോറൻസ് ദ്രുതഗതിയിൽ പ്രവർത്തനമാരംഭിച്ചു. തൻെറ സഹപ്രവർത്തകരെ ഒരു നിമിഷം പോലും വെറുതെയിരിക്കുവാൻ അവർ അനുവദിച്ചില്ല. അവർ ചാക്കുകൾകൊണ്ട് കിടക്ക തയ്ച്ചു. അതിൽ വയ്ക്കോൽ നിറച്ചു. രോഗികൾക്ക് കിടക്കയും തലയിണയും ഉണ്ടാക്കി. കോൺസ്ററാൻറിനോപ്പിളിൽനിന്നും തുണികൾ വരുത്തി കിടക്കകളിൽ വിരിച്ചു. തറയിൽനിന്നും രോഗികളെ കിടക്കയിലേയ്ക്കുമാററി. രോഗികൾക്ക് എന്തൊരു ആശ്വാസമാണ് അത് പകർന്നത്!

മൃതശരീരങ്ങൾ അപ്പോഴപ്പോൾ നീക്കംചെയ്തു. മാലിന്യങ്ങൾ തൂത്തുമാററി. ആശുപത്രിയുടെ ഓരോ മുക്കും മൂലയും വൃത്തിയും വെടിപ്പും ഉള്ളതാക്കി. പരിസരങ്ങൾ ശുചിയാക്കുന്നതിൽ കർശനമായ നിയമം ഏർപ്പെടുത്തി. രോഗികൾ കിടക്കുന്നസ്ഥലം വായുവും വെളിച്ചവും പ്രവേശിയ്ക്കുന്നതാകണമെന്ന് നിഷ്കർഷിച്ചു.

രോഗികളുടെ മുറിവുകൾ വൃത്തിയായി കഴുകിക്കെട്ടി. അംഗഭംഗം വന്നവരുടെ കൈകാലുകൾ മററുള്ള രോഗികളുടെ മുമ്പിൽവച്ചാണ് മുറിച്ചിരുന്നത്. അത് മററുള്ള രോഗികളെ

വല്ലാതെ വിഷമിപ്പിച്ചു. ഫ്ളോറൻസ് താൻ കൊണ്ടുവന്ന സാമ ഗ്രികൾ ഉപയോഗിച്ച് ഓപ്പറേഷന് വിധേയരാകുന്ന രോഗികൾക്കായി സ്ക്രീനുകൾ ഉണ്ടാക്കി.

ആശുപത്രിയിലെ വാർഡുകൾ വൃത്തിയാക്കാൻ ബ്രഷ് വാങ്ങിച്ചു. നഴ്സിങ്ങ് ഓഡർലികൾ അവ ഉപയോഗിച്ച് ദിവസേന വാർഡ് വൃത്തിയാക്കി. രോഗികളുടെ വസ്ത്രവും പുതപ്പും ആഴ്ചയിൽ ഒരു തവണയെങ്കിലും അലക്കിച്ചു.

പാചകശാലകളുടെ കാര്യത്തിൽ കർശനമായ നിർദ്ദേശങ്ങൾ നല്കി. ഭക്ഷണപദാർത്ഥങ്ങൾ രുചികരമായി പാകംചെയ്യുവാൻ പ്രത്യേകം ചട്ടംകെട്ടി. താൻ വരുമ്പോൾ കരുതിയ പണവും സാമഗ്രികളും തക്കസമയത്ത് അവർ ഉപയോഗപ്പെടുത്തി. ഫ്ളോറൻസിന്റെ സ്റ്റോറിൽനിന്നും ഇപ്രകാരം സാധനങ്ങൾ എടുത്ത് പെരുമാറുന്നതിൽ പലരും പരാതിപ്പെട്ടു. അതിന് ഹൃദയസ്പർശിയായ ഒരു മറുപടിയാണ് അവർ നല്കിയത്. രോഗികൾ തണുപ്പുകൊണ്ട് വിറയ്ക്കുന്നു വേദനകൊണ്ട് പുളയുന്നു. വിശപ്പുകൊണ്ട് തളരുന്നു. ഹൃദയമുള്ളവർക്ക് എങ്ങനെ സഹിയ്ക്കാൻ കഴിയും? ഇവിടെ മനുഷ്യത്വം മറ്റെന്തിനെക്കാളുമുപരിയാണ്—ഫ്ളോയുടെ വാക്കുകൾ ഉറച്ചതായിരുന്നു. 'ദൈവത്തെയോർത്ത് എനിയ്ക്കല്പം ആഹാരം തരൂ' എന്ന് നിലവിളിയ്ക്കുന്ന മനുഷ്യരെ എങ്ങനെ സംതൃപ്തരാക്കണമെന്ന് അവർ കാണിച്ചുകൊടുത്തു. ഓരോ വാർഡിലും വെള്ളം തിളപ്പിച്ച് പാനീയങ്ങളുണ്ടാക്കി. തടസ്സങ്ങളെ അവർ സധൈര്യം നേരിട്ടു.

ശുചീകരണം, ഫലപ്രദമായശുശ്രൂഷ, ആരോഗ്യകരമായ ആഹാരം എന്നീ കാര്യങ്ങളിൽ അവർ വളരെയധികം നിഷ്കർഷ കാണിച്ചു. ഒഴിവുള്ളപ്പോൾ ആശുപത്രിയിലേയ്ക്ക് ആവശ്യമായ സാമഗ്രികളുടെ ലിസ്റ്റുകൾ തയ്യാറാക്കും. സഹപ്രവർത്തകരെക്കൊണ്ട് അത് വാങ്ങിപ്പിയ്ക്കും. ആവശ്യാനുസൃതം അത് രോഗികൾക്ക് വിതരണം ചെയ്തു.

രോഗികളോടുള്ള സമീപനം ഫലപ്രദവും ആശ്വാസകരവും ആയിരുന്നു. ഒരു ദിവസം പലപ്രാവശ്യം അവരുടെ ക്ഷേമ

മന്വേഷിച്ചു. സ്നേഹപൂർണ്ണമായ വചനങ്ങാംകൊണ്ട് ആശ്വസിപ്പിച്ചു. അവരിൽ ആത്മവിശ്വാസമുണർത്തി. സ്കൂട്ടാരിയിലെ അന്തരീക്ഷത്തിൽ സാരമായ പരിവർത്തനങ്ങാം സംഭവിച്ചിരുന്നു. ആകപ്പാടെ ഒരടുക്കും ചിട്ടയും കൈവന്നു.

വിക്ടോറിയാരാജ്ഞി ഫ്ളോറൻസിനെ മുക്തകണ്ഠം പ്രശംസിച്ചു. നൈററിങ്ഗേലിൻെറ നിസ്തുലമായ സേവനത്തിൽ വളരെയധികം അഭിമാനവും സന്തുഷ്ടിയും രേഖപ്പെടുത്തി വിക്ടോറിയാരാജ്ഞിയുടെ സന്ദേശവും അഭിനന്ദനവും ഫ്ളോ തികഞ്ഞ ആത്മസംതൃപ്തിയോടെ സ്വീകരിച്ചു. ഭടന്മാരോട് രാജ്ഞിയുടെ സന്ദേശമറിയിച്ചു. രാജ്ഞിയ്ക്കുള്ള മറുപടിക്കത്തിൽ തനിയ്ക്ക് ഒന്നുരണ്ട് അപേക്ഷകളുള്ളത് അവർ രേഖപ്പെടുത്തി. അതിൽ ഒന്ന്, രോഗികളായ ഭടന്മാരിൽനിന്നും പ്രതിഫലത്തുക ഈടാക്കാതിരിയ്ക്കുക; മറെറാന്ന് സ്ക്കൂട്ടാരിയിലെ ശ്മശാനഭൂമികാം ബ്രിട്ടീഷുകാരുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കുക. രാജ്ഞി ഈ രണ്ടു കാര്യങ്ങളും പരിഗണിച്ചു. ഫ്ളോറൻസിൻെറ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്ന വൃത്തങ്ങളിൽപോലും അംഗീകരിയ്ക്കപ്പെട്ടു. രാഷ്ട്രത്തിൻെറ വീരസന്തതിയാണ് ഫ്ളോറൻസ് എന്നും എല്ലാവരും വാഴ്ത്തി.

**ദീപം ! ദീപം !**

സായാഹ്നസമയങ്ങളിൽ അതാതു ദിനങ്ങളിലെ പ്രവൃത്തികളെയും അവയുടെ ഫലങ്ങളെയുംകുറിച്ച് ഫ്ളോറൻസ് സമഗ്രമായ റിപ്പോർട്ടുകാം തയ്യാറാക്കും. ആവശ്യമായ കത്തിടപാടുകാം നടത്തും. രോഗികളുടെയും ആശുപത്രികളുടെയും സ്ഥിതിഗതികളെയും ശുശ്രൂഷാരീതിയെയും സംബന്ധിച്ച് ലഘുവിവരണങ്ങാം തയ്യാറാക്കും. പുതിയ സജ്ജീകരണങ്ങാംക്കാവശ്യമായ നടപടികാം കൈക്കൊള്ളും. ആശുപത്രിയുടെ പരിസരം വിജനവും അന്ധകാരമയവും ആകുന്നതോടെ അവർ തൻെറ സ്ഥാനത്തുനിന്നും മെല്ലെ എഴുന്നേല്ക്കും. സഹപ്രവർത്തകരെല്ലാം ഗാഢനിദ്രയിലായിരിയ്ക്കും. വാർഡുകളിലെ ഡ്യൂട്ടി നഴ്സുമാർ തങ്ങളുടെ കസേരകളിൽ ഇരുന്ന് ഉറക്കം തൂങ്ങുക

യാകും. ചുമരിലിരിയ്ക്കുന്ന സമയ സൂചിക മാത്രം 'ടക്ടക്' എന്ന് മിടിയ്ക്കുന്നുണ്ടാകും. ഈ സമയത്ത് കയ്യിൽ മുനിഞ്ഞു കത്തുന്ന ഒരു ദീപവുമായി ആ ഇരുളിലൂടെ അവർ മെല്ലെ നീങ്ങും. സ്വന്തം ഹൃദയത്തുടിപ്പുകൾപോലും കേൾക്കാവുന്ന വിധം നിശ്ശബ്ദമായി, സാവധാനത്തിൽ ഓരോ കിടക്കയുടെയും സമീപത്തുചെല്ലും. തളർന്നുകിടക്കുന്ന രോഗികളുടെ മുഖത്തേയ്ക്കും ആ മണിദീപമുയരും. ആ വെട്ടത്തിൽ വേദന തളംകെട്ടി നില്ക്കുന്ന മുഖങ്ങൾ അവർ ശാന്തമായി വീക്ഷിയ്ക്കും. കയ്യും കാലും അററ് വികൃതമായിക്കിടക്കുന്ന മാംസപിണ്ഡങ്ങൾ! ദൈവമേ! അറിയാതെ വിളിച്ചുപോകും. ആ കണ്ണുകൾ ഈറനാകും. അലിവോടെ അവരെയൊന്നു നോക്കി അടുത്ത കിടക്കയിലേയ്ക്ക് നീങ്ങും. ആശ്വാസവചനങ്ങൾ, സ്നേഹപൂർണ്ണമായ പെരുമാററം, തണുത്ത സ്പർശങ്ങൾ ഇത്രയും കൊണ്ട് രോഗികൾക്ക് എന്തെന്നില്ലാത്ത ആശ്വാസമരുളും. അവർക്ക് വെള്ളമോ മരുന്നോ നല്കും. വീണ്ടും അവർ തളർന്നുറങ്ങുമ്പോൾ അവിടെനിന്നും നിഷ്ക്രമിക്കും.

രോഗികൾ അവരെ ഒരു മാലാഖയെപ്പോലെ കരുതി. വേദന കൊണ്ട് ഉറങ്ങാൻ കഴിയാത്ത രാത്രികളിൽ ഇരുട്ടിലേയ്ക്ക് കണ്ണുംനട്ട് ആ ഭാഗ്യഹീനർ കിടക്കും. ആ സന്ദർഭത്തിൽ അടുത്തണഞ്ഞുകൊണ്ടിരിയ്ക്കുന്ന ആ പ്രകാശനാളം അവർക്ക് ആശ്വാസമരുളും. ആ ത്യാഗമയി സമീപത്തുകൂടി നടന്നുനീങ്ങുമ്പോൾ ആ രോഗികളുടെ മനസ്സ് നിശ്ശബ്ദമായി നന്മകൾ നേരും. തങ്ങളെക്കടന്നുനീങ്ങുന്ന ആ രൂപത്തിൻെറ നിഴൽപ്പാടുകൾ തലയിണയിൽ പതിയ്ക്കുമ്പോൾ അവർ അതിൽ ചുംബനമർപ്പിയ്ക്കും. യുദ്ധഭൂമിയുടെ വികൃതവും ഭയങ്കരവുമായ രംഗങ്ങൾ ഓർക്കുമ്പോൾ അവർ അസ്വസ്ഥരാകും—പക്ഷേ ഇപ്പോൾ ഏതോ ദേവാലയത്തിലാണ് തങ്ങൾ കിടക്കുന്നതെന്ന് അവർക്കുതോന്നും.

### ക്രിമിയായിലേയ്ക്ക്

സ്ക്കൂട്ടാരിയിലെ സ്ഥിതിഗതികൾ ഏറെക്കുറെ സാധാരണമട്ടിലായി. അധികം താമസിയാതെ ക്രിമിയയിലേയ്ക്ക് പോ

കുവാൻ ഫ്ളോറൻസ് തീരുമാനിച്ചു. 'ബാലക്ലാവ' ഹാർബറിനു സമീപത്തായി രണ്ടു ആശുപത്രികളുണ്ട്. അവിടത്തെ സ്ഥിതി ഗതികാം നേരിട്ട് വീക്ഷിക്കാൻ ഫ്ളോ നിശ്ചയിച്ചു. തൻെറ സേവനം അവിടെയും ഉപയോഗപ്പെടുത്താൻ അവർതീരുമാനിച്ചു ക്രിമിയയിലെ സ്ഥിതി സ്ക്കൂട്ടാരി ആശുപത്രിയിലുളളതി നേക്കാരം ഒട്ടും മോശമായിരുന്നില്ല.

1850 മെയ് 2–ന് 'റോബർട്ട്ലോവ്' എന്ന കപ്പലിൽ ക്രിമിയയിലെ ബാലക്ലാവയിലേയ്ക്ക് പുറപ്പെട്ടു. മെയ് അഞ്ചാം തീയതി അവർ അവിടെയെത്തി വളരെ ഹാർദ്ദമായ ഒരു സ്വീകരണമാണ് അവർക്ക് അവിടെ ലഭിച്ചത്. രാഷ്ട്രത്തിൻെറ ആ വീരസന്തതിയെ ഒരു നോക്കു കാണുവാനായി ജനങ്ങരം കപ്പലിനുചുററും തടിച്ചുകൂടി. ഉദ്യോഗസ്ഥന്മാരും പ്രമുഖവ്യക്തികളുമടങ്ങിയ അനേകം മകനേബഹുമാന്യജനം ആതിഥേയരുടെ അകമ്പടിയോടെ ഫ്ളോറൽസ് കരയ്ക്കിറങ്ങി. ഒരു കുതിരയുടെ പുറത്തുകയറി അവർ സെബാസ്ററപ്പൂളിനു സമീപമുളള സൈനിക കേന്ദ്രത്തിലേയ്ക്കുപോയി.

കുതിരപ്പുറത്ത് ആഗതയായ ഫ്ളോറൻസിനെ കാണുവാൻ പട്ടാളക്കാർ ചുററും കൂടി. അവർ ജയാരവം മുഴക്കി. ഭീകരമായ യുദ്ധത്തിനു മീതെ നിർഭയമായി സഞ്ചരിച്ച ആ വീരവനിതയെ അവർ പൂക്കരംവർഷിച്ചു ആരാധിച്ചു. കപ്പലിലാണ് ഫ്ളോറൻസിന് താമസിയ്ക്കാനുളള സൗകര്യങ്ങരം ഏർപ്പെടുത്തിയിരുന്നത്. ഫ്ളോറൻസ് അവിടേയ്ക്ക് തിരിച്ചു.

ആശുപത്രിയുടെ നില വളരെ പരിതാപകരമായിരുന്നു. പ്രധാന ആശുപത്രിയും അതിനുചുററും കുറെ കുടിലുകളും. അതായിരുന്നു അവിടത്തെ ശുശ്രൂഷാകേന്ദ്രങ്ങരം. ആശുപത്രിയും പരിസരവും വൃത്തികെട്ടുകിടന്നു. നഴ്സുമാർക്ക് യാതൊരു പ്രാപ്തിയും ഉണ്ടായിരുന്നില്ല. അച്ചടക്കം അവർ പാലിച്ചിരുന്നതേയില്ല. വലിയൊരു പരിവർത്തനം വരുത്തിയേ പററൂ. ഫ്ളോറൻസ് നിശ്ചയിച്ചു

അവർ കണ്ണീർവാർത്തു. യുദ്ധഭൂമിയിൽ തങ്ങളുടെ ഉററ സുഹൃത്തുക്കൾ മരിച്ചുകിടക്കുന്നത് കണ്ടിട്ടുപോലും അവരുടെ ഹൃദയം ഇത്രമാത്രം നൊന്തില്ല. തങ്ങളുടെ 'സ്വാമിനി' രോഗം മൂലം അവശയായിരിയ്ക്കുന്നു സ്ക്കൂട്ടാരിയിലും ബാലക്ലാവയിലും ഉണ്ടായിരുന്ന പട്ടാളക്കാർ ഈ വിവരമറിഞ്ഞ് പൊട്ടിക്കരഞ്ഞു. ഫ്ളോറൻസിന്റെ ആരോഗ്യത്തിനായി അവർ ദൈവത്തോട് പ്രാർത്ഥിച്ചു.

ബാലക്ലാവയിലെത്തിയതിന്റെ മൂന്നാം ദിവസമാണ് അതുണ്ടായത്. കപ്പലിൽ ചില സന്ദർശകരുമായി അഭിമുഖസംഭാഷണത്തിലേർപ്പെട്ടിരിയ്ക്കുകയായിരുന്നു. പെട്ടെന്ന് ഫ്ളോറൻസ് ബോധരഹിതരായി നിലത്തുവീണു. ഡാക്ടർമാർ അങ്ങോട്ടുപാഞ്ഞു. ഫ്ളോറൻസിന് ജ്വരം ബാധിച്ചിരിയ്ക്കുന്നുവെന്ന് വിദഗ്ദ്ധപരിശോധനയ്ക്കുശേഷം കണ്ടുപിടിച്ചു. അവരുടെ രോഗവാർത്ത കാട്ടുതീപോലെ പടർന്നു. ഫ്ളോറൻസിന് വിദഗ്ദ്ധമായ ശുശ്രൂഷവേണം. വിശ്രമംവേണം. അവരെ കാസിൽആശുപത്രിയിലേയ്ക്ക് മാററാൻ തീരുമാനിച്ചു.

ഫ്ളോറൻസ് ആകെ തളർന്നിരുന്നു. ഒരു സ്ട്രെച്ചറിൽ കിടത്തിയാണ് അവരെ കാസിൽ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത്. ആ കാഴ്ച കണ്ടുനിന്നവരെല്ലാം മുഖം പൊത്തികരഞ്ഞു. ഫ്ളോറൻസിന് ബോധമുണ്ടായിരുന്നില്ല. അവർ പിച്ചും പേയും പറഞ്ഞിരുന്നു. സൈനികോദ്യോഗസ്ഥന്മാരും ഡാക്ടർമാരും അവർക്ക് അകമ്പടി സേവിച്ചു.

സ്ക്കൂട്ടാരിയിലെ ഭടന്മാരുടെ കാര്യമായിരുന്നു ഏറെ കഷ്ടം! ഇരുട്ടിൽ കത്തുന്ന ഒരു ദീപവുമായി വന്ന് തങ്ങളെ ആശ്വസിപ്പിയ്ക്കാറുണ്ടായിരുന്ന ഒരു ദേവത! അവർ ഇന്ന് അവശയാണ്. രോഗിണിയാണ്. അവരെ ഒരു നോക്കു കാണാനും ആശ്വസിപ്പിയ്ക്കാനും സ്ക്കൂട്ടാരിയിലെ ഭടന്മാർ ആശിച്ചു. അവർ ഫ്ളോറൻസിന്റെ മഹത്തായ സേവനങ്ങളെപ്രകീർത്തിച്ചു. അവരെ ശുശ്രൂഷിയ്ക്കുവാൻ കൊതിച്ചു. അവർ ഫ്ളോറസിനു വേണ്ടി പ്രാർത്ഥിച്ചു. തങ്ങളുടെ കണ്ണീർക്കണങ്ങൾ കൊണ്ട്

ആരാധിച്ചു. ഓരോ ദിവസവും ഫ്ളോറൻസിന്റെ രോഗനില യറിയാൻ അവർ ആകാംക്ഷയോടെ ഇരിയ്ക്കും. ഫ്ളോറൻസ് വിപത്തിന്റെ മേഖലയിൽനിന്ന് രക്ഷപ്പെട്ടിരിയ്ക്കുന്നുവെന്ന റിഞ്ഞപ്പോഠം ആ രോഗികഠംക്കുണ്ടായ ആശ്വാസം! അവർ അകമ ഴിഞ്ഞ് സന്തോഷിച്ചു.

## വീരവനിത

നിരന്തരമായ ക്ലേശങ്ങളും ദുരിതങ്ങളും മുമ്പിൽ. പക്ഷേ ദൃഢനിശ്ചയത്തോടെ അവയെല്ലാം തരണം ചെയ്തു. അവ സാനം സർവ്വസുഖങ്ങളും ത്യജിച്ച് യുദ്ധഭൂമിയിൽ വന്നു. പരിക്കുപററിയവരെ ശുശ്രൂഷിച്ചു. സ്വയം മറന്ന് അവർക്കു വേണ്ടി പ്രയത്നിച്ചു. അവസാനം രോഗിണിയായി.

ഇംഗ്ലണ്ടിലെ ജനത ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവ രൊരു വീരവനിതയാണ്. രാഷ്ട്രത്തിന്റെ അരുമസന്താനം! കവികഠം അവരെ വർണ്ണിച്ചു. വീരഗാഥകഠം രചിച്ചു. ചിത്ര കാരന്മാർ ആ രൂപം വരച്ചു. സാഹിത്യകാരന്മാർ അവരുടെ ജീവചരിത്രം എഴുതി. ഇംഗ്ലണ്ട് മുഴുവൻ അവരുടെ കീർത്തി പരന്നു. അവരുടെ ജീവചരിത്രത്തിന്റെ പ്രതികഠം ലക്ഷക്കണ ക്കിന് വിററഴിഞ്ഞു. അതൊരു പുണ്യഗ്രന്ഥമായി ജനങ്ങഠം കരുതി. ഫ്ളോറൻസിന്റെ ചിത്രങ്ങഠം ഗൃഹങ്ങളുടെ ചുമരുകഠം അലങ്കരിച്ചു. ആ വീരഗാഥകഠം ആബാലവൃദ്ധം ജനങ്ങഠം ഉറക്കെ പ്പാടി. ആ ഗാഥകളിൽക്കൂടി പുതിയൊരു ഉണർവ്വും ആത്മവി ശ്വാസവും നേടി. സ്ഥാപനങ്ങഠംക്കും കപ്പലുകഠംക്കും അവരുടെ നാമധേയം നല്കി. കലാപരിപാടികഠം അവരുടെ ജീവിതത്തെ ആസ്പദമാക്കി നാടകങ്ങഠം നടത്തി. പത്രങ്ങഠം അവരെ വാഴ് ത്തി. അവർ ഒരു 'വീരവനിത'യെന്ന് വാഴ്ത്തപ്പെട്ടു. ഫ്ളോ റൻസിന്റെ സേവനമഹത്വത്തെ ജനങ്ങഠം ശരിയ്ക്കും മനസ്സി ലാക്കി.

ബാരക്ക് ആശുപത്രിയിൽനിന്നും തിരിച്ചെത്തിയ ഭടന്മാർ ഫ്ളോറൻസിന്റെ സേവനങ്ങളെപ്പററി നല്കിയ വിവരണങ്ങഠം സർവ്വരെയും കോരിത്തരിപ്പിച്ചു. ഇംഗ്ലണ്ട് മുഴുവൻ ആ മഹതി യുടെ മുമ്പിൽ ശിരസ്സു കുനിച്ചു. ഇംഗ്ലണ്ടിലെ പ്രമുഖ

വ്യക്തികൾ സിഡ്നിഹെർബർട്ടിൻെറ അദ്ധ്യക്ഷതയിൽ കൂടി—ഫ്ളോറൻസിൻെറ മഹത്ത്വങ്ങളെ അങ്ങേയററം പ്രശംസിച്ചു. അവരുടെ സേവനമഹത്ത്വത്തെ മാനിച്ച് ഒരു സമ്മാനം നൽകണമെന്ന് യോഗം തീരുമാനിച്ചു. അതിലേയ്ക്കായുള്ള പണം പിരിച്ച് ഭീമമായ ഒരു തുക നേടി. നൈററിങ്ഗേൽ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ഏർപ്പെടുത്തി. ഗേലിൻെറ ജീവിതത്തിലെ ഏററവും വലിയ ആശയായിരുന്നു ഒരു നഴ്സിങ്ങ് സ്ക്കൂൾ സ്ഥാപിയ്ക്കുകയെന്നത്. അതിനായി ആ പണം വിനിയോഗിയ്ക്കുവാൻ യോഗം അനുമതി നല്കി.

ഫ്ളോറൻസിൻെറ മാതാപിതാക്കളും പാർത്തെയും അതീരററ് സന്തോഷിച്ചു. ഫ്ളോറൻസ് തങ്ങളുടെ അഭിമാനഭാജനമാണെന്ന് അവർ ആവർത്തിച്ചു പറഞ്ഞു. ആ ഫണ്ടിലേയ്ക്ക് അവരും വലിയൊരു സംഭാവന നല്കി. വിക്ടോറിയാരാജ്ഞി ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. അവർ ഫ്ളോറൻസിനെ തൻെറ കൊട്ടാരത്തിലേയ്ക്ക് ക്ഷണിച്ചു.

### സമുദ്ധാരണം

ഒരു രാഷ്ട്രത്തിൽ ഏററവുമധികം ബഹുമാനിയ്ക്കപ്പെടേണ്ടത് അവരാണ്. കാരണം അവർ കാവൽഭടന്മാരാണ്. ദേശാഭിമാനികളാണ്; ധീരന്മാരും ത്യാഗസമ്പന്നരുമാണ്. അവർ മരണത്തെ സ്വാഗതം ചെയ്യുന്നു. നിരാശകൊണ്ടല്ല. വെറുപ്പുകൊണ്ടല്ല. പിന്നെയോ താനടങ്ങുന്ന ഒരു വലിയ ജനസമൂഹത്തിൻെറ നന്മയ്ക്കുവേണ്ടി. ജനിച്ചമണ്ണിൻെറ മാനം കാക്കുവാൻവേണ്ടി. ജന്മഭൂമിയുടെ അരുമസന്താനങ്ങൾ!

രോഗം കഷ്ടിച്ച് ഭേദപ്പെട്ടപ്പോൾ നീണ്ട ഒരു വിശ്രമത്തിനായി സുഹൃത്തുക്കളും ഡാക്ടർമാരും ഫ്ളോറൻസിനോട് നിർദ്ദേശിച്ചു. പ്രത്യുദ്ധാരണ ജോലികൾ ഇനിയുമുള്ളതുകൊണ്ട് തിരിച്ചുപോകുവാൻ അവർ വിസമ്മതം പ്രകടിപ്പിച്ചു. തൽക്കാലം സ്ക്കൂട്ടാരിയിലുള്ള 'നേബിൻ' എന്ന സുഹൃത്തിൻെറ വസതിയിൽ അൽപ്പകാലം വിശ്രമിയ്ക്കാമെന്ന് അവർ തീരുമാനിച്ചു. വിശ്രമസമയത്തും അവർ വെറുതെയിരുന്നില്ല. ധാരാളം എഴുതി. അത്യധികമായ ക്ഷീണം തോന്നുമ്പോൾ എഴുത്തു

നിർത്തും. ധാരാളം ശുദ്ധവായുവും വെളിച്ചവും കിട്ടുന്ന തുറസ്സായസ്ഥലത്ത് ഒരു കസേരയുമിട്ട് ഇരിയ്ക്കും. ചുററുമുള്ളകാഴ്ചകളിൽ മുഴുകും. പിന്നെ ഗാഢമായ ചിന്തകളിൽ ലയിയ്ക്കും. ഭടന്മാരുടെ ജീവിതരീതി ഉയർത്തണം. രാഷ്ട്രത്തിലെ ഒരു പ്രധാനഘടകമായ അവർ എവിടെയും എപ്പോഴും അംഗീകരിയ്ക്കപ്പെടണം. അങ്ങനെ പുതുതായ അന്തസ്സും അഭിമാനവും അവരിൽ വളർത്തണം. സൈനികസേവനം ജനതയെ ആകർഷിയ്ക്കണം. ഈയൊരു പുതിയബോധം അവരെ കൂടുതൽ സ്വരാജ്യസ്നേഹികളും, കർമ്മോന്മുഖരും ആക്കും. തീർച്ചയായും അവരുടെ സമുദ്ധാരണമാണ് തൻെറ അടുത്തലക്ഷ്യം. ഫ്ളോറൻസ് നിശ്ചയിച്ചു.

വിക്ടോറിയാരാജ്ഞിയിൽനിന്നും ബ്രിട്ടീഷ്ജനതയിൽനിന്നും കിട്ടിയ പ്രശംസകഠം അവരുടെ ആത്മശക്തിയെ വർദ്ധിപ്പിച്ചതേയുള്ളൂ. പ്രശംസകളല്ല, സഹകരണവും സഹായവുമാണ് തനിയ്ക്കാവശ്യം. തനിയ്ക്കുതോന്നിയ സേവനസന്നദ്ധത ബ്രിട്ടനിലെ ഓരോ പൗരനും തോന്നിയിരുന്നെങ്കിൽ—എങ്കിൽ ഇംഗ്ലണ്ട് ഒരു സ്വർഗ്ഗരാജ്യമായേനേ. ദുഷ്പ്രഭുത്വം എന്നെന്നേയ്ക്കുമായി നശിച്ചേനേ. പൊള്ളയായ ആചാരങ്ങളിൽനിന്നും ശാശ്വതമായ മോചനം ലഭിച്ചേനേ. സമത്വസുന്ദരമായ ഒരു സമുദായം നിലവിൽ വരുവാൻ ഇതെല്ലാം കൂടിയേ കഴിയൂ. പലപ്പോഴും അവരുടെ ചിന്തകഠം നീണ്ടുപോകും.

ആരോഗ്യം കഷ്ടിച്ച് തിരിച്ചുകിട്ടിയതോടെ അവർ തൻെറ സേവനരംഗത്തേയ്ക്ക് തിരിച്ചു. ഭടന്മാരുടെ ജീവിതരീതികഠം അവർ സുസൂക്ഷ്മം വീക്ഷിച്ചു. അവർക്ക് വളരെ കഷ്ടം തോന്നി. ഒരു ഭടന് ഒരു ദിവസത്തേയ്ക്ക് ശരാശരി ഒരു ഷില്ലിങ്ങായിരുന്നു വേതനം. അതിൽ വലിയൊരംശം മദ്യപാനത്തിനായി നീക്കിവച്ചു. ശേഷിച്ചത് ദുർനടപടികഠക്കായും വിനിയോഗിച്ചു. ഫ്ളോറൻസിന് അവരോട് സഹതാപം തോന്നി. കാരണം ഈ സാധുമനുഷ്യർ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത് വിദ്യാഭ്യാസത്തിൻെറ അഭാവംമൂലമായിരുന്നു. അൽപം അറിവും സംസ്ക്കാരവും അവരിൽ ഉണർത്താൻ ഫ്ളോറൻസ് ശ്രമം തുടങ്ങി.

ആദ്യമായിത്തന്നെ ഭടന്മാർക്കായി ഒരു വായനശാലയാരംഭിച്ചു. അതിന് ആവശ്യമായ ധനം കയ്യിൽനിന്നെടുത്തു. വായി

യ്ക്കാൻ അൽപ്പമെങ്കിലും കഴിവുള്ളവരെ അവിടേയ്ക്ക് ആകർഷിച്ചു. അവർക്ക് വായനയിൽ താൽപര്യമുണ്ടായി. അടുത്തതായി അക്ഷരജ്ഞാനമില്ലാത്ത ഭടന്മാർക്കായി ഒരു നിശാപാഠശാല ഏർപ്പെടുത്തി. പലരും എഴുതാനും വായിയ്ക്കാനും പഠിച്ചു. ഭടന്മാരുടെ വേതനം അവരുടെ ഗൃഹങ്ങളിലെത്തിയ്ക്കുവാൻ വേണ്ട നടപടിയാണ് മൂന്നാമതായി അവർ ഏറ്റെടുത്തത്. മദ്യപാനത്തിൽനിന്നും അവരെ രക്ഷിയ്ക്കുവാൻ തന്മൂലം ഫ്ളോറൻസിന് കഴിഞ്ഞു. ഇതിനുപുറമെ ചുററുപാടുമുണ്ടായിരുന്ന മദ്യഷാപ്പുകൾ നിരോധിയ്ക്കുവാൻ അധികാരികളോട് ആവശ്യപ്പെട്ടു. പകരം അവിടെ ഒരു കാൻറീൻ തുടങ്ങി. അതിൽ അൽപം വിനോദങ്ങൾക്കും ഏർപ്പാടുചെയ്തു.

1856–ൽ ഫ്ളോറൻസ് നൈററിങ്ഗേൽ ഭടന്മാർക്കായി നാല് സ്ക്കൂളുകൾ സ്ഥാപിച്ചു. പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകരെ അവിടെ നിയമിച്ചു. ഭടന്മാരെ സംഗീതം പഠിപ്പിയ്ക്കുവാൻ പ്രത്യേകം ഏർപ്പാടുചെയ്തു. അതൊപ്പം അവസാനമായപ്പോഴേയ്ക്കും ബ്രിട്ടീഷ് പടയാളി അച്ചടക്കവും സംസ്കാരവുമുള്ള ഒരു പുതിയ മനുഷ്യനായിത്തീർന്നു.

ഇതിനകം ഫ്ളോറൻസിൻെറ ഔദ്യോഗികനിലയെ ഗവൺമെൻറ് പൂർണ്ണമായും അംഗീകരിച്ചുകഴിഞ്ഞിരുന്നു. സൈനികആശുപത്രിയിലെ വനിതാ നഴ്സിങ്ങിൻെറ ജനറൽ സൂപ്രണ്ടായിട്ടാണ് ഫ്ളോറൻസ് നിയമിയ്ക്കപ്പെട്ടിട്ടുള്ളത്. വനിതാ നഴ്സുമാരുടെ കാര്യത്തിൽ പ്രധാന ഉത്തരവാദി അവർ മാത്രമായിരിയ്ക്കും. വനിതകളുടെ നഴ്സിങ്ങ് എസ്ററാബ്ലിഷ്മെൻറിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും മുഖ്യ മെഡിക്കൽ ഓഫീസർ നൈററിങ്ഗേലിനെ അറിയിയ്ക്കേണ്ടതാണ്. അങ്ങിനെ ഫ്ളോറൻസിന് നഴ്സിങ്ങ് സ്ഥാപനത്തിൻെറമേലുള്ള നില അതിപ്രേദ്ധ്യമായി അംഗീകരിയ്ക്കപ്പെട്ടു.

1856 ഏപ്രിൽ 29–ന് ക്രിമിയൻ യുദ്ധം അവസാനിച്ചു. ഭടന്മാർ സംഘംസംഘമായി ഇംഗ്ലണ്ടിലേയ്ക്ക് മടങ്ങാൻ തുടങ്ങി. അധികം കഴിയുന്നതിനുമുമ്പ് സ്ക്കൂട്ടാരിയും പരിസരവും വിജനമായി. ഫ്ളോറൻസിൻെറ ജോലി സമാപ്തമായി.

**ഇംഗ്ലണ്ട് അണിഞ്ഞൊരുങ്ങുന്നു.**

ഇംഗ്ലണ്ട് ഒരു വലിയ ആഘോഷത്തിനായി അണിഞ്ഞൊരുങ്ങുകയായിരുന്നു. എങ്ങും നവ്യമായ ഒരു ഉത്സാഹവും ആന

ന്ദവും അലയടിച്ചു. തങ്ങളുടെ അഭിമാനഭാജനമായ ഫ്ളോറൻസ്നൈററിങ്ഗേൽ എന്ന മഹതിയ്ക്ക് ഹാർദ്ദമായ സ്വീകരണം നല്കുന്നതിനായി ഇംഗ്ലീഷ് ജനത വെമ്പൽകൊണ്ടു

സൈനികമായ അകമ്പടികളോടുകൂടി അവരെ സ്ക്കൂട്ടാരിയിൽനിന്നും തിരിച്ചുകൊണ്ടുവരാൻ ഗവണ്മെൻറ് നിശ്ചയിച്ചു. ഇംഗ്ലണ്ടിൽ എത്തുന്ന ദിവസം ഒരു വലിയ സ്വീകരണം നല്കാൻ കമ്മിററികരം രൂപീകൃതമായി. അവരുടെ ആഗമന നിമിഷവും കാത്ത് ജനങ്ങരം അക്ഷമരായി കാത്തുനിന്നു.

ഫ്ളോറൻസ് ഈ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി. 1856 മെയ് 28–ന് അവർ കോൺസ്ററാൻറിനേപ്പിളിൽനിന്നു കപ്പൽ കയറി. വിക്ടോറിയ രാജ്ഞിയുടെ പ്രത്യേകദൂതൻ അവരെ അനുഗമിച്ചു. യാത്രയ്ക്കിടയിൽ ഒരുദിവസം അവർ പാരീസിൽ തങ്ങി. പിറെറദിവസം ഇംഗ്ലണ്ടിലേയ്ക്ക് പുറപ്പെട്ടു. സ്റേറഷനിൽ നിന്ന് ഏകാകിയായി അവർ ലീഹഴ് സ്ററിലേയ്ക്ക് പോയി. മാതാപിതാക്കളും പാർത്ഥെയും ഫ്ളോറൻസിനെ ആലിംഗനം ചെയ്തു സ്വീകരിച്ചു. അന്ന് ആ വീടിന് ഒരു ഉത്സവം തന്നെയായിരുന്നു.

വിശ്രമസമയത്ത് ഫ്ളോറൻസ് മുകളിലെ തുറന്ന വരാന്തയിൽ ചെന്നുനിന്നു. അവരുടെ ഹൃദയം നിറഞ്ഞുതുളുമ്പി. വർഷങ്ങരംക്കുമുമ്പ് തൻെറ നിശ്ശബ്ദമായ വേദനകരംക്ക് സാക്ഷ്യം വഹിച്ച, തൻെറ ഹൃദയമിടിപ്പുകരംക്ക് കൂട്ടുനിന്ന ആ തുറന്ന വരാന്ത—അവരുടെ മനസ്സിലെ വികാരതരംഗങ്ങരം നിർവ്വചിയ്ക്കാൻ കഴിയാത്തതായിരുന്നു.

## പശ്ചാത്തലമൊരുക്കുന്നു

ഇംഗ്ലണ്ടിൽ തിരിച്ചെത്തി അധികം കഴിയുന്നതിനു മുമ്പ് ബ്രിട്ടീഷ് സൈന്യത്തിൻെറ ആരോഗ്യവകുപ്പിൽ അത്യാവശ്യമായ നവീകരണങ്ങരം വരുത്താൻ ഫ്ളോറൻസ് നൈററിങ്ഗേൽ ശ്രമിച്ചു. വിക്ടോറിയാരാജ്ഞി മുഖാന്തരം ഒരു 'റോയൽകമ്മീഷ' നെനിയമിച്ചു. സൈന്യത്തിലെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെപ്പററി അന്വേഷിയ്ക്കാൻ ഏർപ്പാടുചെയ്തു. സിഡ്നിഹെർബർട്ടായിരുന്നു അതിൻെറ ചെയർമാൻ. കമ്മീഷൻെറ റിപ്പോർട്ട് പൂർത്തിയായതോടെ ഗവൺമെൻറിൻെറ സഹാ

യത്തോടെ നിർമ്മാണാത്മകമായ പല നടപടികളും ഫ്ളോറൻസ് ഏറ്റെടുത്തു. ആധുനിക ബ്രിട്ടനിലെ സൈനികഡിപ്പാർട്ടുമെൻറ് പ്രശസ്തമായരീതിയിൽ നടക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കിയത് ഫ്ളോറൻസ് നൈററിങ്ഗേലിൻെറ മേൽപ്പറഞ്ഞ നടപടികളായിരുന്നു.

1859 ആയപ്പോഴേയ്ക്കും ആശുപത്രികളുടെ പൊതുവായുള്ള ഉദ്ധാരണത്തിനായി അവർ ശ്രമിച്ചു. ആശുപത്രികളുടെ നിർമ്മാണത്തെയും നടത്തിപ്പിനെയും കുറിച്ചു 'ആശുപത്രിക്കുറിപ്പുകൾ' എന്ന പേരിൽ ഒരു ലഘുഗ്രന്ഥം അവർ പ്രസിദ്ധപ്പെടുത്തി. ഒരു ശുശ്രൂഷാകേന്ദ്രത്തിൻെറ മൗലികമായ നടത്തിപ്പിനാവശ്യമായ അനവധി നിർദ്ദേശങ്ങൾ അതിൽ അടങ്ങിയിരുന്നു. ഈ ഗ്രന്ഥംഎത്രയും വേഗത്തിൽ അധികൃതരുടെ ശ്രദ്ധയെ ആകർഷിച്ചു നിലവിലുള്ളആശുപത്രിക്കെട്ടിടങ്ങളുടെ നവീകരണത്തിനും, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും വേണ്ടി ഗവൺമെൻറ് ഫ്ളോറൻസ് നൈററിങ്ഗേലിൻെറ സഹായമഭ്യർത്ഥിച്ചു. ആ മഹതിയുടെ നിർദ്ദേശപ്രകാരം പല പുതിയ പ്രവർത്തന പരിപാടികളും ദ്രുതഗതിയിൽ നടന്നു.

വിദേശങ്ങളിൽ നിന്നും അവരുടെ നിർദ്ദേശങ്ങൾ ലഭിയ്ക്കുന്നതിനായി കത്തുകൾ വന്നുകൊണ്ടിരുന്നു. ബർലിൻ, ഹോളണ്ട്, ലിസ്ബൺ തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിൽ ഫ്ളോറൻസിൻെറ 'നിർദ്ദേശപ്രകാരം' ആശുപത്രികൾ നിർമ്മിച്ചു. തെക്കേഇൻഡ്യയിലെ ഒരു വലിയ ശുശ്രൂഷാകേന്ദ്രമായ 'മദ്രാസ് ഗവൺമെൻറ് ജനറൽ ആശുപത്രി'യുടെ നിർമ്മാണത്തിനുള്ള പ്ലാനുകളും നിർദ്ദേശങ്ങളും ഫ്ളോറൻസ് നൈററിങ്ഗേലിൻെറ സഹായത്തോടെയാണ് ആസൂത്രണം ചെയ്തത്.

1860 ജൂൺ 24-ന് ഫ്ളോറൻസ് നൈററിംഗ്ഗേലിൻെറ ആത്മാർത്ഥമായ പരിശ്രമഫലമായി ആധുനികരീതിയിലുള്ള ഒരു നഴ്സിങ്ങ് വിദ്യാലയം ഇംഗ്ലണ്ടിൽ സ്ഥാപിയ്ക്കപ്പെട്ടു. ഓരോ വനിതയ്ക്കും ഒരു വർഷത്തെ പരിശീലനമാണ് അവിടെ നല്കപ്പെട്ടത്. ഒരു നിശ്ചിത തുക സഹായധനമായി നല്കപ്പെട്ടിരുന്നു. അവർക്ക് പ്രത്യേക യൂണിഫോറവും ഏർപ്പെടുത്തിയിരുന്നു. പരിശീലനത്തിനുശേഷം, വിജയികൾക്ക് സർട്ടിഫിക്കററുകൾ നല്കിവന്നു.

1861-ൽ സൂതികർമ്മിണികൾക്കായുള്ള മറെറാരു വിദ്യാലയവും ഫ്ളോറൻസ് സ്ഥാപിച്ചു. ഇന്ന് ലോകത്തിലെങ്ങും ഈ തരം സ്ഥാപനങ്ങൾ നടന്നുവരുന്നു.

ഫ്ളോറൻസ് നൈററിംഗേലിൻെറ സേവനസമ്പ്രദായങ്ങളെല്ലാം നാനാദേശങ്ങളിലും പ്രസിദ്ധമായിത്തീർന്നു. ആരോഗ്യ പരിപാലനം, ശുശ്രൂഷാകേന്ദ്രങ്ങഠം, ശുശ്രൂഷാരീതികഠം തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ അവർ ലോകത്തിന് മാർഗ്ഗദർശിയായിരുന്നു. ജാതി മതഭേദമെന്യേ ജനങ്ങഠം അവരെ ആദരിച്ചു; ആരാധിച്ചു. ലോകമെമ്പാടുമുള്ള വനിതകഠംക്ക് ആശയുടെയും ആവേശത്തിൻെറയും പ്രതീകമായിരുന്നു അവർ.

ഫ്ളോറൻസ് നൈററിങ്ഗേലിൻെറ ആരോഗ്യം നന്നെ ക്ഷയിച്ചുതുടങ്ങി. അവർ വീടുവിട്ടു പുറത്തിറങ്ങാതായി. ക്രമേണ ശയ്യാവലംബിനിയായി. കാലം എത്ര ക്ഷണത്തിലാണ് കടന്നു പോയത്. 93 വർഷങ്ങഠം ഋതുവ്യത്യാസംപോലെ മാറിമറഞ്ഞു. അച്ഛനും അമ്മയും പാർത്തെയും ഓരോരുത്തരായി യാത്രപറഞ്ഞു: ലീഹിഴ്സ്ററ് ഏകാന്തശൂന്യമായി. തൻെറ മരണശയ്യയിൽക്കിടക്കുമ്പോഠം വീണ്ടും ഫ്ളോറൻസ് നൈററിങ്ഗേലിൻെറ ചിന്തകഠം കഴിഞ്ഞകാലങ്ങളിലേയ്ക്ക് പറന്നു. സദാ പ്രസരിപ്പോടെ നടന്ന അമ്മ പകപമതിയായ പിതാവ്. പൂമ്പാററപോലെ പറന്നു കളിച്ചിരുന്ന പാർത്തെ... ഇനി അവരുടെ ഒരൊററ പരാതിവാക്കെങ്കിലും തനിയ്ക്ക് കേഠംക്കാനാകുമോ.... ആ കുഴിഞ്ഞ കണ്ണുകഠം ഈറനണിഞ്ഞു. അവയുടെ തിളക്കം ക്രമേണ മങ്ങി. എല്ലാവർക്കും വെളിച്ചം നൽകിയ ആ കാരുണ്യശാലിനിയുടെ മിഴികഠം നിതാന്തമായ ഇരുട്ടിലേയ്ക്ക് മെല്ലെമെല്ലെ വീഴുകയായിരുന്നു. അവിടെ വെളിച്ചമില്ല. ദിവ്യമായ സംഗീതമില്ല. അവർ യാത്ര തുടങ്ങിയിരുന്നു. ആ നാഡിടിമിപ്പുകഠം താളംതെററി. ആ കയ്യുകഠം വളരെ ശാന്തമായി മാറിൽഅടുക്കിപ്പിടിച്ചിരുന്നു. അവയ്ക്കിടയിൽ മെല്ലെ താഴുകയും ഉയരുകയും ചെയ്യുന്ന കുരിശ്. അത് സ്വർഗ്ഗത്തിലേയ്ക്ക് വഴി കാണിച്ചു. ആ മഹതി സ്വർഗ്ഗയാത്രയാരംഭിച്ചു.

ഊസ്ററ്വെല്ലൊ എന്ന ശ്മശാനം. അവിടെ, പുൽത്തറയിൽ ആ ശവകുടീരം മൂകമായിനിന്നു. അതിൽ ഇങ്ങനെ കുറിച്ചിരുന്നു. (കുറിച്ചിരിക്കുന്നു.)

എഫ്. എൻ
ജനനം: 1820
മരണം: 1910

6788

MUNAVVIRUL ISLAM HIGH SCHOOL
Date
ERNAKULAM

*Printed at: Lima Printers, Thirumala, Tvm.-6*